

INSTITUTION OF ★ TEACHER EDUCATION
TTKM ITE

# “ഞാൻ പരിധിക്ക് പുറത്താണ്”

**TTKM ITE**
2023-24 Magazin


ഞാൻ പരിധിക്ക് പുറത്താണ്

# ഇതളുകൾ വിരിയുമ്പോൾ

INDEX


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ആശംസ | 5 |
| വിദ്യാഭ്യാസത്തിൽ മൾട്ടിഡിസിപ്ലിനറി സമീപനം | 9 |
| സർഗ്ഗാത്മകതയുടെ മരണം അരാഷ്ട്രീയ ജിവിതം | 11 |
| കണ്ണ് തുറക്കുക; എല്ലാ ഇരുട്ടും വെളിച്ചമാകും | 14 |
| മാതൃത്വത്തിന്റെ ഡയറി | 16 |
| വിവേചനം കൊടികുത്തി വാഴുന്ന കാലം | 17 |
| വിടരാൻ കൊതിച്ച പൂമൊട്ടുകൾ | 19 |
| വെള്ളത്തുവൽ | 24 |
| ഞാൻ കറുത്തിട്ടാണ് | 25 |
| മേഡം സ്പീക്കർ.: പാർലമന്റ് അനുഭവം | 26 |
| അനാഥനാവുമ്പോൾ മനുഷ്യനാവുന്നു | 28 |
| Exemplary Teaching is a Responsibility | 29 |
| നിലക്കാത്ത മണിനാദം | 30 |
| കാത്തിരിക്കാനൊരിടം | 32 |
| വൃക്ഷമായവൾ | 33 |
| സ്വപ്നഭൂമി | 34 |
| അവഗണിക്കപ്പെടുന്ന ബാല്യം | 36 |
| Time is the WItness | 39 |
| ഇര | 40 |
| ഹസ്റത്ത് നിസാമുദ്ദീൻ | 41 |
| നിഴൽ | 42 |
| The Face of Hunger | 43 |
| കലയുടെ നിറം | 44 |
| ഗുരു സാക്ഷാൽ പര ബ്രഹ്മ | 45 |
| സഹവാസം സമ്മാനിച്ച "ഹോ"ർമ്മകൾ | 46 |
| ലോകമേ ഒരു നിമിഷം | 48 |
| പരിഗണനയിലേക്കൊരോട്ടം | 49 |
| Paradise of Child | 50 |
| തൂലിക | 51 |
| ടി.ടി ബാരാവുണ്ണി സാഹിബ് ജന മനസ്സുകളിൽ | |
| ജീവിച്ച നേതാവ് | 52 |
| അക്ഷരപ്പൂമരങ്ങൾ | 54 |
| - സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ് | |
| പഠന റിപ്പോർട്ട് | 55 |
| Photo Gallery | 70 |
| കുത്തിവരകൾ | 79 |
| നന്ദി | 80 |

# എഡിറ്റോറിയൽ

ബഷീറിന്റെ വാക്കുകൾ എന്നെന്നും കാതലാണ്. ഭൂമിയുടെ അവകാശികൾക്ക് ഒരിക്കലും അതിരിടാൻ കഴിയില്ല. അകറ്റി നിർത്തലും ബഹിഷ്കരണവുമെല്ലാം നമ്മുടെ സ്വാർത്ഥതാൽപ്പര്യങ്ങളുടെ വകഭേദമായി മാത്രമേ നമുക്ക് കാണാനാവൂ. ആത്മവിശ്വാസമുള്ള ഒരു കുഞ്ഞിളംമനസ്സിനു മുമ്പിൽ അവഗണനകൾക്കൊന്നും യാതൊരു വിധ സ്ഥാനവുമില്ല. ഉയർന്നു പൊങ്ങുന്ന മിസൈലുകൾക്കെതിരെയും അവർ കല്ലുകൾ പെറുക്കിയെറിയും. അവകാശധ്വംസനത്തിന്റെ പ്രതിഫലനങ്ങളാണിവ. സമൂഹത്തിൽ കപടസാമാന്യവൽക്കരണം നടത്തുന്ന പോയത്തക്കാരെന്നും അങ്ങനെ തന്നെയാണ്. സങ്കുചിത മനോഭാവത്തിൽ മറ്റുള്ളവരെ ഉൾക്കൊള്ളാൻ അവർ അശക്തരാകുന്നു. അവിടെ ആർജ്ജിത കഴിവുകൾക്കുപരി മനോഭാവങ്ങൾ അതിർവരമ്പിടുന്നു.

“മാറ്റി നിർത്തലുകളല്ല,
ചേർത്തു നിർത്തലുകളാണ് വേണ്ടത്”. ഓരോ മനസ്സും തൊട്ടറിഞ്ഞുള്ള, പരിഗണയുടെ..., പ്രത്യാശയുടെ,...,ചേർത്തുനിർത്തൽ.

ചീഫ് എഡിറ്റർ





# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| സ്റ്റുഡന്റ് എഡിറ്റർ | : സൽമ |
| ചീഫ് എഡിറ്റർ | : മുഹമ്മദ് സുഹൈൽ |
| സ്റ്റാഫ് എഡിറ്റർ | : ശമീമ ടീച്ചർ |
| സബ് എഡിറ്റർ | : ദിയ ശഹബാസ് |
| അഡ്വൈസറി ബോർഡ് | : ഡോ. പ്രമീള പി.കെ (പ്രിൻസിപ്പാൾ)<br>: നജ്മ ടീച്ചർ |
| ചീഫ് കൺട്രോളർ | : അസീസ് സർ |
| ഹെൽപ്പ് ഡെസ്ക് | : വിജയ്<br>ജിജിൽ<br>സന<br>ജിഷ്ണു<br>ആസിഫ് സർ<br>ശിക ശൈലേഷ് ടീച്ചർ<br>നൗഷാദ് സർ |

# ആശംസകൾ



**ഇർഫാൻ പി.കെ**
TTKM ITE മാനേജർ

TTKMITE വിദ്യാർത്ഥികൾ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞു വളരെയധികം സന്തോഷിക്കുന്നു. ഒരു വിദ്യാലയത്തെ സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിൽ പ്രധാനപങ്ക് വഹിക്കുന്ന സർഗാത്മക പ്രവർത്തനമാണ് മാഗസിൻ എന്നത്. ടി ടി കെ എം ഐ ടി ഇ വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



**ഡോ. പ്രമീള കെ**
TTKM ITE പ്രിൻസിപ്പാൾ

ആരോ ആർക്കിടയിലോ വെച്ച പരിധിയുടെ വേലിക്കെട്ടുകൾ,
പരിമിതിയുടെ അതിരുകൾ!
പുറത്തു നിർത്തിയവരിലേയ്ക്കു പായുന്ന നോട്ടം തന്നെ നേർത്തതാകും,
മുനയൊടിഞ്ഞതാകും. ഇന്നാലിവിടെയിതാ ഇന്നിന്റെ ഹൃദയമിടിപ്പു
പോലും ഒപ്പാൻ നടത്തിയ ശ്രമത്തിൽ പുതു തലമുറയുടെ പുറംനോട്ടത്തിന്
നല്ല മൂർച്ചയുണ്ട്, ആഴം അതിലേറെയുണ്ട്!!

ചുറ്റുവട്ടമനുഷ്യരുടെ ചോരവാരുന്ന മുറിവുകളും കണ്ണീരൊഴുകുന്ന കവിളുകളും
കൺമിഴിച്ച് നോക്കിയിട്ടുണ്ട് ഇവിടെ.
അതിന്റെ അക്ഷരപ്പൊള്ളലാണ് ഇതിലെ ലേഖനങ്ങളും കഥകളും
കവിതകളും..
സുരക്ഷിതരെ വാരിച്ചുറ്റി വാതിലടച്ചു സാക്ഷയിടാനല്ല, അരക്ഷിതരുടെ
മുറിവുകളിൽ മരുന്നുപുരട്ടാനാണ്
വിദ്യയുറച്ച കൈകൾ മുഷ്ടിചുരുട്ടേണ്ടതെന്ന സന്ദേശം ആണിയടിക്കുന്ന
അക്ഷരക്കൂട്ടാണിത്.

പ്രതീക്ഷകൾ,
പ്രിയപ്പെട്ടവരേ..



**അബ്ദുൾ അസീസ് പി**
TTKM ITE വൈസ് പ്രിൻസിപ്പാൾ

ടി ടി കെ എം വിദ്യാർത്ഥികൾ "ഞാൻ പരിധിക്ക് പുറത്താണ്" എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വലിയ സന്തോഷം തോന്നുന്നു. നാടിന്റെയും വിദ്യാലയത്തിന്റെയും ഓർമ്മകളും കുട്ടികളുടെ വിവിധ സൃഷ്ടികളും കോർത്തിണക്കി തയ്യാറാക്കുന്ന മാഗസിൻ ടി ടി കെ എം നെ സംബന്ധിച്ച് വലിയ മുതൽക്കൂട്ടാകും. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്ന ഒരായിരം ആശംസകൾ നേരുന്നു



**നിർണ്ണയ**
**(മാത്സ് ടീച്ചർ)**

മനുഷ്യൻ എത്ര പ്രധാനമാണോ അത്രതന്നെ പ്രധാനമാണ് അവന്റെ ഭാവനയും. അതുകൊണ്ട് തന്നെ മനുഷ്യൻ പിറവിയെടുത്ത കാലം മുതൽക്കേ സർഗ്ഗാത്മകതയും നിലനിൽക്കുന്നുണ്ട്. നല്ല ചിന്തകളാണ് സമൂഹത്തെ മുന്നോട്ട് നയിക്കുന്നത്. ചിന്തകൾ എഴുത്തിലേക്ക് പുനരാവിഷ്ക്കരിക്കുമ്പോൾ അത് സമൂഹത്തിനു നേരെയുള്ള കണ്ണാടിയാകുന്നു. കണ്ടും കേട്ടും അനുഭവിച്ച നിങ്ങളറിഞ്ഞതെല്ലാം എഴുത്തുകളാക്കുക. ഓരോ വ്യക്തികളുടെയും ഭാവനകൾ വ്യത്യസ്തമായിരിക്കും ആ സർഗ്ഗത്മകതയെ ഏകോപിപ്പിക്കാൻ ഈ മാഗസിന് സാധിക്കട്ടെ. അനീതിക്കും അസമത്വത്തിനും എതിരെ സ്നേഹത്തിന്റെ വിജയഗാഥ രചിക്കാൻ നിങ്ങളുടെ തൂലികയ്ക്കാവട്ടെ..... ആശംസകൾ..



**നജ്മ**

SRG CONVENER

My dear students and colleagues for all those who are stepping into the world of teaching let this magazine and its creation be an asset. Whenever thoughts and emotions come out through writing the words will have more intensity and strength. That is the beauty of writing.

All your creation that come out through this magazine shows your creativity skills.

In poem and stories we can see the contemporary issues being handled..

I wish you all the best for your magazine to be a huge success.



**ഷമീമ**

**(മലയാളം ടീച്ചർ)**

പ്രിയപ്പെട്ടവരെ,
തന്റെ വികാരങ്ങളും അനുഭവങ്ങളും തൂലികയിലൂടെ പുറത്തെത്തുമ്പോൾ അതിന് തീവ്രതയും കാഠിന്യവും കൂടും. അതാണല്ലോ ഓരോ എഴുത്തുകാരന്റെയും വിജയം. ഇതിലൂടെ നമ്മുടെ വായന ഉൾക്കൊള്ളേണ്ടതും അതാണ്. കഥകളിലും കവിതകളിലും ചിത്രങ്ങളിലും സമകാലിക സാമൂഹ്യ പ്രശ്നങ്ങൾ പ്രതിഫലിക്കുന്നതായും കാണാം. നിങ്ങളുടെ ഈ സംരംഭം വൻ വിജയമായി തീരട്ടെ...
എല്ലാവിധ ആശംസകളും..



**ശിക ശൈലേഷ്**

**(സയൻസ് ടീച്ചർ)**

ഓരോ ദിവസവും ഓരോ അനുഭവങ്ങളാണ്, നിങ്ങളുടെ അധ്യാപന ജീവിതത്തിലെ ഓരോ ദിവസവും നിങ്ങൾക്ക് എന്നെന്നും ഓർത്തിരിക്കാൻ ഉള്ള നല്ല അനുഭവങ്ങളും ഓർമ്മകളും സമ്മാനിക്കട്ടെ എന്ന് ആശംസിക്കുന്നു.



**ആസിഫ്**
**(പി.ടി സാർ)**

അറിവിനും അനുഭവത്തിനും ആയുധങ്ങളെക്കാൾ മൂർച്ചയുണ്ട്. ചിലതങ്ങനെയാണ്, ഒടുങ്ങിയെന്ന് തോന്നുമെങ്കിലും ജ്വലിച്ചു കൊണ്ടേയിരിക്കും. അക്ഷരവും തൂലികയും പോലെ. ആകുലതകൾ നിറഞ്ഞു നിൽക്കുന്ന ഇക്കാലത്ത് നിങ്ങളുടെ വാക്കുകളും തൂലികയും നല്ല നാളുകൾക്കായ് കലഹിച്ചു കൊണ്ടേയിരിക്കട്ടെ, ആശംസകളോടെ......



**നൗഷാദ് ഇ. കെ**
**(സൈക്കോളജി സർ)**

24-2023 അധ്യയന വർഷത്തിൽ ക്രിയാത്മകമായ നിരവധി പ്രവർത്തനങ്ങൾക്ക് നമ്മുടെ കൂട്ടായ്മ നേതൃത്വം നൽകിട്ടുണ്ട്. അക്ഷരപ്പച്ചപ്പിൽ അതിജീവനത്തിന്റെ പുതിയ പാഥേയങ്ങളൊരുക്കി ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ അഗ്നിപ്പെരുക്കങ്ങളിൽ സക്രിയയുടെ സർഗപ്പെയ്ത്തുകൾ തീർത്ത്, അങ്ങനെ അക്ഷരവെളിച്ചത്തിന്റെ വലിയ അടയാളപ്പെടുത്തലുകളാകാൻ ഒരുക്കുന്ന ഈ കലാലയ മാഗസിന് "ഞാൻ പരിധിക്ക് പുറത്താണ്" കഴിയട്ടെ.......

സർവ്വഭാവുകങ്ങളും നേരുന്നു.



**സിദ്ധീഖ്**
**(ക്ലർക്ക്)**

ഹൃദയഹാരിയായ ചിത്രങ്ങളാലും രചനകളാലും തങ്ങളുടെ കഴിവുതെളിയിച്ച ടി ടി കെ എമ്മിന്റെ അഭിമാനപാത്രങ്ങളായ പ്രിയ അദ്ധ്യാപക വിദ്യാർത്ഥികൾക്ക് ആശംസകൾ.നവോന്മേഷത്തോടെ പുത്തൻ ആശയങ്ങളെ ആസ്വാദക ഹൃദയങ്ങളിലേക്ക് പകർത്താൻ "ഞാൻ പരിധിക്ക് പുറത്താണ്" എന്ന മാഗസിനിലൂടെ നിങ്ങൾക്ക് കഴിയട്ടെ. നവ മാധ്യമങ്ങൾ പലപ്പോഴും സമൂഹത്തെ കലുഷിതമാക്കുന്ന ഈ സാഹചര്യത്തിൽ നിങ്ങളുടെ ഈ ചുവട്‌വെപ്പ് പുതിയ അദ്ധ്യായം തുറക്കട്ടെ. ഇതിനുപുറകിൽ പ്രവർത്തിച്ച എല്ലാവർക്കും ഒരായിരം നന്ദി. ഹൃദയം നിറഞ്ഞ ആശംസകൾ...



കാത്തിരിപ്പിന് വിട നൽകി പൊന്നു മോൻ യാത്രയായി...
ഓർമ്മക്ക് മുമ്പിൽ കണ്ണീർ പ്രണാമം.

# വിദ്യാഭ്യാസത്തിൽ മൾട്ടിഡിസിപ്ലിനറി സമീപനം

ഡോ പ്രമീള പി കെ
(പ്രിൻസിപ്പാൾ TTKM ITE)



**ഹിസ്സാൻ എന്റെ ഹിസ്സാൻ**

ഓട്ടിസം സ്പെക്ട്രം ഡിസോർഡർ അവസ്ഥയിലാണ് പത്തു വയസുള്ള ഹിസ്സാൻ. ആ കുഞ്ഞിന്റെ ലോകം അവന്റെ അമ്മയാണ്. അവനെ പരിചരിക്കുന്നതും എല്ലാ ദൈനദിന കാര്യങ്ങളും അവനു ചെയ്തു കൊടുക്കുന്നതും ഹിസ്സാന്റെ അമ്മയാണ്. സ്വന്തമായി ഭക്ഷണം ചവച്ചരച്ച്  കഴിക്കാനോ, പേസ്റ്റ് രൂപത്തിൽ ആക്കി സ്പൂൺ ഉപയോഗിച്ച് കോരി കൊടുത്താൽ കഴിക്കാനോ സാധിക്കില്ല. അമ്മ തന്നെ ഭക്ഷണം ചവച്ചരച്ച്  ഹിസ്സാന്റെ വായിലോട്ടു പകർന്നു നൽകുകയാണ് പതിവ്. അങ്ങനെ എല്ലാ കാര്യങ്ങൾക്കും ഹിസ്സാനു ഏക ആശ്രയമായിരുന്ന അവന്റെ അമ്മ ഇന്നലെ മരണമടഞ്ഞു. 24 മണിക്കൂർ ആയി, കുഞ്ഞ് ഹിസ്സാൻ ഈ നേരം വരെ ഒന്നും കഴിച്ചിട്ടില്ല. ഹിസാൻ അമ്മയെ അന്വേഷിച്ച് പേടിപ്പെടുത്തുന്ന രീതിയിൽ ശബ്ദങ്ങൾ ഉണ്ടാക്കുന്നു. കണ്ടു നിൽക്കുന്നവർക്ക് എന്ത് ചെയ്യണമെന്ന് അറിയില്ല.ഹിസ്സാന്റെ ടീച്ചർ ആകെ പ്രയാസത്തിലാണ്. ഹിസ്സാന്റെ ജീവൻ എങ്ങനെ നിലനിർത്താൻ കഴിയും, സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ അവനെ എങ്ങനെ ശീലിപ്പിക്കണം.

ഹിസാനെപോലെ ഒന്നിലേറെ വികാസമേഖലകളിൽ  ദുരിതങ്ങൾ അനുഭവിക്കുന്ന കുട്ടികൾ, ഇവർക്ക് ഒട്ടാകെ ആശ്വാസമാണ് മൾട്ടിഡിസിപ്ലിനറി സമീപനം. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവന്ന്, പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഒരു സമഗ്രമായ മാർഗമാണ് ഇത്. സാധാരണയായി ഒരു മൾട്ടിഡിസിപ്ലിനറി ടീം രൂപീകരിച്ചാണ് ചെയ്യുന്നത്.

ടീം ആരെല്ലാം?

സ്പെഷ്യൽ അദ്ധ്യാപകർ,
സ്കൂൾ മനഃശാസ്ത്രജ്ഞർ,
സ്പീച്ച്-ലാംഗ്വേജ് തെറാപ്പിസ്റ്റുകൾ
ഓക്യുപേഷണൽ തെറാപ്പിസ്റ്റുകൾ
ഫിസിക്കൽ തെറാപ്പിസ്റ്റുകൾ:
ഡോക്ടർമാർ
നഴ്സുമാർ
സോഷ്യൽ വർക്കർമാർ
വിദ്യാർത്ഥിയുടെ വികസനത്തിന്റെ എല്ലാ

> വിവിധ വിദഗ്ധരും – അധ്യാപകർ, തെറാപ്പിസ്റ്റുകൾ, കൗൺസിലർമാർ, സാമൂഹിക പ്രവർത്തകർ, മാതാപിതാക്കൾ തുടങ്ങിയവർ – ഒരുമിച്ച് പ്രവർത്തിക്കുകയും വിദ്യാർത്ഥിക്ക് ഏറ്റവും മികച്ച പിന്തുണ നൽകുന്നതിനായി ഒരു പൊതുവായ പദ്ധതി വികസിപ്പിക്കുകയും ചെയ്യുന്നു.

വശങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു സമീപനമാണിത്.
വിവിധ വിദഗ്ധരും - അധ്യാപകർ, തെറാപ്പിസ്റ്റുകൾ, കൗൺസിലർമാർ, സാമൂഹിക പ്രവർത്തകർ, മാതാപിതാക്കൾ തുടങ്ങിയവർ - ഒരുമിച്ച് പ്രവർത്തിക്കുകയും വിദ്യാർത്ഥിക്ക് ഏറ്റവും മികച്ച പിന്തുണ നൽകുന്നതിനായി ഒരു പൊതുവായ പദ്ധതി വികസിപ്പിക്കുകയും ചെയ്യുന്നു. .ഈ സമീപനം വിദ്യാർത്ഥിക്ക് സമഗ്രവും ഏകോപിതവുമായ പിന്തുണ നൽകാൻ സഹായിക്കുന്നു.
മൾട്ടിഡിസിപ്ലിനറി സമീപനത്തിന്റെ ഗുണങ്ങൾ;
കൂടുതൽ സമഗ്രമായ ധാരണ: വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരുടെ സംഭാവനകൾ കുട്ടിയുടെ ആവശ്യങ്ങൾ കൂടുതൽ സമഗ്രമായി മനസ്സിലാക്കാൻ സഹായിക്കുന്നു. ഓരോ വിദഗ്ധനും കുട്ടിയുടെ വികസനത്തിന്റെ വ്യത്യസ്ത വശങ്ങളെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകാൻ കഴിയും, ഇത് ഒരു സമഗ്രമായ ചിത്രം രൂപപ്പെടുത്താൻ സഹായിക്കും.
കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ: ഓരോ വിദഗ്ധനും അവരുടെ പ്രത്യേക മേഖലയിലെ അറിവും വൈദഗ്ധ്യവും ഉപയോഗിച്ച് കുട്ടിക്ക് കൂടുതൽ ലക്ഷ്യബോധമുള്ള ഇടപെടലുകൾ നൽകാൻ കഴിയും.
ഇത് കുട്ടിയുടെ പഠനത്തിലും വികാസത്തിലും കാര്യമായ പുരോഗതിക്ക് കാരണമാകും.
കുടുംബങ്ങൾക്ക് കൂടുതൽ പിന്തുണ: മൾട്ടിഡിസിപ്ലിനറി ടീം കുടുംബങ്ങൾക്ക് അവരുടെ കുട്ടിയെ പിന്തുണയ്ക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിപുലമായ വിഭവങ്ങളും വിവരങ്ങളും നൽകാൻ കഴിയും.
ഇത് കുടുംബങ്ങൾക്ക് കൂടുതൽ അറിവുള്ളവരും ശക്തരുമായി തോന്നാൻ സഹായിക്കും.
വിദ്യാലയ ജീവനക്കാർക്കിടയിൽ മെച്ചപ്പെട്ട സഹകരണം: മൾട്ടിഡിസിപ്ലിനറി ടീമിൽ ഒരുമിച്ച് പ്രവർത്തിക്കുന്നത് വിദ്യാലയ ജീവനക്കാർക്കിടയിൽ മെച്ചപ്പെട്ട ആശയവിനിമയവും സഹകരണവും വളർത്തിയെടുക്കാൻ സഹായിക്കും. ഇത് കുട്ടിക്ക് കൂടുതൽ സുഗമവും ഫലപ്രദവുമായ വിദ്യാഭ്യാസ അനുഭവം ഉറപ്പാക്കാൻ സഹായിക്കും.
കൂടുതൽ ഫലപ്രദമായ വിഭവ വിനിയോഗം: മൾട്ടിഡിസിപ്ലിനറി സമീപനം വിഭവങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സഹായിക്കും. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ ഒരുമിച്ച് പ്രവർത്തിക്കുന്നതിലൂടെ, കുട്ടിക്ക് ആവശ്യമായ സേവനങ്ങൾ ഏറ്റവും കാര്യക്ഷമമായ രീതിയിൽ നൽകാൻ കഴിയും.
കൂടുതൽ ഉൾക്കൊള്ളുന്ന വിദ്യാലയ സംസ്കാരം: മൾട്ടിഡിസിപ്ലിനറി സമീപനം എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന ഒരു വിദ്യാലയ സംസ്കാരം പ്രോത്സാഹിപ്പിക്കാൻ സഹായിക്കും
മൾട്ടിഡിസിപ്ലിനറി ടീം കുട്ടിയെ വിലയിരുത്തുകയും അവരുടെ വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് ഒരു വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി (IEP) വികസിപ്പിക്കുകയും ചെയ്യുന്നു. IEP ൽ കുട്ടിക്ക് നൽകേണ്ട വിദ്യാഭ്യാസ സേവനങ്ങളുടെയും പിന്തുണയുടെയും ഒരു വിശദമായ പദ്ധതി ഉൾപ്പെടുന്നു
എല്ലാ വിദ്യാർത്ഥികളും, അവരുടെ കഴിവുകൾ എന്തുതന്നെയായാലും, പൊതുവിദ്യാഭ്യാസ സംവിധാനത്തിൽ ഉൾക്കൊള്ളുന്നതിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.




# സർഗ്ഗാത്മകതയുടെ മരണം അരാഷ്ട്രീയ ജീവിതം

നൗഷാദ്. ഇ. കെ
(ടീച്ചർ എഡ്യുക്കേറ്റർ)

ഗോത്രഭരണത്തിന്റെ കാമ്പസ് കാലം.

ആയിരം അടിക്ക മുകളിൽ വിമാനത്തിൽ വച്ച് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടവർ ചേർന്ന് രൂപീകരിച്ച ക്ലബ്ബിനെ കുറിച്ച് ഗബ്രിയേൽ ഗർസ്യാ മാർക്കേസ് തന്റെ ഭയം, പ്രേമം, സംഗീതം എന്ന പുസ്തകത്തിൽ രസകരമായി എഴുതിയിട്ടുണ്ട്. എഴുപതുകളിൽ തന്നെ യൂറോപ്പിലും അമേരിക്കയിലും ശക്തിയുറപ്പിച്ച രാഷ്ട്രീയ സംഘടനാ പ്രേമം ആധുനികകാലത്ത് പതിൻ മടങ്ങു വർദ്ധിച്ചിരിക്കുന്നു. നൂറ്റി ഇരുപത് കിലോക്ക് മുകളിൽ തൂക്കമുള്ളവരുടെ സംഘടന, അഞ്ച് കിലോ കേക്ക് ഒറ്റക്ക് തിന്നുന്നവരുടെ കൂട്ടായ്മ, എഴുതാൻ അറയ്ക്കുന്ന രീതിയിൽ വിവിധ ലൈംഗിക പരീക്ഷണങ്ങൾ നടത്തി വിജയിച്ചവർക്കുള്ള ക്ലബ്ബുകൾ! ഉച്ചക്കിറുക്കെന്ന് നമുക്ക തോന്നുന്ന ഇത്തരം സംഘടനകൾക്കൊക്കെ മാസാന്ത്യ യോഗവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫണ്ട് സമാഹരണവും മാത്രമല്ല, തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ വരെയുണ്ട്.

തടിയന്മാരെ കൊണ്ടും തീറ്റ ക്ലബ്ബുകൾ കൊണ്ടും ആർക്കും ഉപദ്രവം ഒന്നുമില്ലെന്ന് കൂട്ടാം. എന്നാൽ, വംശീയ വിഷം പടർത്തുന്ന ഭ്രാന്തൻ സംഘടനകളുടെ കാര്യമോ? നവ നാസി-ഫാസിസ്റ്റ് സംഘടനകൾ തലപൊക്കുന്നത് റിപ്പോർട്ടുകൾ ജർമ്മനിക്കും ഇറ്റലിക്കും പുതുമ ഇല്ലാതായിരിക്കുന്നു.

യുവാക്കളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന അക്രമാസക്തി അമേരിക്കയിലും യൂറോപ്പിലും പ്രത്യേക ഗവേഷണ വിഷയമാണിപ്പോൾ. എന്തിനും ഏതിനും വിദേശിയെ അനുകരിക്കുന്ന, സായിപ്പ് ഇന്നലെ ചെയ്ത അബദ്ധത്തെ നാളത്തെ ആചാരമാക്കുന്ന നമുക്കുള്ള വിപൽ സൂചനകൾ കൂടിയാണവ. രാഷ്ട്രീയം ഊർദ്ധ്വൻ വലിക്കുന്ന കലാലയങ്ങളിൽ അക്രമാസക്തമായ അരാഷ്ട്രീയതയും പുതുതലമുറയെ കുറ്റകൃത്യങ്ങളും അവനവനിസവും പുതിയ മാനസിക സംക്രമിക രോഗങ്ങൾക്ക് വിത്തെറിയുകയാണ്.

**ഗോത്രങ്ങൾ പിറക്കുന്നു**

ബ്ലാക്ക് ഷർട്ട്സ്( കരിങ്കുപ്പായക്കാർ) ക്യാമ്പസുകളിൽ തിരിച്ചുവരുന്നു എന്ന വാർത്ത കേട്ടാൽ ജർമ്മനിയും ഞെട്ടും. സാക്ഷാൽ

അഡോൾഫ് ഹിറ്റ്ലറുടെ പീഡന സേനയുടെ അതേ പേരുമായി പ്രവർത്തിക്കുന്ന ഒരു കച്ചറ സംഘടന മലബാറിലെ എൻജിനീയറിങ് കോളേജിലും ഉണ്ട്. പേര് യാദൃശ്ചികമായി കിട്ടിയതാണെങ്കിലും ഫാസിസ്റ്റ് സ്വഭാവം തന്നെയാണ് ഇവരുടെയും ബീജഗുണം. എഞ്ചിനീയറിങ് കോളേജുകളിലെ ഫെസ്റ്റിവലുകളും സെമിനാറുകളും വർക്ക് ഷോപ്പുകളിലും ഒക്കെ ആചാരം പോലെ തല്ലുണ്ടാകുന്നതിനു പിന്നിൽ കരിങ്കുപ്പായക്കാരുടെ പങ്ക് ചെറുതല്ല. നാസികളെ പോലെ ഏതെങ്കിലും മത വിഭാഗത്തിനെതിരെ പ്രതിഷേധം. തങ്ങളുടെ ആധിപത്യം അംഗീകരിക്കാത്തവരെയൊക്കെ ശരിയാക്കുകയാണ് ഇവരുടെ പണി. തല്ലുകളുടെ അടിസ്ഥാനം പ്രശ്നം മിക്കവാറും നാരീവിഷയമാകും. കരിങ്കുപ്പായക്കാരിൽ ഒരുത്തൻ നോട്ടമിട്ട പെൺകുട്ടിയെ മറ്റൊരുത്തൻ വളക്കുന്നതാണ് ഇവിടുത്തെ സുപ്രധാന താത്ത്വിക പ്രശ്നം.

ഹോസ്റ്റലുകൾ ആണ് ഇത്തരം സംഘടനകളുടെ വിഹാര കേന്ദ്രം. പുതിയ ബാച്ചുകുട്ടികൾ വന്നാൽ മൂന്നുനാലു മാസത്തേക്ക് കരിങ്കുപ്പായക്കാരുടെ എല്ലാ ചെലവും അവർ വഹിക്കുന്നു. നേതാവിനെ എവിടെവെച്ച് കണ്ടാലും പരിസരം നോക്കാതെ സല്യൂട്ട് അടിക്കണം. മാനാഞ്ചിറയിലും ബീച്ചിലുമൊക്കെ ഒരുത്തനെ ഒരുകൂട്ടം വിദ്യാർത്ഥികൾ അറ്റൻഷൻ ആയി നിന്ന് സല്യൂട്ട് അടിക്കുന്നത് കണ്ട് വലിയ ഏതോ സുരക്ഷ ഉദ്യോഗസ്ഥൻ ആണെന്ന് കരുതി ജനം കിടുങ്ങുകയാണ്. ഡെയ്ഞ്ചർ ബോയ്സ്, ഡെവിൾ ബോയ്സ്,

> തീക്ഷ്ണമായ രാഷ്ട്രീയ സമരങ്ങളിലൂടെ കടന്നുപോയ ഒരു തലമുറയ്ക്ക് ആനന്ദം ഉല്പാദിപ്പിക്കാനുള്ള ഫാക്ടറികളെ തേടി പോകേണ്ടി വന്നിട്ടില്ല.

തുടങ്ങിയ സംഘടനകൾ ആണ് മെഡിക്കൽ കോളേജ് അടക്കമുള്ള പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ഇപ്പോൾ ഏറെ ശല്യമുണ്ടാക്കിയിരിക്കുന്നത്.

**അരാഷ്ട്രീയത പെരുകുന്നു**

മധ്യവർഗ്ഗം മലയാളി യുവാക്കളിൽ ഒരു വിഭാഗത്തിന്റെ മനസ്സ് കരിയറിസത്തിനായി പാകപ്പെട്ടു കഴിഞ്ഞു. ഇതിന്റെ പ്രതിഫലനമാണ് ആരവങ്ങൾ ഇല്ലാത്ത ക്യാമ്പസിലും കാണുന്നത്. പുറമെ, ചിലപ്പോൾ എങ്കിലും വലിയ ബഹളങ്ങൾ കേൾക്കാമെങ്കിലും പത്തുവർഷം മുമ്പുള്ള അഞ്ചിൽ ഒന്ന് സ്വാധീനം പോലും ഇപ്പോൾ ക്യാമ്പസിൽ രാഷ്ട്രീയത്തിനില്ല. ഇലക്ഷൻ സമയത്ത് ആകെ പോളിങ് നാൽപതു ശതമാനത്തിന് താഴെ. ബാക്കിയുള്ള അറുപതു ശതമാനം, തിരുവനന്തപുരത്തെ ഉദ്യോഗസ്ഥവൃന്ദം പോളിങ് ദിനത്തിൽ ചെയ്യാറുള്ളതുപോലെ കന്യാകുമാരിയിലും മറ്റും പോയി അവധി ആഘോഷിക്കുന്നു. ലിങ്ദോ കമ്മിറ്റി നിർദ്ദേശങ്ങളും അറ്റൻഡൻസ് നിബന്ധനയും വന്നതോടെ വിദ്യാർഥി രാഷ്ട്രീയത്തിന്റെ ചൂടും ചൂരും പോയ്പ്പോയെന്ന് നേതാക്കൾ തന്നെ സമ്മതിക്കുന്നു. നല്ല ഡോക്ടർമാരും എഞ്ചിനീയർമാരും ഐടി പ്രൊഫഷണൽസുമൊക്കെ ഉണ്ടാകുന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് നല്ല പൊതുജന പ്രവർത്തകരും രൂപപ്പെട്ടുവരിക എന്നത് ആരും കാണുന്നില്ല.

പത്തുവർഷം മുമ്പ് വരെ തലശ്ശേരി ബ്രണ്ണൻ കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും എസ്. എഫ്.ഐയുടെ ജനറൽ ബോഡി വിളിച്ചു കൂട്ടിയാൽ ക്ലാസിലിരിക്കാൻ ആളില്ലാത്ത അവസ്ഥയായിരുന്നു. ആ ശക്തിയുടെ നാലിലൊന്ന് ഇന്ന് വിദ്യാർത്ഥികൾക്ക് ഇടയിൽ എസ്.എഫ്.ഐക്കില്ലാതായിരിക്കുന്നു. രൂക്ഷമായ സി. പി. എം വിഭാഗീയതയും സംഘടനയെ തളർത്തിക്കളഞ്ഞു. കലാലയങ്ങളിൽ നിന്ന് ആശയപരമായി തുടച്ചുനീക്കപ്പെട്ട അവസ്ഥയാണ് കെ.എസ്. യുവിന്. ഉള്ളത് തന്നെ ഗ്രൂപ്പുകളിയും തമ്മിൽ തല്ലും. ഭരണവിരുദ്ധ തരംഗം താഴേക്ക് എത്തുമ്പോൾ മാത്രമാണ് കെ. എസ്. യുവിന് ജയങ്ങൾ ഉണ്ടാകുന്നത്. അതും എസ്. എഫ്.ഐവിരുദ്ധർ ഒരുമിച്ച് നിൽക്കുമ്പോൾ

“

**കവിയരങ്ങുകളും സാംസ്കാരിക സംഭവങ്ങളും ചൂടൻ സംവാദങ്ങളും നാടക പരീക്ഷണങ്ങളും ധന്യമാക്കിയ കലാലയങ്ങളിൽ ഗെയിംഷോകളും കുക്കറി ഷോകളും സംഗീത സല്ലാപങ്ങളും കച്ചവടം സിനിമയുടെ പ്രമോഷനുകളുമാണ് നിറയുന്നത് എന്നത് നമുക്ക് വെറുതെ വിലപിക്കാ മെന്നുമാത്രം.**

മാത്രം. കൊട്ടക്കണക്കിന് ചേർക്കുന്ന മെമ്പർഷിപ്പ് രസീത്കുറ്റിയുടെ എണ്ണത്തിലല്ല,കുട്ടികൾക്കിടയിലെ സ്വാധീനശക്തി കണക്കിലെടുത്താൽ മറ്റു വിദ്യാർഥി സംഘടനകളുടെയും ഗതി ഇതുതന്നെയാണ്.

ഇവിടെയാണ് പുതിയ അക്രമാസക്ത ഗോത്രങ്ങൾക്കുള്ള നിലപാടുതറയൊരുങ്ങുന്നത്. രാഷ്ട്രീയത്തോട് എത്ര വിദ്വേഷമുള്ളവരും ക്യാമ്പസിനെ സർഗ്ഗാത്മകമാക്കിയതിൽ അവർക്കുള്ള പങ്ക് വിസ്മരിക്കില്ല. രാഷ്ട്രീയ സംഘടനകൾക്ക് ആരോപിക്കപ്പെട്ട എല്ലാ ദോഷങ്ങളും ഉണ്ട്. എന്നാൽ അവർക്കുള്ള ഒരു ഗുണവുമൊട്ടില്ലാതാനും. ബർണാഡ്ഷാ ഫലിതം പോലെ ഒരു ദുർഭഗ സന്തതിയായി അരാഷ്ട്രീയ പറ്റങ്ങൾ കാലത്തെ നോക്കി ചിരിക്കുകയാണ്.

കേരളത്തിലെ ക്യാമ്പസുകൾക്ക് ഏറ്റവും അപമാനകരമായ ലൗ ജിഹാദ് പോലൊരു പദപ്രയോഗം കോടതിയുടെ ഭാഗത്തുനിന്ന് പോലും ഉണ്ടായിട്ടും ക്യാമ്പസുകളിൽ എന്തെങ്കിലും സംഭവിച്ചോ? മുമ്പായിരുന്നെങ്കിൽ രോഷം തിളച്ചു മറിയുന്ന എത്രയെത്ര പ്രതിഷേധങ്ങളുടെ സുനാമി തന്നെ ഉണ്ടാകുമായിരുന്നു. പ്രണയത്തിന്റെ അസ്തിത്വത്തെ മാത്രമല്ല യുവതിയുടെ ആത്മാർത്ഥതയെ തന്നെ ചോദ്യം ചെയ്തിട്ടും പ്രതിഷേധം രണ്ടുവരി പ്രസ്താവനയിൽ ഒതുങ്ങി. എല്ലാവരും സ്വന്തം സമുദായക്കാരെ തന്നെ പ്രണയിക്കുന്ന അറേഞ്ച്ഡ് ലൗവിന്റെ കാലത്ത് ഇതിലും ഇതിലപ്പുറവും ഉണ്ടാകുമെന്ന് ഉറപ്പ്.

**ഫാക്ടറികളിൽ നിർമ്മിക്കപ്പെടുന്ന സംസ്കാരങ്ങൾ**

കോഴിക്കോട് കടപ്പുറത്ത് പുലർച്ചെയെത്തിയാൽ പലപ്പോഴും കാണുന്ന ഒരു കാഴ്ച രസകരവും ദയനീയവുമാണ്. അമ്പതോളം വരുന്ന വിദ്യാർഥികൾ ഒരു മണിക്കൂറോളം അനങ്ങാതെ ഉദയസൂര്യനെ നോക്കി നിൽക്കുന്നു. ഇതാണത്രെ സൂര്യയോഗ,കലാലയങ്ങളിൽ ഫാഷനായി കൊണ്ടിരിക്കുന്ന മറ്റൊരു കൾട്ട്. സയൻസ് പഠിക്കുന്ന വിദ്യാർത്ഥികളാണ് സൗരോർജ്ജം കണ്ണിലൂടെ നേരിട്ട് വലിച്ചെടുക്കാമെന്ന് വിശ്വസിക്കുന്നതും അതിനായി തീവ്ര പ്രയത്നം നടത്തുന്നതും.സസ്യങ്ങൾ ഒഴികെ ലോകത്തിലെ ഒരു ജീവിക്കും സൗരോർജ്ജം നേരിട്ട് ആഗിരണം ചെയ്യാനുള്ള കഴിവില്ലെന്ന് മൂന്നാം ക്ലാസിൽ പഠിച്ച സയൻസ് പോലും ഇവർക്ക് വ്യക്തി ജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്നില്ല.

തീക്ഷ്ണമായ രാഷ്ട്രീയ സമരങ്ങളിലൂടെ കടന്നുപോയ ഒരു തലമുറയ്ക്ക് ആനന്ദം ഉല്പാദിപ്പിക്കാനുള്ള ഫാക്ടറികളെ തേടി പോകേണ്ടി വന്നിട്ടില്ല. സ്മാർട്ടാക്കി കൊടുക്കാനുള്ള പേഴ്സണാലിറ്റി ഡെവലപ്മെന്റ് യോഗങ്ങളും വ്യാപകമാണ്. പ്രസംഗ പരിശീലനം ആണ് ഇതിലെ പ്രധാന അടവ്. ഇടുങ്ങിയ ക്ലാസ് റൂമുകളിലല്ല, വിശാലമായ പൊതുജീവിതമണ്ഡലത്തിൽ പൊരുതി കൊണ്ടാണ് ഒരാളുടെ വ്യക്തിത്വം വികസിക്കേണ്ടത്. യാന്ത്രികമായ പ്രസംഗ പരിശീലനമോ സഭാകമ്പമില്ലാതാക്കലോ അല്ലയിത്.

കവിയരങ്ങുകളും സാംസ്കാരിക സംഭവങ്ങളും ആനുകാലികതയിൽ ഊന്നിയ ചൂടൻ സംവാദങ്ങളും നാടക പരീക്ഷണങ്ങളും ഒക്കെ ധന്യമാക്കിയ കലാലയങ്ങളിൽ ഗെയിം ഷോകളും കുക്കറി ഷോകളും സംഗീത സല്ലാപങ്ങളും കച്ചവടം സിനിമയുടെ പ്രമോഷനു വേണ്ടിയുള്ള കൊച്ചു വർത്തമാനങ്ങളുമാണ് നിറയുന്നത് എന്നത് നമുക്ക് വെറുതെ വിലപിക്കാമെന്നുമാത്രം.

സുഹൈൽ

# കണ്ണ് തുറക്കുക; എല്ലാ ഇരുട്ടും വെളിച്ചമാകും

«THEY CAME First for the communists, and i didn›t speak up because i wasn›t a communist.
THEN THEY CAME For the jews, and i didn›t speak up because i wasn›t a jew.
THEN THEY CAME For the trade unionists,and i didn›t speak up because i wasn›t a trade unionists.
THEN THEY CAME For the Catholics, and i didn›t speak up because i was a protestant.
THEN THEY CAME For me, and by that time no one was left to speak up.»

രണ്ടാം ലോക മഹായുദ്ധാനന്തരം ജർമ്മൻ പാസ്റ്ററായിരുന്ന മാർട്ടിൻ നിമോളറുടെ വിഖ്യാതമായ കാവ്യശകലങ്ങൾ എക്കാലത്തും അനീതിക്കെതിരെ മൗനത്തിന്റെ സുരക്ഷിത ഇടം തേടി പോകുന്നവർക്കുള്ള അപായ മുന്നറിയിപ്പാണ്. ചരിത്രത്തിൽ നിന്ന് നാം പഠിക്കുന്ന ഏറ്റവും വലിയ പാഠം നാം ചരിത്രത്തിൽ എന്നതാണെന്ന് വിദ്യാധ ജർമൻ ചിന്തകനായ ജോർജ്ജ് ഹെഗൽ പറഞ്ഞത് എത്രമാത്രം ശരിയാണെന്ന് അനുദിനം സുവ്യക്തമാക്കി കൊണ്ടിരിക്കുകയാണ്.

ലോക മനസ്സാക്ഷിയെ പിടിച്ച് കുലുക്കുന്ന അനേകം ദാരുണ സംഭവങ്ങൾ കൺമുമ്പിൽ നടന്നുകൊണ്ടിരിക്കുമ്പോൾ എല്ലാം കണ്ണടച്ചിരുട്ടാക്കി സഹജീവികളുടെ വേദനകളെ അവഗണിച്ച് സ്വന്തം കാര്യങ്ങൾ മാത്രം ശ്രദ്ധിച്ച് മുന്നോട്ട് പോകുന്നത് എത്രമാത്രം ഹീനമാണ്. ഏഴ് പതിറ്റാണ്ടിലേറെയായി മദ്യ പൗരസ്ത്യ ദേശത്ത് ഒരു ജനത ഒന്നാകെ അധിനിവേശത്തിന്റെ ക്രൂരതകൾ അനുഭവിച്ച് തീർക്കുകയാണ്. അനേകായിരങ്ങൾ കൊല്ലപ്പെട്ടു. ഇനിയും അനേകായിരങ്ങൾ വംശഹത്യയുടെ കുരമ്പുകൾക്കിടയിൽ ജീവച്ഛവങ്ങളായി കഴിയുന്നു. ഇംഗ്ലീഷുകാർക്ക് ഇംഗ്ലണ്ടും ഫ്രഞ്ചുകാർക്ക് ഫ്രാൻസും എങ്ങനെയാണോ അപ്രകാരം തന്നെ ഫലസ്തീനികൾക്ക് അവകാശപ്പെട്ടതാണ് ഫലസ്തീൻ എന്ന് പറഞ്ഞത് ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. പക്ഷേ എന്തുകൊണ്ടോ ഈ അധിനിവേശത്തെ ചെറുക്കാനും ജനിച്ച നാടിനെ സംരക്ഷിക്കാൻ ജീവിതം മുഴുവൻ പ്രതിരോധ-വിമോചന പോരാട്ടങ്ങൾ കൊണ്ട് രക്തത്തുള്ളികളും കണ്ണീർ കാഴ്ചകളുമായി കഴിയുന്ന ജനതയെ പിന്തുണക്കാനും പലരും സന്നദ്ധരാവുന്നില്ല എന്നത് എത്ര വിചിത്രമാണ്.

സഹജീവികളുടെ വേദനകളും അവർ അനുഭവിക്കുന്ന പ്രതിസന്ധികളും നമ്മെ അസ്വസ്ഥമാക്കുന്നില്ലെങ്കിൽ മനസ്സുകൊണ്ട് എങ്കിലും അവരുടെ കൂടെ നിൽക്കാൻ സാധിച്ചില്ലെങ്കിൽ നാം മനുഷ്യരാണെന്ന് പറഞ്ഞിട്ടെന്ത് കാര്യം. ഫലസ്തീനിന്റെ വിശുദ്ധ മണ്ണിൽ ഇസ്രായേൽ നടത്തുന്ന അധിനിവേശ ക്രൂരതകൾ തുടരുമ്പോൾ ഇരകളുടെ വേദനകൾക്ക് സമാശ്വാസം നൽകാനും അക്രമകാരികളോട് അരുതെന്ന് പറയാനും ലോകരാജ്യങ്ങളിൽ നിന്ന് എത്ര പേരുണ്ടായി. അന്താരാഷ്ട്ര പ്രശ്നങ്ങളിൽ തിരക്കൊപ്പം നിൽക്കുക എന്ന പ്രഖ്യാപിത നയത്തിൽ നിന്ന് വിട്ട് ഇന്ത്യയും ഇസ്രായേലിന് ആയുധം സഹായങ്ങൾ നൽകി എന്നത് ഏറെ ദൗർഭാഗ്യകരമാണ്. ജനിച്ച നാട്ടിൽ, പിറന്നുവീണ മണ്ണിൽ സുരക്ഷിത ബോധത്തോടെ ജീവിതം കഴിച്ചുകൂട്ടാനാവാതെ സ്വസ്ഥത എന്തെന്നറിയാതെ എത്രയെത്ര പേരാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കാരണങ്ങളാൽ എരിഞ്ഞൊടുങ്ങുന്നത്. I can't breath ( എനിക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല) എന്നുപറഞ്ഞ് വംശവെറിയുടെ ക്രൂരതയ്ക്കിരയായ എത്രയെത്ര ജോർജ് ഫ്ലോയ്ഡുമാർ ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ കഴിഞ്ഞു പോയിട്ടുണ്ടാകും.

മുതലാളിത്ത-സാമ്രാജ്യത്വ സ്വാർത്ഥ ലാഭങ്ങൾക്ക് വേണ്ടി അനേകം നാടുകൾ വെട്ടിപ്പിടിച്ച് അവരുടെ മേൽ ആധിപത്യം സ്ഥാപിച്ച് സാമ്പത്തികമായി കൊള്ളയടിച്ച് അവിടങ്ങളിലെ സാംസ്കാരിക-പൈതൃകങ്ങളെ തച്ചു തകർത്തു സാമ്രാജ്യ ശക്തികൾ

വിലാപ പക്ഷി
ഒരു സഹായത്തിന്റെ വിന
തലചായ്ക്കാൻ ഒരു പിടി മണ്ണ് ചോദിച്ചാണ് അവർ ആദ്യം വന്നത്
ദൈന്യതയുടെ മുഖം കണ്ടു നിൽക്കാൻ ഞങ്ങൾക്കാവില്ലായിരുന്നുമറുത്തൊന്നും നോക്കാതെ കിടപ്പാടം നൽകി
വിശപ്പു ചൊന്ന പരിഭവത്തിൽ അന്നം കൊടുത്തപ്പോഴറിഞ്ഞില്ല, കരി മൂർഖനെയാണ് പാലൂട്ടുന്നതെന്ന്
ഒന്നുമില്ലാതെ കയറി വന്നവർ ഒടുവിൽ വേലി മാറ്റിക്കുത്തുമെന്ന് കനവിൽ പോലും കണ്ടില്ല
ഇന്ന് ഞങ്ങൾക്ക് രക്തത്തിന്റെ ഗന്ധമാണ് മുകളിൽ വട്ടമിട്ടു പറക്കാൻ തുമ്പികളോ വെള്ളരി പ്രാക്കളോ ഇല്ല,തീ തുപ്പുന്ന മിസൈലുകളുണ്ട്
ആകാശത്തു മിന്നാൻ ഞങ്ങൾക്കൊരു നക്ഷത്രവുമില്ലെന്നു തോന്നുന്നു. കാരണം ബോംബ്കൾക്ക് തന്നെ അന്തരീക്ഷം തികയുന്നമട്ടല്ല
അങ്ങോട്ട് നോക്കരുത്. അതെന്റെ നാലു മാസം പ്രായമുള്ള കുഞ്ഞിൻ്റെ ചോരയിറ്റുന്ന കൈ പത്തിയാണ്
എൻ്റെ ഒരു കണ്ണെവിടെപ്പോയെന്ന് ചോദിക്കരുത് സമ്മതം ചോദിക്കാതെ വന്ന ഒരു പെല്ലറ്റിന് ദാനം ചെയ്തതാണ്.
ഈ മണ്ണ്.. ഞങ്ങളുടെ ഈറ്റില്ലമാണ് ജീവൻ കൊടുത്തും സ്വന്തമാക്കും ഞങ്ങൾ ചിരിക്കും

ഇപ്പോഴും പലവിധത്തിൽ നമ്മുടെ മേൽ സ്ഥാപിക്കുന്നുണ്ട്. കഴുത്തിൽ കയർ മുറുകും വരെ നാം അറിയില്ലെന്ന് മാത്രം.

നാം അനുഭവിക്കാത്ത ജീവിതം വെറും കെട്ടുകഥകൾ മാത്രമാണെന്ന് പറയുന്നതുപോലെ നാം അനുഭവിക്കാത്ത പ്രതിസന്ധികൾ നമുക്ക് വെറും നിസ്സാര വിഷയങ്ങളാണ്. പിറന്നുവീണ ജാതിയുടെയും വംശത്തിന്റെയും വർണ്ണത്തിന്റെയും ജീവിക്കുന്ന ദേശത്തിന്റെയും വിശ്വസിക്കുന്ന മതത്തിന്റെയും ആശയത്തിന്റെയും പേരിൽ വിവേചനങ്ങളും ക്രൂരതകളും അനുഭവിക്കേണ്ടിവരുന്ന ആയിരങ്ങളെ എങ്ങനെയാണ് കണ്ടില്ലെന്ന് നടിക്കുക.

കലകൾ സവർണ്ണരുടെ കുത്തകയാണെന്ന ഭാവത്തിൽ, അവർണ്ണർ കലകൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും ഒട്ടും ഉൾക്കൊള്ളാൻ കഴിയാതെ തൊലി നിറത്തിന്റെ പേരിൽ പരിഷ്കൃത സമൂഹത്തിന് ഒട്ടും നിരക്കാത്ത രീതിയിൽ മാധ്യമങ്ങൾക്കു മുമ്പിൽ അസംബന്ധങ്ങൾ പുലമ്പിയ സത്യഭാമ ഇനിയും അവസാനിക്കാത്ത സവർണാധിപത്യത്തിന്റെയും അവർണ്ണരെ കീഴാളരായി കാണുന്ന ജാതീയതയുടെയും പ്രതീകമാണ്. ഭക്ഷണം മോഷ്ടിച്ചതിന്റെ പേരിൽ വർദ്ധന കൊല്ലപ്പെട്ട മധുവിനെ ആരും മറന്നിട്ടുണ്ടാവില്ല. എങ്ങനെയാണ് മധു ഒരു മോഷ്ടാവാകുന്ന സാമൂഹിക സാഹചര്യമുണ്ടായത്. ആദിവാസികൾക്കും ഗോത്ര വിഭാഗങ്ങൾക്കും അവരുടെ ശാക്തീകരണത്തിന് വേണ്ടി ഗവൺമെന്റുകൾ അനേകം പദ്ധതികൾ പ്രഖ്യാപിക്കുന്നുണ്ട്. അവർക്ക് അർഹമായ അവകാശങ്ങൾ നൽകാനും സുതാര്യമായി നടപ്പിലാക്കാനും അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്ന രാഷ്ട്രീയ ഉദ്യോഗസ്ഥ മേധാവികൾ തയ്യാറായിരുന്നെങ്കിൽ ദാരിദ്ര്യത്തിൽ കഴിയേണ്ട സാഹചര്യം ആദിവാസി സമൂഹത്തിന് ഉണ്ടാകുമായിരുന്നില്ല.

അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറു നിറച്ച ഭക്ഷിക്കുന്നവന് യഥാർത്ഥ വിശ്വാസികളിൽ പെട്ടവനല്ലെന്ന് പറഞ്ഞത് പ്രവാചകൻ മുഹമ്മദ് നബിയാണ്. പരസ്പരം പ്രയാസങ്ങളിലും വേദനങ്ങളിലും ആശ്വാസം പകരാനും സഹജീവികൾക്ക് സഹായഹസ്തം നൽകുന്നതുമാണ് യഥാർത്ഥ മനുഷ്യജീവികൾ. എല്ലാ മതങ്ങളും ഇസങ്ങളും ആശയങ്ങളും എല്ലാം പ്രഘോഷിക്കുന്ന മാനുഷിക മൂല്യങ്ങളും ഇതുതന്നെയാണ്. പിന്നെയെങ്ങനെയാണ് ചുറ്റുമുള്ള വേദനകളിൽ നീറിപ്പുകയുന്നവരുടെ ആർത്തനാദങ്ങൾക്ക് നേരെ കണ്ണടച്ച് അവഗണിക്കാൻ നമുക്കാവുക. മുറിവുകൾ കൂടുതൽ വികൃതമായി വ്രണമാകാതിരിക്കാനും ശ്രദ്ധയോടെ ശുശ്രൂഷിച്ച് ആശ്വാസത്തിന്റെ ഔഷധം പകരാനും നമുക്ക് ആകണം. ഭൂമിയിലും സ്വർഗ്ഗത്തിന്റെ പരിമളം പരക്കട്ടെ, മനുഷ്യരും മാലാഖമാരായി ചമയട്ടെ.



# മൗനം
# നിറഞ്ഞ കറുപ്പിനുണ്ട്
# നേരം വെളുക്കുവോളം
# കഥ പറയാൻ

# മാതൃത്വത്തിന്റെ ഡയറി

സുമയ്യ വി.കെ

രാവുകളിൽ, ഒരു പോള കണ്ണടക്കാതെ അടുത്ത
കുഞ്ഞിക്കരച്ചിലിനു കാതോർത്ത് തൊട്ടിൽ
വക്കത്ത് ഉറങ്ങാതെയുറങ്ങി അമ്മ

പുലരി പിറക്കും മുന്നേ വീടുണർത്തി,വെള്ളവും
വെളിച്ചവും വരുത്തി ശുഭ പ്രാർത്ഥനയോടെ
ദിനം തുടങ്ങുന്ന മാതാവ്

അകവും പുറവും തൂത്തുവാരി അടുപ്പിനോട്
കുശലം പറഞ്ഞ് ജീവിതത്തിന്റെ വറുചട്ടിയിൽ
കിടാങ്ങൾക്കുള്ള അപ്പം ചുട്ട മമ്മി

മോന്തിനേരത്ത് പാടത്തെ ചേറുപുരണ്ട് കയറി
വന്ന കൊച്ചുങ്ങളെ മുറ്റത്തിരുത്തി കുളിപ്പിച്ച്
പൗഡറിട്ടൊരുമ്മയും കൊടുത്ത് ഉമ്മച്ചി

കാലം തന്റെ ശിഖരം നിറച്ച ഇലകൾ
പൊഴിക്കുമ്പോൾ, വളർന്നു തുടുത്ത മക്കൾ

തന്റെ മാതൃത്വത്തെ വൃദ്ധസദനത്തിലേക്ക്
എഴുതിത്തള്ളുന്നു

മറവി കൊണ്ടോ, എന്തോ...





# വിവേചനം കൊടികുത്തി വാഴുന്ന കാലം

ഫാത്തിമ സുഹ്‌റ എ.പി

ജനാധിപത്യ മതേതരത്വ രാജ്യമാണ് നമ്മുടെ ഇന്ത്യ. ജനാധിപത്യ മൂല്യങ്ങൾ മുറുകെ പിടിക്കുകയും അതുവഴി പൗരന്മാരെ രൂപപ്പെടുത്താൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഇന്ത്യയിൽ ഇന്നും നിരവധി വിഭാഗം ജനങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മതം, ജാതി,വംശം, ലിംഗഭേദം തുടങ്ങിയ വിവിധ വിഭാഗക്കാർ ഇതിൽ ഉൾപ്പെടുന്നു. വ്യക്തിസ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനാ വിഭാവനം ചെയ്യുന്നുണ്ടെങ്കിൽ കൂടി മറ്റുള്ളവരുടെ അവകാശത്തെയും സ്വാതന്ത്ര്യത്തെയും ഹനിക്കുന്നതാവരുത് ഓരോ പൗരന്റെയും വ്യക്തിസ്വാതന്ത്ര്യം.

എന്താണ് പാർശ്വവൽക്കരണം? മതം, ജാതി, വംശഭേദം എന്നിവ കാരണം ഒരു പ്രത്യേക ഗ്രൂപ്പിനെയോ വ്യക്തിയെയോ അംഗീകരിക്കപ്പെടാത്ത ഒരു ആശയമാണ് പാർശ്വവൽക്കരണം. പാർശ്വവൽക്കരിക്കപ്പെടുന്നത് പാർശ്വവൽക്കരിക്കപ്പെടാത്ത ആളുകൾക്ക് മാത്രമല്ല ഒരു രാഷ്ട്രത്തിന്റെ ഐക്യം എന്ന മുഴുവൻ സങ്കൽപ്പത്തിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. പാർശ്വവൽക്കരണം നിയമം മൂലം നിരോധിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന ഇന്ത്യയിൽ ഇത് ഇപ്പോഴും നിലനിൽക്കുന്നു എന്നത് വേദനാജനകമാണ്.

പാർശ്വവൽക്കരണത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. ഇന്ത്യൻ സമൂഹം കാലങ്ങളായി പുരുഷാധിപത്യ സ്വഭാവമുള്ളതാണ്. വിവിധ പാരമ്പര്യങ്ങളിലൂടെയും തത്വങ്ങളിലൂടെയും സ്ത്രീകൾ ഇന്ത്യ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നു. സ്ത്രീകൾക്ക് നേരെ ഇന്ന് അക്രമങ്ങളും ക്രൂരതകളും അതിക്രമിച്ചു കൊണ്ടിരിക്കുന്നു. സ്വന്തം വീടിനുള്ളിൽ പോലും സുരക്ഷിതത്വം ഉറപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇന്നത്തെ സ്ത്രീകൾ. സ്ത്രീകളെ ദേവതകളായി കണ്ടിരുന്ന കാലത്താണ്

ഇത്തരം ക്രൂരതകൾ നടക്കുന്നത് ഓർക്കുമ്പോൾ ദയനീയമാണ്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമങ്ങൾ,ഗാർഹിക പീഡനം, ദുരഭിമാനക്കൊല, പെൺ ഭ്രൂണഹത്യ, ശൈശവ വിവാഹം, സ്ത്രീധന പ്രശ്നങ്ങൾ എന്നിവയെല്ലാം സ്ത്രീകൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. സ്ത്രീ സുരക്ഷയ്ക്ക് വേണ്ടി നിരവധി നിയമങ്ങളും സംഘടനകളും പ്രവർത്തിക്കുന്നുണ്ടെങ്കിൽ കൂടി ഇതിലൊന്നും പുരോഗതി കൊണ്ടുവരാനോ സുരക്ഷയൊരുക്കാനോ ഇതുവരെ സാധിച്ചിട്ടില്ല. തുല്യ ജോലിക്ക് തുല്യ വേതനം എന്ന നിയമം നിലവിൽ വന്നെങ്കിലും സ്ത്രീകൾ എന്നും ഇതിൽ പാർശ്വവൽക്കരിക്കപ്പെടുന്നു. ഒറ്റക്ക് യാത്ര ചെയ്യാനോ രാത്രിയിൽ പുറത്തിറങ്ങാനോ സ്ത്രീകൾ ഭയപ്പെടുന്നു. വീട്ടിൽ ഉറങ്ങിക്കിടന്നിരുന്ന നിർഭയ എന്ന പെൺകുട്ടിക്ക് സംഭവിച്ചതും ബസ്സിൽ വച്ച് കാമുകനൊപ്പം യാത്ര ചെയ്യുതിനിടയിൽ പെൺകുട്ടിക്ക് സംഭവിച്ചതും വിരൽ ചൂണ്ടുന്നത് സ്ത്രീകൾ ഇന്നും നേരിട്ടുകൊണ്ടിരിക്കുന്ന പീഡനങ്ങൾ തന്നെയാണ്.ദൈവത്തിന്റെ സ്വന്തം നാടാണെന്ന് അഹങ്കരിക്കുന്ന കേരളത്തിൽ പോലും സ്ത്രീകളുടെ നേരെയുള്ള ആക്രമണങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കണക്കുകൾ പ്രകാരം രാജ്യത്ത് ഓരോ 24 മണിക്കൂറും 10 ബലാത്സംഗം കേസുകൾ നടക്കുന്നുണ്ട്.

ആദിവാസി വിഭാഗവും വലിയ തോതിലുള്ള പാർശ്വവൽക്കരണം നേരിട്ട് കൊണ്ടിരിക്കുന്നു.ഇന്ത്യൻ ജനസംഖ്യയിൽ 8 ശതമാനവും ആദിവാസികളാണ്. തനതായ മതങ്ങളും, ഭാഷകളും, സ്വയംഭരണ രൂപങ്ങളും ഉള്ള ആദിവാസി വിഭാഗം, വികസനം,ദാരിദ്ര്യം എന്നീ കാരണങ്ങളാൽ ചൂഷണങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ആദ്യ താമസക്കാരായ ആദിവാസികളുടെ ഭൂമി, സംസ്കാരം, ജീവിതശൈലി എന്നിവ പൂർണമായും സുരക്ഷിതമാക്കേണ്ടിയിരിക്കുന്നു. ആദിവാസികളെപ്പോലെ തന്നെ ചൂഷണം അനുഭവിക്കുന്നവരാണ് ദലിത് വിഭാഗക്കാരും. വിദ്യാഭ്യാസം,തൊഴിൽ എന്നിവയിൽ മറ്റു വിഭാഗക്കാരെ അപേക്ഷിച്ച് അവസരങ്ങൾ ലഭിക്കാൻ ഇവർക്ക് സാധിക്കുന്നില്ല.

> “ പാർശ്വവൽക്കരണം മനസ്സിലാക്കുക എന്നതാണ് അതിനെ നേരിടാനുള്ള ആദ്യപടി.

ഇന്ത്യയിലെ ന്യൂനപക്ഷങ്ങളിൽ (മതത്തിന്റെ അടിസ്ഥാനത്തിൽ) മുസ്ലീങ്ങൾ, ജൈനക്കാർ, ബുദ്ധമതക്കാർ, സിക്കുകാർ മറ്റുള്ളവർ ഉൾപ്പെടുന്നു. എന്നാൽ ഇപ്പോഴും നമ്മുടെ സമൂഹത്തിൽ ചില വിഭാഗക്കാരും സാഹചര്യങ്ങളിലും പാർശ്വവൽക്കരിക്കപ്പെടുന്നു. ജനസംഖ്യയിൽ ഏകദേശം 14.2% മുസ്ലീങ്ങളാണ്. എന്നിട്ടും മുസ്ലീങ്ങൾ ഗുജറാത്ത്, ഉത്തർപ്രദേശ് തുടങ്ങിയ പ്രദേശങ്ങളിൽ മതത്തിന്റെ പേരിൽ വലിയ തോതിൽ അതിക്രമങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു

സമൂഹത്തിൽ നേരിട്ട് കൊണ്ടിരിക്കുന്ന പാർശ്വവൽക്കരണം ഇന്ത്യയുടെ ഭാവിയെ തന്നെ വൻതോതിൽ ബാധിക്കുമെന്നതിൽ സംശയമില്ല. ഇന്ത്യൻ വികസനത്തെയും, പുരോഗതിയെയും, വളർച്ചയെയും കാതലായി തന്നെ ത്വരിതപ്പെടുത്താൻ ഇത്തരം പാർശ്വവൽക്കരണം കാരണമാകുന്നു. ഇതിനൊരു മാറ്റം വരേണ്ടത് അത്യാവശ്യമാണ്. പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗക്കാർക്കുള്ള അവകാശങ്ങളും നിയമങ്ങളും നിലവിലുണ്ടെങ്കിൽ കൂടി കൂടുതൽ സുരക്ഷ ഒരുക്കേണ്ടത് അത്യാവശ്യമാണ്. ഭരണഘടന നമുക്ക് സംരക്ഷണം നൽകുമ്പോഴും നമ്മുടെ സമൂഹത്തിൽ ന്യൂനപക്ഷങ്ങൾ ആദിവാസികൾ പട്ടികവർഗ്ഗക്കാർ പലപ്പോഴും പാർശ്വവൽക്കരിക്കപ്പെടുന്നു. പാർശ്വവൽക്കരണം മനസ്സിലാക്കുക എന്നതാണ് അതിനെ നേരിടാനുള്ള ആദ്യപടി. കൂടുതൽ വികസന പദ്ധതികൾ ആവിഷ്കരിച്ചും, നിയമം നടപ്പിലാക്കുന്നതിനുള്ള വേഗത വർദ്ധിപ്പിച്ചുമൊക്കെ ചൂഷണങ്ങൾക്കെതിരെ സുരക്ഷാകവചം ഒരുക്കേണ്ടത് ഭാവി ഇന്ത്യൻ വികസനത്തിന് അത്യന്താപേക്ഷിതമാണ്. നല്ലൊരു ഭാവി ഇന്ത്യക്കായി, ഇന്ത്യയുടെ യശസ്സ് ഉയർത്താനായി ഓരോ ഇന്ത്യൻ പൗരനും മുന്നോട്ടു വരേണ്ടതുണ്ട് എന്ന് ഓർമിപ്പിച്ചു കൊള്ളട്ടെ....



സൽമ

# വിടരാൻ കൊതിച്ച പൂമൊട്ടുകൾ

ഹോംവർക്ക് ചെയ്യുന്ന തിരക്കിലാണ് ആലിം; അടുക്കളയിൽ നിന്ന് റൊട്ടി ചൂടാക്കുന്ന മണം വീടാകെ പരന്നിട്ടുണ്ട്. തൊട്ടടുത്ത മുറിയിൽ നിന്ന് വാതോരാതെ സംസാരിക്കുകയാണവൾ -ആലിമിന്റെ കുഞ്ഞനുജത്തി ഫാത്തിമ. ആള് കുഞ്ഞാണെങ്കിലും  വീട് മുഴുവൻ ഇളക്കിമറി ക്കുന്ന ശബ്ദമാണ് അവളുടെ സംസാരത്തിന്.ചെയ്യുന്ന വർക്കിൽ ശ്രദ്ധിക്കാൻ കഴിയാത്തതിൽ അവനാകെ വിഷമിച്ചു. “ഫാത്തിമാ.. മിണ്ടാതിരിക്ക്, ഞാനൊന്ന് പഠിച്ചോട്ടെ” അവൻ

സങ്കടത്തോടെ അപേക്ഷിച്ചു. അവന് പഠിക്കാൻ ഏറെ ഇഷ്ട്ടമാണ്. ഒരുപിടി പുസ്തകങ്ങളും വർണ്ണങ്ങളുമാണ് അവന്റെ ലോകം. അവയെ കൂട്ടുപിടിച്ച് കഴിയുന്ന ഒരു പാവം മനസ്സ്,..,ഒരു ദിവസം പോലും സ്കൂളിൽ പോകാൻ മടികാണിക്കാറില്ല. അവന്റെ പുസ്തകങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ പിന്നെ പോയി എല്ലാം..അത്രമേൽ ആ പിഞ്ചുമനസ്സ് അവയെ സ്നേഹിച്ചിരുന്നു.

ആലിം.. ആലിം.. വാ.. വന്നു ഭക്ഷണം കഴിക്ക്, നാളെ  നേരത്തെ എണീക്കേണ്ടതല്ലേ..? വേഗം കഴിച്ചു കിടക്ക്. ആലിമിന്റെ ഉമ്മ, അവൾ എട്ടുമാസം ഗർഭിണിയാണ്. ക്ഷീണവും ശാരീരിക വ്യഥകളും അവരെ വല്ലാതെ തളർത്തുന്നുണ്ട്. എന്നുവെച്ച് മക്കളെ നോക്കാതിരിക്കാൻ പറ്റോ?.. വേഗം ജോലിയൊക്കെ കഴിച്ച് പോയി വിശ്രമിക്കാം എന്ന  ചിന്തയിലാണവൾ.

പലസ്തീനിലെ അൽ -അർക്കം സ്കൂളിൽ മൂന്നാം ക്ലാസ്സിലാണ് ആലിം പഠിക്കുന്നത്. അധ്യാപകരുടെയും സഹപാഠികളുടെയും ആത്മ മിത്രം! അടുക്കും ചിട്ടയുമുള്ള പെരുമാറ്റം..., പഠനത്തിൽ മിടുക്കൻ., പരിമിതമായ കുടുംബാന്തരീക്ഷത്തിൽ വളരുന്ന ഒരു കൊച്ചു ബാലൻ...

ഉമ്മയുടെ സ്നേഹത്തോടെയുള്ള വിളി അവൻ ഗൗനിക്കാതിരുന്നില്ല.വേഗം ഓടിപ്പോയി ഉമ്മക്കരികിലിരുന്ന് റൊട്ടി കഴിച്ചു.ഉമ്മയും അവനും നല്ല കൂട്ടാണ്.ഉമ്മാന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞിനോട് സ്വകാര്യം പറഞ്ഞിരിക്കാറുണ്ടവൻ..

ഉറക്കം നേത്രങ്ങളെ തലോടുന്ന പോലെ..... ആലിം ഉറങ്ങാനൊരുങ്ങി ;എല്ലാവർക്കുമുള്ള വിരിപ്പും അവനാണ് വിരിക്കാറ്.കൂട്ടായി ഫാത്തിമയും. അർദ്ധരാത്രിയായി.... വീടുകളെല്ലാം പാതിമയക്കത്തിലാണ്. പക്ഷേ..;ജനാലക്കരികിൽ ഉറക്കം കിട്ടാതെ നിലാവിനെയും നോക്കിയിരിക്കുകയാണ് ഉമ്മ. ഒരുപാട് വൈകിയേ  ഉമ്മാക്കുറക്കം വരാറുള്ളൂ..

ആലിം കിനാക്കളിൽ മുഴുകി ഉറങ്ങുകയാണ്. ഉമ്മ പ്രസവിക്കുന്നതും., കുഞ്ഞുമായി കളിക്കുന്നതും, കഥ പറഞ്ഞുകൊടുക്കുന്നതും.. അങ്ങനെ.. ഭംഗിയുള്ള സ്വപ്നങ്ങൾ... നേരം പുലർന്നാൽ ആ സന്തോഷം ഉമ്മയുമായി പങ്കുവെക്കാനും അവൻ മറക്കാറില്ല.

പെട്ടെന്ന് അവന്റെ മേലിൽ ആരോ തട്ടുന്നതുപോലെ തോന്നി. “ആലിം... ആലിം.., ഫാത്തിമാ.. എണീക്ക്”. നേരം പുലർന്നെന്നു തെറ്റിദ്ധരിച്ചു അവൻ കുടഞ്ഞെണീച്ചു. പതിവില്ലാതെ ഉമ്മ ഫാത്തിമയെയും വിളിക്കുന്നുണ്ട്. പതിഞ്ഞ സ്വരത്തിലുള്ള ഉമ്മാന്റെ വിളി അവനത്ര സുഖം തോന്നിയില്ല. എണീറ്റയുടൻ പല്ലുതേക്കാൻ പോയ അവനെ  ഉമ്മ  തടഞ്ഞുനിർത്തി., “ആലിം.. സമയമില്ല മോനെ, വേഗം നിന്റെ ബാഗും പുസ്തകങ്ങളും എടുക്ക്”. ഉമ്മ വീടാകെ പരക്കം പായുന്നു.. എന്തൊക്കെയോ പായ്ക്ക് ചെയ്യുന്നു.. ഇതൊക്കെ എന്തിനാണാവോ..? അവന്റെയുള്ളിൽ ഒരുപാട് ചോദ്യങ്ങൾ...!

പെട്ടെന്നൊരു ശബ്ദം...! അവരാകെ അമ്പരന്നു. ഉപ്പ ആലിമിനെയും ഉമ്മ ഫാത്തിമയെയും എടുത്ത് എങ്ങോട്ടെന്നില്ലാതെ ഓടി.., ചുറ്റും നോക്കി. നാനാഭാഗത്തുനിന്നും ജനങ്ങൾ..., അവർ പ്രണാനും കൊണ്ടോടുന്നു.. എന്താണ് നടക്കുന്നതെന്ന് ഒരെത്തും പിടിയുമില്ല. എല്ലാവരും ഒന്നടങ്കം ആർത്തു കരയുന്നു. ഭയാനകമായ അന്തരീക്ഷം...! ഇടക്കിടക്ക് ഭൂമികുലുങ്ങുന്ന പോലെയുള്ള പ്രതീതി. ദൂരെ നിന്നും കുറെ വാനുകൾ ചീറിപ്പാഞ്ഞു വന്നു.എല്ലാവരെയും കയറ്റി എങ്ങോട്ടോ പോവുകയാണ്. സകലരിലും ഭീതി പടർന്നിരിക്കുന്നു.ദുഃഖം തളംകെട്ടിനിൽക്കുന്നു. മുഖാമുഖം നോക്കി വാനിന്റെ ഒരുമൂലയിൽ ഫാത്തിമയും ആലിമും പതറി നിൽക്കുന്നു. ആരും ഒന്നും സംസാരിക്കുന്നില്ല. എല്ലാം മൗനത്തിലാണ്ടിരിക്കുന്നു. കുറേ സഞ്ചരിച്ച് വാൻ വിജനമായ ഒരു സ്ഥലത്ത് നിർത്തി. എല്ലാവരും അവരവരുടെ ഭാണ്ഡക്കെട്ടുകളുമായി ഇറങ്ങി. ആലിം ഒരു നിമിഷം ഒട്ടാകെ നോക്കി. ഒഴിഞ്ഞ പ്രദേശം! അവിടെ ഒരുപാടു പേരുണ്ട്. നിരാശയും ദുഖവും ഓരോ മുഖത്തും കാണാം.. വിതുമ്പുന്ന അധരങ്ങൾ.. ചോർന്നൊലിക്കുന്ന മിഴികൾ... വല്ലാത്തൊരവസ്ഥ. ചിലരുടെ ഉടുപ്പുകൾ പാതി കരിഞ്ഞിട്ടുണ്ട്., രക്തത്തിൽ കുളിച്ചു കിടക്കുന്ന മറ്റുചിലർ., ചുറ്റും ശബ്ദകോലാഹലങ്ങൾ മാത്രം..          അല്പം കഴിഞ്ഞ് ഉപ്പയും ഉമ്മയും ചേർന്ന് തുണികൊണ്ടെന്തോ മറച്ചുകെട്ടുന്നു. തിരക്കിനിടയിൽ അവരെന്തൊക്കെയോ പിറുപിറുക്കുന്നുണ്ട്.. ഇസ്രായേൽ..., യുദ്ധം.. എന്നിങ്ങനെ..

ഇവരെന്തൊക്കെയാണീ പറയുന്നത്..? ആലിമിന്റെ ഊഹങ്ങൾ കാടുകയറി. എന്തൊക്കെയോ ചോദിക്കണമെന്നുണ്ട്. പക്ഷെ



വാ പൊന്തുന്നില്ല. മേലാകെ ചൂട് പടരുന്ന പോലെ.. അവന്റെ കുഞ്ഞു മനസ്സ് വല്ലാതെ തളർന്നു. ഇടക്കിടെയുള്ള ഘോരമായ ശബ്ദങ്ങൾ അവനെ പേടിപ്പെടുത്തി.

കൂടെ ഒരുപാട് സംശയങ്ങളും.. ആലിം ക്ഷീണിതനായി ഒരു കോണിലിരുന്നു. അവനറിയാതെ ഉറങ്ങിപ്പോയി . കുറച്ച് കഴിഞ്ഞെണീറ്റപ്പോൾ അവനാകെ അമ്പരന്നു. മണ്ണിൽ വിരിച്ച ഉമ്മയുടെ പർദ്ദയിലാണ് കിടക്കുന്നത്. തൊട്ടടുത്ത് ഫാത്തിമയും.

ഇതെവിടെയാ.., എന്തിനാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്? എന്നാണ് നമ്മുടെ വീട്ടിലേക്ക് പോകുന്നത്.. സ്കൂളിൽ പോകണ്ടേ?? ഞാൻ മറന്നു വെച്ച എന്റെ പുസ്തകങ്ങൾ... ആലിം നെടുവീർപ്പിട്ടു.. ആ ശ്വാസത്തിൽ ഒരിക്കൽ പോലും പിരിഞ്ഞിരിക്കാത്ത തന്റെ പുസ്തകങ്ങളെ ഓർത്തുള്ള വേവലാതിയുണ്ടായിരുന്നു. നേരം വെളുത്തിട്ട് ഒന്നും കഴിച്ചിട്ടില്ല, വല്ലാത്ത ക്ഷീണമുണ്ട്. എന്നാലും അവൻ മിണ്ടിയില്ല. ക്ഷമയുടെ ചങ്ങലകൾക്ക് അധികനേരത്തെ ശക്തിയുണ്ടായിരുന്നില്ല. അവൻ പതിയെ ഉമ്മാന്റെ അരികിലെത്തി.

"ഉമ്മാ.. ദാഹിക്കുന്നു.. കുറച്ച് വെള്ളം താ.." ഉമ്മയുടെ കണ്ണുനിറഞ്ഞു. റബ്ബേ!എന്താ ഞാനെന്റെ പൊന്നുമോനോട് പറയ്യാ..,, അവളാകെ വലഞ്ഞു. "വെള്ളമില്ല മോനേ..." ആ ശബ്ദം ഇടറിയിരുന്നു. ആ ശബ്ദത്തിന്റെ താളത്തിൽ നിന്നും അവനെല്ലാം മനസ്സിലാക്കി. പക്ഷേ എന്തിനിവിടെ കഴിയുന്നു എന്നതിൽ മാത്രം അവൻ അജ്ഞനായിരുന്നു. മറുത്തൊന്നും പറഞ്ഞില്ല....സമയം ഇതൊന്നുമറിയാത്ത മട്ടിൽ ഓടികൊണ്ടേയിരുന്നു..

രാത്രിയായി.. വിശപ്പിന് കാഠിന്യമേറി. കഴിക്കാനൊന്നുമില്ല. ഉമ്മ ആകെ തളർന്നിട്ടുണ്ട്. ദാഹം അടങ്ങുന്നില്ല.. ശരീരമാകെ ഒരു വിറയൽ.നിഷ്കളങ്കമായ പിഞ്ചു ഹൃദയങ്ങൾക്ക് എന്തറിയും.? വിശക്കുന്നുണ്ടുമ്മാ.. എന്ന് പറയാതെ പറഞ്ഞു ആലിം.. കരഞ്ഞു കണ്ണീർ വറ്റിയ കണ്ണുമായ് ഫാത്തിമയും.അന്ന് രാത്രി ആരും ഉറങ്ങിയിട്ടില്ല. എങ്ങനെയൊക്കെയോ നേരം വെളുപ്പിച്ചു. ഉമ്മ വിരിപ്പിൽ നിന്നും എണീക്കാൻ ശ്രമിച്ചു. അവളാകെ തളർന്നിട്ടുണ്ട്. ഇന്നും ഇനി കഴിക്കാനൊന്നും കിട്ടില്ലേ.?, എനിക്ക് സഹിക്കാൻ പറ്റുന്നില്ലല്ലോ... എന്റെ പൊന്നുമക്കൾ..! അവരെ ഇങ്ങനെ ഒരവസ്ഥയിൽ ഞാൻ കണ്ടിട്ടില്ല.പടച്ചവനേ..പരീക്ഷിക്കരുതേ.. കരളുരുകി പ്രാർത്ഥിച്ചു.കരഞ്ഞു കലങ്ങിയ കണ്ണുകളിൽ ദൂരെ നിന്നും വന്നുകൊണ്ടിരിക്കുന്ന ഒരു വാൻ ശ്രദ്ധയിൽ പെട്ടു.അത് വരുന്നത് ഇവിടേക്ക് തന്നെയാണ്..,അതെ, വാൻ ആ ഷെഡ്ഡിന് സമീപത്ത് നിർത്തി. കുറച്ചാളുകൾ വാനിൽനിന്ന് വെള്ളവും ഭക്ഷണവുമായി ഇറങ്ങി ഓരോരുത്തർക്കും നേരെ നീട്ടി. ആലിം ഉമ്മയെ നോക്കി. അവരാകെ വിളറിവെളുത്തിട്ടുണ്ട്. പക്ഷെ ഇന്നലെ കാണാത്ത എന്തോ ഒരു സന്തോഷം കൊണ്ട് ഉമ്മയുടെ മുഖം നിറഞ്ഞിട്ടുണ്ട്. അവനും സന്തോഷിച്ചു. അവന് കിട്ടിയ ഭക്ഷണപ്പൊതി ഉമ്മാക്ക് വെച്ചുനീട്ടി. ഫാത്തിമ ഉപ്പാക്കും. "നിങ്ങൾ കഴിക്കു.. ഉമ്മക്കും ഉപ്പാക്കും അവർ തരും.." ഉമ്മ മറുപടി ചൊല്ലി.

"ഉമ്മാ.. നമ്മളെന്നാ വീട്ടിലേക്ക് പോകുന്നത്..? എനിക്ക് സ്കൂളിൽ പോകണ്ടേ..? കൂട്ടുകാരെ കാണണ്ടേ..?"

ഉത്തരമില്ലാത്ത ചോദ്യത്തിന് മുന്നിൽ ആ ഉമ്മയും ഉപ്പയും നിസ്സഹായരായിരുന്നു. ഭക്ഷണം പകുതി കഴിച്ചു. വിശപ്പടങ്ങിയിട്ടില്ല, മുഴുവൻ കഴിച്ചാൽ രാത്രി പട്ടിണിയാവും. പാതി അത്താഴത്തിനായി മാറ്റിവെച്ചു. ആലിമിന് ഈ അവസ്ഥ ശെരിക്കും ഒരു തടവറ പോലെ തോന്നി. കൂട്ടുകാരില്ല.., കളിയില്ല, തമാശകളില്ല.. കയ്യിലുള്ള പുസ്തകമെടുത്ത് താളുകൾ ഓരോന്നായി മറിച്ചു. വർണങ്ങളിൽ തീർത്ത ഒരുപാട് ഓർമ്മകൾ അയവിറക്കി അവനങ്ങനെ ഇരുന്നു. ഷെഡ്ഡിനുള്ളിൽനിന്ന് ആരും പുറത്ത് പോവുന്നില്ല. നേരം സന്ധ്യയായി..വേവലാതികൾ നിറഞ്ഞ വാക്കുകൾ മാത്രമേ അവിടെ കേട്ടൊള്ളൂ. നേരം ഇരുട്ടിതുടങ്ങി.ആർക്കും ഒന്നും പങ്കുവെക്കാനില്ല, നാളെയെന്താകും എന്ന ഉത്കണ്ഠയാണ് എല്ലാർക്കും..രാത്രിയിലേക്ക് കരുതിവച്ച ഭക്ഷണം കഴിച്ച് എല്ലാവരും നിദ്രയിലാണ്ടു., ഇന്നലെ ഉറങ്ങാത്തതുകൊണ്ട് നല്ല ക്ഷീണമുണ്ടായിരുന്നു. പാതിരാത്രി വരെ ഉറങ്ങാതെ കിടന്നിരുന്ന ഉമ്മ ക്ഷീണം സഹിക്കവയ്യാതെ മയങ്ങിപ്പോയിരുന്നു.

നേരം പുലർന്നു..ആലിം കണ്ണുതുറന്നു. എല്ലാം നിശബ്ദം. ഉമ്മ താ ടിക്ക് കയ്യും കൊടുത്തിരുന്ന് എന്തോ ആലോചിക്കുന്നുണ്ട്. പ്രതീക്ഷയറ്റ ഭാവത്തിൽ! പ്രഭാതഭക്ഷണം ഒഴിവാക്കിയാൽ ശകാരിച്ചിരുന്ന ഉപ്പ, ഇപ്പോഴെന്തേ ശബ്ദികാത്തു..? എല്ലാരുടെയും ദൃഷ്ടി ഭക്ഷണവുമായി വരുന്ന വാനിലേക്കാണ്. ഉടനെ വരുമെന്ന് നിനച്ചു കാത്തിരിക്കയുകയാണവർ. ..പക്ഷെ അതുവഴി ആരും വന്നില്ല. എല്ലാവരും നിരാശയിലായി.. ഒന്നും കഴിക്കാനില്ല, സകലതും ദൈവത്തിലർപ്പിച്ചു അവർ കാത്തിരുന്നു.

ഷെഡിനുള്ളിൽ വെട്ടമില്ല. ആരും സംസാരിക്കുന്നില്ല. വാ തോരാതെ സംസാരിച്ചിരുന്ന ഫാത്തിമപോലും മിണ്ടാൻ മറന്നുപോയിരുന്നു. രാത്രിയായി നേരം ഒരുപാടായി. ഒട്ടിയ വയറുമായി അവർ മയക്കത്തിലേക്ക് തെന്നിവീണു.പതിവുപോലെ വീണ്ടും പുലരി വന്നു . ആലിം വിശപ്പിന്റെ വേദന സഹിക്കാൻ വയ്യാതെ കരയാൻ തുടങ്ങി. കരഞ്ഞ് കരഞ്ഞ് കുഴഞ്ഞുപോയി. ആരും ഭക്ഷണമെത്തിക്കുന്നില്ല. എല്ലാം ശൂന്യം..

ദിവസം രണ്ട് കഴിഞ്ഞു. ഒരു തുള്ളി വെള്ളം പോലും ഇല്ല. എന്ത് ചെയ്യും? ആരോട് പറയും?ദിവസം കൂടുന്തോറും സ്ഥിതി വഷളായിക്കിണ്ടിരിക്കുകയാണ്.

ഫാത്തിമ എഴുന്നേറ്റിട്ട് ഒരു ദിവസമായി., അവൾ അവശയായിട്ടുണ്ട്.രണ്ടു പിഞ്ചു മക്കളുടെ അവസ്ഥ സഹിക്കവയ്യാതെ ആ മാതാപിതാക്കൾ പടച്ചവനിലേക്ക് കൈകൾ ഉയർത്തി. അള്ളാ...
ഭൂമികുലുങ്ങുന്നപോലെ. ദൂരെ നിന്ന് വെടിയുണ്ടകളുടെ അലർച്ച. എല്ലാവരും അലറിവിളിക്കുന്നു., .,ജീവനുംകൊണ്ടോടുന്നു.

അതെ! ഇസ്രായീൽ സൈന്യം അവിടെയെത്തിയിരിക്കുന്നു. പ്രായവ്യത്യാസമില്ലാതെ പിഞ്ചോമനകളെപ്പോലും വെടിവെക്കാനുതിരുന്ന കാട്ടുമൃഗങ്ങൾ അവിടം വലയം വെച്ചു. മരണവെപ്രാളത്തിൽ എല്ലാവരും ജീവനും കൊണ്ടോടി

ആലിമും ഓടി. കയ്യിൽ പുസ്തകങ്ങളുണ്ട്. ഓട്ടത്തിനിടയിൽ ഉമ്മയെയും ഉപ്പയെയും ഫാത്തിമയെയും കാണുന്നില്ല. ചുറ്റും പരതി. കാണുന്നില്ല. വീണ്ടും ഓടി എവിടെയൊക്കെയോ തട്ടിത്തടഞ്ഞു വീണു.... അവന്റെ ദേഹത്തു ആരൊക്കെയോ ചവിട്ടിമറിക്കുന്നുണ്ടായിരുന്നു. വീണിടത്തു നിന്നും എണീറ്റ് അലക്ഷ്യമായി വീണ്ടും ഓടി. കൂട്ടംതെറ്റിയുള്ള ആ പാച്ചിലിൽ കൂടെയുള്ളവർ നഷ്ട്ടപ്പെട്ടു. “ഉമ്മാ..... ഉമ്മാ.... ഉപ്പാ..” ആരും വിളി കേൾക്കുന്നില്ല.. “ഫാത്തിമാ...”, അവളും മറുപടി തന്നില്ല. ദേഹമാകെ ചൂട് പടരുന്ന പോലെ., ആലിം ബോധരഹിതനായി മണ്ണിൽ വീണു. ഏറെ നേരം കിടന്നു. പെട്ടെന്നൊരു ഘോരശബ്ദം കേട്ട് ആലിം ഞെട്ടിയുണർന്നു. ചുറ്റും നോക്കി.. തീ ആളിക്കത്തുന്നു... പുകമറ ക്കുള്ളിൽ പെട്ട് ഓടാൻ കഴിയാതെ നിൽക്കുന്നവർ,.... വെടിയുണ്ടകൾ തലങ്ങും വിലങ്ങും പൊട്ടുന്നു.. എങ്ങും യുദ്ധകോലാഹലങ്ങൾ..... പ്രാണനും കൊണ്ട് വെപ്രാളത്തിൽ തിരിഞ്ഞോടുകയല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല.. ഓട്ടത്തിനിടയിൽ അവൻ ഉറ്റവരെ തിരയുന്നുണ്ടായിരുന്നു... പെട്ടെന്നാണ് ആ മുഖം അവന്റെ ശ്രദ്ധയിൽ പെട്ടത്. ഫാത്തിമാ...., ന്റെ കുഞ്ഞോളെ...., ഇക്കാക്കാന്റെ കുഞ്ഞനുജത്തി -ഫാത്തിമ! പാതി വെന്ത് കിടക്കുന്നു.... കാണാൻ കഴിയാതെ അവൻ കണ്ണുകളെ പിന്നാമ്പുറത്തേക്ക് കൊണ്ടുപോയി.... അല്ലാഹ്.., പിന്നെ അവനൊന്നും അറിഞ്ഞില്ല... മനം മരവിച്ചു പോയിരുന്നു. ജീവനും ജീവിതവുമായിരുന്ന ഉമ്മ ഒരു ഭാഗത്ത്, തൊട്ടരികിൽ പ്രിയപ്പെട്ട ഉപ്പ.. ആ നിശ്ചലമേനികൾ കാണാനുള്ള

മനക്കരുത്ത് അവനില്ലായിരുന്നു.... പതിയെ
അവന്റെ സമനില തെറ്റി..., നിലം പതിച്ച
കിടക്കുന്ന ആ മൃതദേ ഹങ്ങളുടെ അരികിലിരുന്നു
അവൻ വാവിട്ട് കരഞ്ഞു. ഉടയവരുടെ വേർപാടും
പേറി വിധിയോട് മല്ലടിച്ചു ജീവിക്കാൻ ആ
കൊച്ചു ഹൃദയം ബാക്കി വന്നു.... ഇപ്പൊ
അവന്റെ ലോകം ശൂന്യമാണ്, പുസ്തകങ്ങളോട്
കുശലം പറയാനും വർണ്ണങ്ങൾക്കൊണ്ട്
സ്വപ്നങ്ങൾ നെയ്യാനും ആശയില്ല....
അവനങ്ങനെ പോവുന്നു. മരിക്കാതെ മരിച്ചുകൊണ്ട്..., ഇങ്ങനെ എത്രയെത്ര
ആലിമുമാർ....., ജീവിതത്തിന്റെ സ്വാതന്ത്ര്യത്തെ
ആസ്വദിക്കാൻ കഴിയാതെ...., കൂട്ടിവെച്ച
കിനാക്കൾക്ക് ചിറകുവിരിക്കാൻ അവസരം
കിട്ടാതെ...., മനുഷ്യത്വം മരിച്ച കാട്ടുമൃഗങ്ങളുടെ
വെടിയുണ്ടകൾക്കിരയായ ഒരുപാട് നിർഭാഗ്യ
ജന്മങ്ങൾ. ഇവരും മനുഷ്യരല്ലേ..? സ്വാതന്ത്ര്യവും
സമാധാനവും ഇവരിൽ അന്യമോ?... ഇത്രമേൽ
അവഗണിക്കപ്പെടാൻ ഇവരെന്ത് തെറ്റ് ചെയ്തു?
വിദ്യനുകർന്നു വിദ്യാലയോധ്യാനയത്തിൽ
പാറിപറക്കേണ്ട പിഞ്ചോമനകൾ...
അവർക്കുമുണ്ടായിരുന്നു സ്വപ്നങ്ങൾ..
കെ ട്ടടങ്ങാത്ത പ്രതീക്ഷകൾ,..., ഈ
നഷ്ട്ടങ്ങൾ എങ്ങനെ നിക്കത്തപ്പെടും? ഇത്രയും
ക്രൂരതകൾ കാട്ടിക്കൂട്ടാൻമാത്രം ഇവരുടെ
ഹൃദയങ്ങൾക്കെങ്ങനെ ധൈര്യം വന്നു?.....
ചിന്തിക്കേണ്ടിയിരിക്കുന്നു! എവിടെയാണ്
ഇത്തരക്കാർക്ക് പിഴച്ചത്തെന്ന്, “തോക്ക്
പിടിച്ചൊരു കൈക്കുപിന്നിലും ചോക്കു
പിടിച്ചൊരു കയ്യുണ്ട്.!” അതെ,.....
പിഴച്ചതിവിടെയാണ്, വിത്ത് മുളച്ചുവന്ന
ആ പ്രായത്തിൽ,... കൊടുക്കാമായിരുന്നു,

മാനവിക മൂല്യങ്ങളിലധിഷ്ഠിതമായ
വിദ്യാഭ്യാസം....., സഹജീവിയെ
നെഞ്ചോട് ചേർത്ത്
കാരുണ്യത്തിന്റെ ചിറക് വിരിച്ച്
കൊടുക്കാനുതകുന്ന..., മനുഷ്യനെ
മനുഷ്യനായി കാണാനുള്ള
മാനസികശേഷി..., വിദ്യാഭ്യാസം
കേവലം അച്ചടിപ്പകർപ്പുകൾ
മനപ്പാഠമാക്കി സ്റ്റാറാവാനുള്ള ഒന്നല്ല,
മറിച്ച് സമൂഹത്തിൽ സമായോജനം
കൈകൊണ്ട് വ്യക്ത്യാന്തര
ബന്ധങ്ങളിൽ ഉർജ്ജസ്വലരായി
കൊണ്ട് രാജ്യത്തിന്റെ
അഖണ്ഡതയും അഭിമാനവും കാത്തു
സൂക്ഷിച്ചുകൊണ്ടുള്ള വിജയം....,
അതുംകൂടി ഉണ്ടെങ്കിൽ മാത്രമേ
യഥാർത്ഥ വിദ്യാഭ്യാസം പൂർണമാവൂ..,
മാറേണ്ടതുണ്ട് നാം...., മാറ്റേണ്ടതുണ്ട്
... ഈ ചെയ്തികളെ.., അത്,
നമുക്ക് അധ്യാപകർക്കേ സാധിക്കൂ..,
നിഷ്കളങ്ക ഹൃദയത്തോടെ നമ്മെ
സമീപിക്കുന്ന ഓരോ കുഞ്ഞിന്റെയും
മനസ്സ് തൊട്ടറിയാൻ കഴിവുള്ള,തന്റെ
മുന്നിലിരിക്കുന്ന ഓരോ മെയ്യും തന്റെ
സ്വന്തമാണെന്ന ഭാവത്തോടെ നാം
അവരിലേക്കിറങ്ങിച്ചെല്ലണം...,
അവർ ഉയരട്ടെ.... പ്രബഞ്ചം മുഴുവൻ
പ്രഭ പരത്തുന്നവരായിട്ട്...., വിടരാൻ
കൊതിക്കുന്ന ആലിമിനെ പോലുള്ള
പൂമൊട്ടുകളെ തൊട്ടുണർത്തുന്ന ദിവ്യ
പ്രകാശമായിട്ട്..



# വെള്ളത്തൂവൽ

നാസിഹ



ക്ഷമിക്കണം!!
വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തിൽ ഒരു
പിശകു പറ്റിയിട്ടുണ്ട്.
കാരണം, ഇന്നെനിക്ക് വീടില്ല.

കാടിന്റെ മക്കൾ എന്ന വിളിപ്പേര്
ചേർക്കപ്പെട്ടെങ്കിലും
ഈ കാട്ടിൽ ഇടമില്ലെനിക്ക്...
കാരണം, കാടിന്റെ ഇരുട്ടിൽ എന്നെ
തിരിച്ചറിയാൻ പറ്റുന്നില്ല പോലും....!
ഞാനും പോയി; കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട
ഒരുപറ്റം ജനഹൃദയങ്ങളിലേക്ക്.
കറുത്ത ചുമരുകളാണ് ഇവിടം.
നിന്റെ തൊലിയുമായി യോജിപ്പില്ല പോലും..!
അവരും അവിടെ ഇരുട്ടാക്കിയിരിക്കുന്നു.

ഒരു വഴിയുമില്ലാത്ത ഞാൻ എനിക്ക് തങ്ങാൻ
ഒരു വഴി കണ്ടെത്തണമല്ലോ....

എൻ വെള്ളച്ചിറകുകൾ കുടഞ്ഞുവീശി കറുത്ത
പൊടികളെ പാറിപ്പറത്തി,
എന്റെ ശക്തി പ്രഹരിച്ച് ഉയർന്നുപൊങ്ങി
ഞാൻ;
കണ്ടു ഞാൻ തെളിഞ്ഞ വെളുത്ത ആകാശം
പോൽ എൻ കൊച്ചുകുര :



# ഞാൻ കറുത്തിട്ടാണ്

റിഷാന

പാരിൽ പാറി നടക്കവേ
കാക്ക കേട്ടുവത്രെ
തന്റെ പേരിൽ മനുഷ്യനെ പരിഹരിച്ചുവെന്ന്
കാക്കക്കറുമ്പനെന്ന് വിളിച്ചതിൽ
മനംനൊന്ത് കരഞ്ഞു വെന്ന്
നീ  കറുത്ത തെങ്കിൽ ആടണ്ട...
പാടണ്ട....
അവസരം നിനക്കില്ല ഒന്നിനും....തരില്ല
നിനക്കൊന്നിനും അത്
ഞാൻ നിൻ വഴികാട്ടിയെങ്കിലും...
കറുപ്പിനഴകെന്ന് പാടി വെച്ചതും മനുഷ്യൻ,
ബലിച്ചോർ തിന്നാൻ
മാടി വിളിക്കുന്നതും മനുഷ്യൻ....
എന്നിട്ടും ഞാൻ കറുകറുത്തത്
കുഞ്ഞ് കറുത്ത് പോയോ...അയ്യേ....
പെണ്ണ് കറുത്ത് പോയോ...അയ്യേ....
എന്നാൽ മനസ്സ് കറുത്ത്
പോയതിന്,
ജീവന് വേണ്ടി പിടയുന്നവനെ റോഡിൽ
ഉപേക്ഷിച്ച് പോയവന് എന്തേ
അയ്യേ എന്ന് ചൊല്ലാത്ത്.....
ഞാൻ കറുത്തിട്ടാണ്...
സഹ ജീവിയെ കൊല്ലുന്ന അത്ര  കറുപ്പല്ല....
കുഞ്ഞു ശരീരം പോലും പിച്ചിക്കീറുന്ന
വൈകൃതങ്ങളുടെ അത്ര കറുപ്പല്ല...
യുദ്ധത്തിൽ ഭക്ഷണപ്പൊതി കാത്തു നിൽക്കുന്ന
കുഞ്ഞ്
കൈകളിൽ ബോംബ്
വച്ച് കൊടുക്കുന്ന അത്ര കറുപ്പല്ല....
തന്റെ സ്വപ്നത്തിനായ് പറക്കാൻ മുതിരുന്ന
പെൺ മനസ്സിനെ
താലിയിലും ഉുക്കുന്ന പണത്തിലും കെട്ടിയിടുന്ന
അത്ര
കറുപ്പല്ല.....
എങ്കിലും ഞാൻ കറുത്തിട്ടാണ്......
നക്ഷത്രങ്ങൾ മിന്നുന്ന
രാത്രിയെപ്പോലെ...
വെളിച്ചത്തിന്റെ വിലയറിയാൻ
കണ്ണടക്കുമ്പോഴുള്ള ഇരുട്ടിനെ പോലെ
“ഞാൻ കറുത്തിട്ടാണ്”

# മേഡം സ്പീക്കർ...

## - പാർലമെന്റ് അനുഭവം -

ശരണ്യ

«ഈ വരുന്ന മോഡൽ പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കാൻ നിങ്ങൾ തയ്യാറാണോ?» ടീച്ചറുടെ ചോദ്യം കേട്ടപ്പോൾ ആദ്യമൊന്ന് അമ്പരന്നു. സ്കൂളിൽ പഠിക്കുന്ന കാലഘട്ടത്തിൽ പാർലമെന്റ് മാതൃകയിൽ തിരഞ്ഞെടുപ്പ് നടത്തിയത് മാത്രമാണ് പാർലമെന്റുമായുള്ള എന്റെ മുന്നനുഭവം.


Model Parliament State Level Competition നെ കുറിച്ച് സുദീർഘമായ വിവരണം പ്രമീള ടീച്ചർ ഞങ്ങളുമായി പങ്കുവെച്ചു. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരും പരസ്പരം ഒന്നു നോക്കി. സംസ്ഥാനതലത്തിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് കൃത്യമായി പാർലമെന്റ് സംഘടിപ്പിക്കാൻ നമുക്ക് സാധിക്കുമോ?എന്ന ചോദ്യചിഹ്നത്തിലാണ് ആ നോട്ടം എത്തി നിന്നത് . സ്പീക്കർ ആവാമെന്ന തീരുമാനത്തിലേക്ക് ഞാൻ എത്തിയത് ടീച്ചർ നൽകിയ ആത്മവിശ്വാസത്തിന്റെ പുറത്താണ്.ഈ കലാലയ കാലഘട്ടത്തിൽ എടുത്ത ഏറ്റവും മികച്ച തീരുമാനവും അത് തന്നെയായിരുന്നു. എന്നെപ്പോലെ  പാർലമെന്റിലെ ഓരോ റോളും തിരഞ്ഞെടുത്തവർ ചിന്തിക്കുന്നത് ഇപ്രകാരം തന്നെയാവണം. കാരണം അത്രമേൽ അനുഭവസമ്പത്ത് മോഡൽ പാർലമെന്റ് ഞങ്ങൾക്ക് നൽകിയിട്ടുണ്ട്.

മോഡൽ പാർലമെന്റിലേക്കുള്ള മുന്നൊരുക്കങ്ങളുടെ വേളയിലാണ് സ്പീക്കർ എന്നത് എത്ര വലിയ ഉത്തരവാദിത്തമായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നത്. 90 മിനിറ്റ് ദൈർഘ്യമുള്ള പാർലമെന്റിന്റെ ഓരോ ചലനങ്ങളും നിയന്ത്രിക്കേണ്ടത് സ്പീക്കറാണ്. ശ്രദ്ധ വിട്ടുപോകാതെ ഓരോ പ്രതികരണങ്ങളും കൃത്യമായി നിരീക്ഷിക്കണം,  തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ പ്രമീള ടീച്ചർ എന്നോട് നിരന്തരം പറഞ്ഞു കൊണ്ടിരുന്നത് എന്റെയുള്ളിൽ സ്പീക്കർ എന്ന കഥാപാത്രം തനിയെ രൂപംകൊള്ളാൻ ഇടയാക്കി. പാർലമെന്റിലെ ഓരോ കഥാപാത്രവും പിറവികൊണ്ടത് ടീച്ചർ ഇതുപോലെ ഓരോരുത്തരുടെയും ഹൃദയത്തിലേക്ക് ആ കഥാപാത്രത്തെ എത്തിച്ചത് കൊണ്ടാണ്.

ആദ്യ കടമ്പ  സ്ക്രിപ്റ്റ് തയ്യാറാക്കൽ ആയിരുന്നു. പ്രധാന റോളുകൾ കൈകാര്യം ചെയ്യുന്ന ആളുകളെ തിരഞ്ഞെടുത്ത് ഒരു അടിസ്ഥാന കമ്മിറ്റി രൂപീകരിച്ചു. ഇവിടെ നിന്നുമാണ് സ്ക്രിപ്റ്റ് ഉടലെടുത്തത്. രാഷ്ട്രപതിയുടെ നയപ്രഖ്യാപനം, സത്യപ്രതിജ്ഞ, അനുശോചന പ്രമേയം, പുതിയ മന്ത്രിയെ പരിചയപ്പെടുത്തൽ, ചോദ്യോത്തര വേള, അടിയന്തര പ്രമേയം, ശ്രദ്ധ ക്ഷണിക്കൽ,സ്റ്റേറ്റ്മെന്റ് ബൈ മിനിസ്റ്റർ,പേപ്പർ മേശപ്പുറത്ത് വെക്കൽ, നിയമനിർമ്മാണം തുടങ്ങി ഓരോന്നിനും അതത് റോൾ ചെയ്യുന്നവർ സ്ക്രിപ്റ്റ് തയാറാക്കാൻ ശ്രമം നടത്തി. പിന്നീട് ആവശ്യമായ തിരുത്തൽ പ്രക്രിയയ്ക്ക് അസീസ് മാഷും പ്രമീള ടീച്ചറും സഹായിച്ചു.  സ്ക്രിപ്റ്റ് അതിന്റെ പൂർണ്ണതയിൽ എത്തുന്നുവരെ വൈകിയ വേളയിലും കോളേജിൽ ഒന്നിച്ചിരുന്ന് നടത്തിയ നിരന്തര ചർച്ചകൾ മധുരമുള്ള ഓർമ്മകളായി മാറി.
മോഡൽ പാർലമെന്റിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരോട് ഓഡിറ്റോറിയത്തിൽ എത്താൻ അറിയിച്ചപ്പോൾ ഞങ്ങളുടെ പ്രതീക്ഷയെയും മറികടന്നെത്തിയ ആളുകളുടെ എണ്ണം കൂടി. 90 ഓളം ആളുകളിൽ നിന്നും

55 പേരിലേക്കുള്ള ചുരുക്കം നിരന്തരവും കഠിനവുമായ പരിശീലന ദിനങ്ങളിൽ ഉണ്ടായ കൊഴിഞ്ഞുപോക്കിന്റെ ഫലമായിരുന്നു.
 പരിശീലനവേളകളിലെ രസകരമായ നിമിഷങ്ങളും കണ്ണഞ്ചിപ്പിക്കുന്ന പ്രകടനങ്ങളും മുന്നോട്ടുള്ള ദിനങ്ങളിൽ മത്സര വീര്യം കൂട്ടി. ജിഷ്ണു (പ്രധാനമന്ത്രി), സുഹൈൽ (ആഭ്യന്തരമന്ത്രി), അക്ഷയ് (പ്രതിപക്ഷ നേതാവ്), അർഷിദ (വിദ്യാഭ്യാസ മന്ത്രി), അനുഷ (ഡെപ്യൂട്ടി ഒപ്പോസിഷൻ ലീഡർ) തുടങ്ങിയവർ മികച്ച പ്രകടനം പരിശീലന വേളയിൽ തന്നെ കാഴ്ചവെച്ചത് മറ്റ് അംഗങ്ങൾക്ക് പ്രചോദനമായി മാറി.
 രണ്ടാം ശനിയാഴ്ച ഓഡിറ്റോറിയത്തിൽ വച്ച് പരിശീലനത്തിൽ ഏർപ്പെട്ടപ്പോൾ അപ്രതീക്ഷിതമായി മലപ്പുറം ITE യിലെ മുസ്തഫ മാഷും കൂട്ടരും എത്തി. മോഡൽ പാർലമെന്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ചരിത്രം ഉള്ളവരാണ് മലപ്പുറം ഐ.ടി.ഇ . അതുകൊണ്ടുതന്നെ ധാരാളം അനുഭവങ്ങൾ കേട്ടറിയാൻ അവസരം ലഭിച്ചു.
 നിരന്തരമായ പരിശ്രമത്തിലൂടെ ഓരോരുത്തരുടെയും പ്രകടനം മെച്ചപ്പെട്ടു കൊണ്ടിരുന്നു. ജനുവരി -20ആം തീയതിയായിരുന്നു മത്സരം. മത്സരദിനത്തിൽ വളരെ നേരത്തെ തന്നെ എല്ലാവരും കോളേജിൽ എത്തിച്ചേർന്നിരുന്നു. ഓരോ റോളിനും അനുയോജ്യമായ വേഷങ്ങൾ ധരിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ സ്ഥാനം ഉറപ്പിച്ചപ്പോൾ യഥാർത്ഥ പാർലമെന്റിൽ ഇരിക്കുന്ന പ്രതീതി ഉളവാക്കി. കഴിഞ്ഞ കുറെ നാളുകളായി ഈയൊരു നിമിഷത്തിൽ എത്തിച്ചേരാൻ ഇതിനുപിന്നിൽ പ്രവർത്തിച്ച ഓരോരുത്തരുടെയും അധ്വാനം എന്റെ ചിന്തയെ പോർക്കളമാക്കി. ഒരു നിമിഷത്തെ അശ്രദ്ധ എല്ലാം അവതാളത്തിൽ ആകുമോ? എന്ന വേവലാതി മനസ്സിനെ പിടിച്ചുലച്ചുകൊണ്ടിരുന്നു.

 മോഡൽ പാർലമെന്റിന് സാക്ഷിയാകാൻ ജനപ്രതിനിധികളുടെയും രക്ഷകർത്താക്കളുടെയും വലിയ നിര തന്നെയുണ്ട്. മത്സരം വീക്ഷിക്കാൻ എത്തിയ ജഡ്ജ് സ്റ്റേജിന്റെ ഇടത് വശം ചേർന്ന് സ്ഥാനം ഉറപ്പിച്ചു. ആദ്യ ബെൽ മുഴങ്ങിയപ്പോൾ മത്സരം ആരംഭിച്ചു. അതുവരെയുണ്ടായിരുന്ന ചിന്തകളെല്ലാം എങ്ങോ പോയ് മറഞ്ഞു. വലിയ ഉത്തരവാദിത്തങ്ങളുള്ള സഭയെ നിയന്ത്രിക്കാൻ പവർ ഉള്ള മാഡം സ്പീക്കറായി മാറി. സമയത്തിനനുസരിച്ച് സഭ നിയന്ത്രിക്കാൻ അവസരോചിതമായി ഇടപെട്ടു. നയപ്രഖ്യാപനം മുതൽ അവതരണം വരെയുള്ള ഓരോ നടപടിക്രമങ്ങളും അതിന്റേതായ ചിട്ടയിലും ക്രമത്തിലും മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു.ഇടയ്ക്ക് വീണുപോകും എന്ന വേളയിൽ പോലും സഭയെ താങ്ങി നിർത്താൻ സാധിച്ചു. ബിൽ പാസാക്കി സഭ പിരിച്ചുവിട്ടപ്പോൾ ഏൽപ്പിച്ച ഉത്തരവാദിത്വം അതിന്റെ



പൂർണ്ണതയിൽ ചെയ്തുതീർക്കാൻ സാധിച്ചതിന്റെ നിർവൃതിയിൽ ഒരു ദീർഘനിശ്വാസം എടുത്തു.

 ദേശത്തിന്റെ ഏകീകൃതസ്വഭാവവും ഫെഡറൽ സമ്പ്രദായവും എടുത്തുക്കാട്ടുന്ന യഥാർത്ഥ പാർലമെന്റിന്റെ നടപടിക്രമങ്ങളെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചുള്ള കൃത്യമായ ധാരണ ഓരോ അധ്യാപക വിദ്യാർത്ഥി യിലേക്കും എത്തിക്കാൻ മാതൃക പാർലമെന്റ് അവസരം ഒരുക്കി.

പിന്നീട് v_set ക്യാമ്പിലും തോൽപ്പെട്ടി ക്യാമ്പിലും പാർലമെന്റ് സംഘടിപ്പിച്ചു. പാർലമെന്റ് അനുഭവം ഓർത്തെടുക്കുമ്പോൾ എനിക്ക് ഒരിക്കലും മറക്കാൻ സാധിക്കാത്തത് ആ വിളിയാണ്.... “മാഡംസ്പീക്കർ.....”

സുമയ്യ

# അനാഥനാവുമ്പോൾ മനുഷ്യനാവുന്നു



ഉടലുടഞ്ഞുപോയവർക്ക്
ചെറുത്തുനിൽക്കാനെളുപ്പമല്ല
ഉള്ളുലയാതെ നോക്കണമല്ലോ.
നേർത്ത മഞ്ഞുപാളിയുടേതെങ്കിലും
കനത്തൊരാവരണം തീർത്തിരിക്കണം.
ഒന്ന് നഷ്ടപ്പെടുമ്പോഴും
സ്വയമാശ്രയമാവേണ്ടതുണ്ടല്ലോ..
ഇലയുണങ്ങിതുടങ്ങുമ്പോഴൊക്കെ
വേര് വഴി വെട്ടുകയായിരുന്നു.
അല്ലെങ്കിലും നട്ടു നനച്ചവക്കൊന്നും
ഒറ്റയ്ക്ക് പൂത്തവരുടെ ചങ്കുറ്റമുണ്ടാവണമെന്നില്ല,
ആഴ്ന്നിറങ്ങാനുള്ള വാക്കുറ്റമുണ്ടാവണമെന്നില്ല.

# Exemplary **teaching** is a **RESPONSIBILITY**

Mufeeda M K

Teachers are the builders of a society. Because teacher pave the way for the better society. In a society school is the basic structure of cultural transition.It involves various kind of students from different part of the society.Each students have there own religion,caste,custom and tradition.The teacher is the person who incorporate various tradition in a class room together as flowers in a garden.

According to swami Vivekananda Children are plants and the teacher is the gardener who is watering and nourishing the plants.That is Teacher is a facilitator .Whose duty is to give good norms and values to students.Teaching is not a profession , it is a responsibility.

School is the miniature of a democratic country.children are the upcoming citizens of the country. In india we follow democratic rule and regulations.Our constitution emphasizes equality, secularism,and brother hood.This values are essential for the better country.So it is the responsibility of a teacher to sow the seed of democratic values in students heart.making of a better society is the duty of the teacher.

Teaching is a highly responsible job.Teacher is a person who spread good values,like a flower spread smell.So the teacher must have vast mind and good faith.Teacher should keep equality among their students.It is the prime responsibility of a teacher.At present we have some teachers like sathyabhama.She humiliate RLV Radhakrishnan in the name of colour.She is not an ideal teacher. Ideal teachers always raise their voice against any kind of discrimination in the name of races,color,sex etc.

Of course it is the responsibility of a teacher to build a society without discrimination ,it is the responsibility of a teacher to build a new society with equality, and a society free from superstition.



Teaching is a service, not a service to an individual, but a service to a community. Teachers are servants of society.Contemporary society face many problem based on drugs and sexual abuse.Teacher should keep a good relation to their students and protect them from all evils in the society.It is the responsibility of teacher to impart sexual education as well as actively participate them in anti drug project.


We live in a world of information and communication technology.So , Education is in our fingertips.Therefore, children do not need a teacher to teach the subject , they can learn by themselves.Then what is the role of a teacher? who is the teacher?.A teacher is a person who builds a better future.Teachers fulfill the purpose of molding a good society.Our society needs an ideal teacher.Teaching is not a responsibility,but Ideal teaching is a responsibility.

# നിലക്കാത്ത മണിനാദം

ഷബീബ

“കണ്ണിമാങ്ങാ പ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പോൾ
മാമ്പഴമാകട്ടേന്ന് എന്റെ പൂന്നാരേ
മാമ്പഴമാകട്ടേന്ന്...”
“മിന്നാ മിനുങ്ങേ മിന്നും മിനുങ്ങേ
എങ്ങോട്ടാണെങ്ങോട്ടാണീ തിടുക്കം
നീ തനിച്ചല്ലേ പേടിയാവില്ലേ
കൂട്ടിനു ഞാനും വന്നോട്ടെ
മിന്നാ മിനുങ്ങേ മിന്നും മിനുങ്ങേ.....”

എന്റെ കുട്ടികാലത്ത് ഏകദേശം പറയുകയാണെങ്കിൽ ഒരു 2011-2012 കാലഘട്ടം, ആകാശവാണിയിൽ (102.7fm )നിന്നും സ്ഥിരമായി ഞാൻ ഇത്തരം ഗാനങ്ങൾ കേൾക്കാൻ ഇടയായി. അവയെന്റെ കാതുകളിൽ എത്താത്ത ദിവസം എന്തോ ശൂന്യത തോന്നിതുടങ്ങി. അങ്ങനെയിരിക്കെ ഞാനാ പാട്ടുകളുടെ ശബ്ദത്തിന്റെ ഉടമയെ അന്വേഷിച്ചറിഞ്ഞു. സിനിമയും സീരിയലും കാണൽ നിഷേധമാണെന്ന് കൽപ്പിച്ചിരുന്നതിനാൽ എനിക്കദ്ദേഹം തീർത്തും അപരിചിതനായിരുന്നു. ഇന്റർനെറ്റും വാഡ്സാപ്പും ഇന്നത്തെ പോലെ അന്നെനിക്ക് സുലഭമല്ലാത്തതിനാൽ അദ്ദേഹത്തെകുറിച്ചറിയാൻ എനിക്കേറെ വഴികളൊന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും ലഭ്യമായ സ്രോതസ്സുകളിൽ നിന്നും ഞാൻ അദ്ദേഹത്തെക്കുറിച്ച്



കേട്ടും വായിച്ചും അറിഞ്ഞു. കൂടാതെ അദ്ദേഹത്തിന്റെ പല സിനിമകളും കാണാനും ശ്രമിച്ചു. അതെല്ലാം എന്നിൽ അദ്ദേഹത്തോടുള്ള ആരാധന വളർത്തി. ദൈവത്തിന്റെ സ്വരമുള്ള ഗായകൻ! പാട്ടുകളിലും മിമിക്രികളിലും വർത്തമാനങ്ങളിലും സിനിമയിലും തന്റെ വേറിട്ട സ്വരത്താൽ അദ്ദേഹം തികച്ചും മുൻനിരയിൽ തന്നെ ആയിരുന്നു. നിഷ്കളങ്കമായ ഭാവവും കാതുകൾക്ക്ഇമ്പമേറുന്ന ഈണവും നർമ്മത്തിന്റെ മാനങ്ങളും ചേർന്ന് ആലപിക്കുമ്പോൾ ജനമത് ഏറ്റെടുത്ത് അവരുടെ മനസ്സിൽ മണിയെന്ന വ്യക്തിക്ക് ഒരുസ്ഥാനം തന്നെ നൽകിയിരുന്നു.

ദാരിദ്ര്യത്തിൽ ഒന്നാമനായ മണി തന്റെ കണ്ണീരും കഷ്ടപ്പാടും ഇന്ധനമാക്കി കലയെ സ്വായത്തമാക്കി. ആ കല കൊണ്ടദ്ദേഹം ജനമനസ്സും കീഴടക്കി. താനനുഭവിച്ച വിശപ്പ് ജീവിതത്തെപ്പറ്റി മണിക്ക് പുതിയ സാമൂഹിക പാഠം നൽകി.അത് അദ്ദേഹത്തിൽ സഹജീവി സ്നേഹവും സഹായമനസ് കതയും നിലനിർത്തിയിരുന്നു.ഓരോ മനുഷ്യരെയും ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുക എന്ന ദൈവ നിയോഗത്താൽ അദ്ദേഹം ഒരു ഓട്ടോ ഡ്രൈവറായി ആദ്യകാലങ്ങളിൽ തൊഴിൽ ചെയ്തു. ഒപ്പം ചാലക്കുടിക്കാർക്ക് പ്രിയപ്പെട്ട ഒരു കർഷകനായും നിലനിന്നു. പിന്നീടാണ് അദ്ദേഹം മിമിക്രി എന്ന കലയിൽ സജീവമാകുന്നതും. അതിൽ മറ്റുള്ളവരിൽ നിന്നും വേറിട്ട് മൃഗങ്ങളുടെ ശബ്ദത്തെ ശരീരത്തിലാവാഹിച്ച് നിർവഹിച്ച ജനഹൃദയങ്ങളിൽ ഇടം നേടിയത്. ആന കുരങ്ങ് കാക്ക എന്നിങ്ങനെ മണിയുടെ ശരീരത്തിനും ശബ്ദത്തിനും വഴങ്ങാത്ത ജീവികൾ കുറവായിരുന്നു. ഇത് അദ്ദേഹത്തെ ഓട്ടോക്കാരൻ മണിയിൽ നിന്നും കലാഭവൻ മണിയിലേക്ക് മാറ്റി.തുടർന്ന് മിമിക്രിയിൽ നിന്നും അദ്ദേഹം പതിയെ പതിയെ സിനിമയിലേക്ക് കാലെടുത്തുവെക്കുകയാണ ണ്ടായത്. ഇതിനു മുന്നേ തന്നെ അദ്ദേഹം നാടൻ പാട്ടിനു മുളനെല്ല് പാകിയിരുന്നു. നമ്മളിൽ ഉറങ്ങിക്കിടക്കുന്ന നാട്ടുകഥകളും നാടൻ സംസ്കാരത്തനിമകളും നാടൻപാട്ടിലൂടെ വിളിച്ചോതിയപ്പോൾ മാപ്പിളപ്പാട്ടുകളിലും ആൽബം ഗാനങ്ങളിലും കൂടാതെ ഭക്തിഗാനങ്ങളും തന്റെ ശബ്ദത്തെ അദ്ദേഹം പ്രയോഗിക്കാതിരുന്നില്ല. അതിനാൽ തന്നെ മണിയുടെ ഗാനങ്ങൾ ഏറ്റുമൂളാത്ത ആബാലവൃദ്ധജനങ്ങൾ കേരളത്തിൽ ഇല്ലെന്നുതന്നെ ഉറപ്പിക്കാം

കറുപ്പിന്റെ കരുത്തുമായും പൊട്ടിച്ചിരിയുടെ മാലപ്പടക്കവുമായി വെള്ളിത്തിരയെ പ്രകമ്പനം കൊള്ളിച്ചും നിഷ്കളങ്കമായ ജീവിത തരംഗങ്ങളെ യുക്തി സഹമായി ചിന്തിപ്പിച്ചും സിനിമാലോകത്ത് അദ്ദേഹം ആറാടി നിന്നു. കൂടാതെ അദ്ദേഹത്തിന്റെ സിനിമാരംഗങ്ങൾ പലപ്പോഴും മലയാളിക്ക് പൊട്ടിച്ചിരിക്കാനും പൊട്ടിത്തെറിക്കാനും പൊട്ടിക്കരയാനും ഒരുപോലെ അവസരം നൽകുന്നവരായിരുന്നു. തന്റെ 45 വയസ്സ് ആകുമ്പോഴേക്കും മണി ഇരുന്നൂറിലധികം മലയാളം, തമിഴ്, തെലുങ്ക്, കന്നഡ എന്നിവയിലെ സിനിമകളിൽ തനിക്കു കിട്ടിയ വേഷങ്ങളണിഞ്ഞ് വെള്ളിത്തിരയിൽ ആടിത്തിമി ർത്തു. പെടുന്നനെയാണ് അദ്ദേഹത്തിന്റെ മരണ വാർത്തയറിഞ്ഞത്!അദ്ദേഹത്തിന്റെ ഇമ്പമൂറുന്ന ഗാനങ്ങളെയും തിന്മ വേഷത്തെയും നെഞ്ചിലേറ്റിയ ഓരോരുത്തർക്കും അതൊരു വിയോഗവാർത്ത മാത്രമായിരുന്നില്ല. അത് ഇന്നും ഉൾക്കൊള്ളാൻ ആകാത്ത ഒരു സത്യം കൂടിയായി നിലനിൽക്കുന്നു.അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കലയെയും സ്നേഹിച്ച എന്റെ അവസ്ഥയും തികച്ചും വ്യത്യസ്തമായിരുന്നില്ല. കേട്ടതെല്ലാം വെറും മിഥ്യയാകണേ എന്നു പ്രാർത്ഥിച്ച എനിക്കാസത്യം വിവിധ മാധ്യമങ്ങളിൽ നിന്നും കേട്ടറിഞ്ഞും വായിച്ചറിഞ്ഞും ഉൾകൊള്ളേണ്ടി വന്നു.

മലയാളി മനസ്സിൽ എന്നും സൗന്ദര്യം കൊണ്ടും സമ്പത്ത് കൊണ്ടും മുന്നിട്ടു നിൽക്കുന്ന പ്രശസ്തരിൽ നിന്നും തികച്ചും വ്യത്യസ്തമായി തന്റെ കഴിവ് കൊണ്ടും സ്വഭാവ മഹിമ കൊണ്ട് ഇടം നേടിയ വ്യക്തിയാണ് കലാഭവൻ മണി. എന്നാൽ നിറത്തിന്റെ പേരിലും സമ്പത്തിന്റെ പേരിലും ഇന്നും അദ്ദേഹത്തിന്റെ പിന്മുറക്കാർ അവഗണനയിൽ എന്ന കാര്യം കഴിഞ്ഞ ദിനങ്ങളിലെ സംഭവവികാസങ്ങളിൽ നിന്നും വ്യക്തമാണ്. കലാമേഖലകളിൽ ഏറെ മുന്നിട്ടു നിൽക്കുന്ന അദ്ദേഹത്തിന്റെ പ്രിയ സഹോദരൻ നിറത്തിന്റെ പേരിൽ നേരിട്ട ദുരനുഭവങ്ങൾ നമുക്കു മുമ്പിൽ മാധ്യമങ്ങൾ തുറന്നുകാണിച്ചുവല്ലോ, കഷ്ടം തന്നെയാണ്! ഇന്നത്തെ കാലത്തും ഇത്തരത്തിലുള്ള ചിന്തകളും വേർതിരിവ് കാണിക്കലും, മലയാളി ഇനിയും മാറി ചിന്തിക്കേണ്ടിയിരിക്കുന്നു...



# “കാത്തിരിക്കാനൊരിടം”

സന

ചേക്കേറുന്ന സ്വപ്നങ്ങളോട്
ചിറകുള്ള പറവകളോട്..
ചില്ലകളിലെ ഇണക്കുരുവികളോട്..
ചിതറുന്ന ചിന്തകൾക്ക്
പ്രണയത്തിന്റെ മണമായിരിക്കാം..
പ്രാണന്റെ വിലയാകാം..
ഹൃദയത്തിലെപ്പോഴും
തനിക്കു താൻ
ഹൃദ്യമായൊരിടം
കാത്തുവെയ്ക്കുക..
പറക്കാൻ ആവാതിരുന്നാലും
പ്രണയത്തിൽ തോറ്റുപോയാലും
സ്വപ്നങ്ങൾ വീണ്ടും ചേക്കേറാൻ
അവിടം നിനക്കൊപ്പം നീ
കാത്തിരിക്കുക



# “വൃക്ഷമായവൾ”

ഫാത്തിമ തസ്നി പിപി

ഗർഭവേളയിൽ..
വേനലിനോട് പൊരുതുമ്പോൾ
തന്റെ ഉദരത്തിലൂറുന്ന
താളത്തെ കാതോർത്തു.

കുഞ്ഞായി പിറന്നപ്പോൾ
വസന്തം പോൽ
വാരിപ്പുണർന്നു..,
തേൻ നുകർന്നു തന്നു.

അമ്മയെന്ന സ്വർണ തരുവിൽ
നമ്മളൂഞ്ഞാലു കെട്ടി..,
വസന്തത്തിലവൾ പൂക്കളൊരുക്കി..,
വാത്സല്യ മേഘങ്ങൾ തണലൊരുക്കി..,
വർഷമായപ്പോൾ മാരി തന്നു..,
വേനലിൽ കുളിരു പകർന്നു..,

ഒടുവിൽ..


വാർദ്ധക്യം വന്നു..
ഊഞ്ഞാലഴിച്ചു..
മരം വിറ്റു..
വൃദ്ധസദനത്തിലേക്ക്..!



# സ്വപ്നഭ്രമി

ശൈത്യ.ഒ.എം

വളർന്നു വരുന്ന പുതിയ തലമുറയുടെ ഇന്ത്യഎന്നത്, നാം എല്ലാവരും വളരെ ആകാംഷയോടെ കൂടിയും ഭീതി ജനകമായരീതിയിൽ നോക്കി കാണുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യയുടെ പ്രത്യേകത മുൻനിർത്തുകയാണെങ്കിൽ എത്രത്തോളം ആ വാചകത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നുള്ളത് ഒരു ചോദ്യചിഹ്നം ആവാറില്ലേ? ഇന്ത്യ തീർച്ചയായും വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നു. രാജ്യത്ത് സമത്വം, സ്വാതന്ത്ര്യം, സാഹോദര്യവും, ജനാധിപത്യവും ഒക്കെ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. എന്നിരുന്നാലും അനീതിയും ക്രമക്കേടുകളും ദിനംപ്രതി കണ്ടുവരുന്നു. എവിടെയാണ് ഇന്ത്യൻ സമൂഹത്തിന് തെറ്റ് പറ്റുന്നത്. ഒരു വിഭാഗം ജനങ്ങൾ പാർശ്വവൽക്കരിക്കപ്പെടുന്ന തെങ്ങിനെ? അതൊരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗം ജനങ്ങൾ രാജ്യത്ത് ജീവിക്കുമ്പോൾ അതിന്റെ ആധികാരികത്വവും ശാസ്ത്രീയ വശങ്ങളും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.



എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ഒരു പാർശ്വവൽക്കരണ സമൂഹത്തെ കുറിച്ച്? നമ്മളും അത്തരമൊരു സന്ദർഭത്തിലൂടെ നടന്നുനീങ്ങുമ്പോൾ ചിന്തിക്കുന്നു, ഇത്രയും തരംതാണുപോയ സമൂഹത്തിന്റെ ഭാവി എങ്ങനെ നിശ്ചയിക്കുമെന്ന്.

പാർശ്വവൽക്കരിക്കപ്പെടുന്നത് കേന്ദ്രത്തിൽ അല്ല. മറിച്ച് ലോകമെമ്പാടുമുള്ള നിരവധി ആളുകൾ അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാമൂഹിക ചുറ്റുപാടിൽ ഒഴിവാക്കൽ അനുഭവിക്കുന്നു. ഈ ഒഴിവാക്കൽ ബാഹ്യമോ ആന്തരികമോ ആയ വ്യത്യാസങ്ങൾ മൂലം ആകാം. ഇന്ത്യയിലുടനീളം പാർശ്വവൽക്കരണം വ്യാപകമായി നമുക്ക് കാണാൻ സാധിക്കുന്നു.സാമ്പത്തിക സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സാഹചര്യങ്ങളുടെ സംയോജനം കാരണം സമൂഹത്തിലെ ചില വിഭാഗങ്ങൾ പാർശ്വവൽക്കരിക്കപ്പെടുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തിയിട്ടുള്ള ഒരു വിഭാഗം ജനങ്ങൾ ഈ സമൂഹത്തിൽ ജീവിക്കുന്നു. അവർക്ക് വേണ്ടി കൊടി പിടിക്കാനോ മുദ്രാവാക്യം വിളിക്കാനോ ആവശ്യങ്ങൾ നേടിക്കൊടുക്കാനോ ആരും തന്നെ മുമ്പോട്ട് വരുന്നില്ല. ഇന്ത്യ ഭരണഘടന അനുസരിച്ച് പാർശ്വ വൽക്കരിക്കപ്പെട്ടവർക്കും ദരിദ്രപൂർണ്ണ ജീവിതം നയിക്കുന്നവർക്കുമായി പ്രത്യേകം ആർട്ടിക്കിൾ തന്നെ ഉണ്ട്. അവ കൃത്യമായി നടപ്പിലാക്കാനോ അത്തരമൊരു നിയമവ്യവസ്ഥയെ കുറിച്ച് ബോധവൽക്കരണം നടത്താനോ ആരും തയ്യാറല്ല. ഇത്തരം നിയമവ്യവസ്ഥയെ കുറിച്ച് മാറ്റിനിർത്തപ്പെട്ടവർക്ക് യാതൊരു അറിവും ഇല്ല.

സമൂഹത്തിന്റെ എല്ലാ മേഖലകളിലും പാർശ്വവൽക്കരണം നടക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു. വർഗ്ഗം വർണ്ണം, ഭാഷാ, ദേശം, ജാതി, മതം, പണം തുടങ്ങി എല്ലാ മേഖലകളിലും ഇതിന്റെ ഒരു അംശം



# അവഗണിക്കപ്പെടുന്ന ബാല്യം

സുമയ്യ

നല്ല അനുഭവങ്ങളുടെ അമ്മത്തൊട്ടിലിൽ
വളരുന്ന കുട്ടികളിൽ മാത്രമേ വ്യക്ത്യത്വവും
ചിന്താവികാസവും സാധ്യമാവൂ..
മക്കളാണ് നമ്മുടെ സമ്പത്ത് എന്നത്
അച്ഛനമ്മമാരിൽ മാത്രം ഒതുങ്ങുന്ന വാക്യമല്ല,
അത് നാടിന്റെ സമ്പത്താണ്,
നാളെയുടെ കരുതൽ ധനമാണ്.
ഒരു കുട്ടിയുടെ എല്ലാ വഴികളും തുറക്കുന്നത്
വീടുകളിൽ നിന്ന് തന്നെയാണ്.
പലപ്പോഴും പല വഴികളും അടയ്ക്കപ്പെടുന്നതും
വീടുകളിൽ നിന്ന് തന്നെ.
നിർലോഭമായ സഹായങ്ങൾക്കു പകരം
നിയന്ത്രണങ്ങളുടെ
ചങ്ങലകൾ തീർത്തും,
അംഗീകാരങ്ങൾക്കു പകരം  അവഹേളനങ്ങൾ
സമ്മാനിച്ചും
അവസരങ്ങൾ നൽകാതെ അവഗണിച്ചും
നമ്മളവരെ
നമ്മുടെ വഴിയെ നടത്തുകയാണ്..

തിരക്കുതീർക്കുന്ന നമ്മുടെ ജീവിത
ശീലങ്ങളിൽ നമ്മളറിയാതെ മക്കൾ
അവഗണിക്കപ്പെടുകയാണ്. തുല്യതയും
സമഭാവനയും സമചിത്തതയും നമ്മളിൽ
നിന്ന് അകലുമ്പോൾ കുട്ടികൾക്ക് പല
ഘട്ടങ്ങളിലായി ലഭിക്കേണ്ട തുല്യ അവസരങ്ങൾ
അവർക്ക് അന്യമാവുകയും പിന്നിലേക്ക്
പിന്തള്ളപ്പെടുകയും ചെയ്യുകയാണ്.
ഇത്തരം നീതി നിഷേധങ്ങൾ കുട്ടികളിൽ
നിഷേധസ്വഭാവവും, നിസംഗതയും, വളർത്തുന്നു.

ആദ്യവിദ്യാലയമായ വീടിനകത്ത് നിന്ന്
ഇതിന് തുടക്കം കുറിക്കുന്നു ..
താരതമ്യം ചെയ്ത് വിലയിരുത്തുന്നതിലൂടെ
അവന്റെ ആത്മവിശ്വാസം തകർക്കുന്നു...
ആൺ/ പെൺ
വേർതിരിവിലൂടെ
അവസരസമത്വം
നഷ്ടപ്പെടുത്തുന്നു...
മൂത്തവൻ / ഇളയവൻ
എന്ന തരംതിരിവിലൂടെ
തുല്യത തകർക്കുന്നു...
തുല്യത നിഷേധിക്കപ്പെട്ടവർക്ക്
ആശ്രയമാവേണ്ട ക്ലാസ് മുറികളിലും
മറ്റൊരു തരത്തിൽ
ഇവ പുനഃസൃഷ്ടിക്കപ്പെടുന്നു.
നിരന്തര അംഗീകാരങ്ങൾക്ക്
അവസരം ലഭിക്കുന്നവർ,
പഠന മുന്നോക്കക്കാർ,
പിന്നോക്കക്കാർ,
എന്ന തരംതിരിവുകൾ
കുട്ടികളിൽ ക്ലാസ് മുറികളും
അവഗണനയുടെയും
അവസര നിഷേധത്തിന്റേയും
വേദികളാവുകയും
കുഞ്ഞുമനസ്സുകളെ വേദനിപ്പിക്കുകയും
ചെയ്യുന്നു...
ക്ലാസ് മുറികളിലെ
മുൻഗണനകൾ
കളിയിടത്തിലെത്തുമ്പോൾ കരുത്തിന്റെ
കരുതലാവുന്നു...


“ഒരു കുട്ടിയുടെ എല്ലാ
വഴികളും തുറക്കുന്നത്
വീടുകളിൽ നിന്ന്
തന്നെയാണ്.
പലപ്പോഴും പല വഴികളും
അടയ്ക്കപ്പെടുന്നതും
വീടുകളിൽ നിന്ന് തന്നെ.

അറിഞ്ഞും
അറിയാതെയും ബാല്യം
പലയിടങ്ങളിലായി
അവഗണനയുടെ
കയ്പുനീർ രുചിക്കുകയാണ്..
ഇവിടങ്ങളിൽ
കരുതലോടെയുള്ള
ഇടപെടൽ നടത്തുന്ന
സഹപാഠിയായും
രക്ഷിതാവായും
സുഹൃത്തായും
മാറുമ്പോൾ ... നല്ല രക്ഷിതാവാകാം
അധ്യാപകനാകാം...

കാണാൻ സാധിക്കുന്നു. സാമൂഹ്യജീവിയായ ഒരു മനുഷ്യൻ പരസ്പരബന്ധിതമായി ജീവിക്കുമ്പോൾ സമൂഹത്തെ വളരെ വ്യക്തമായ കാഴ്ചപ്പാടിൽ നോക്കി കാണാൻ സാധിക്കണം. എന്നാൽ വിവരവും വിദ്യാഭ്യാസവും ഏറെ സമ്പന്നമായ 21-ാം നൂറ്റാണ്ടിൽ പാർശ്വവൽക്കരണ സമൂഹത്തിന് എന്ത് പങ്കാണുള്ളത്? ഒരു വിഭാഗം ജനങ്ങളെ മാറ്റി നിർത്തിക്കൊണ്ട് ഒരു ഭാവി ഇന്ത്യയെ എങ്ങനെയാണ് വാർത്തെടുക്കുക? നിലവിലുള്ള ഇത്തരം ചോദ്യങ്ങൾക്കുള്ള വ്യക്തമായ ഉത്തരമായിരിക്കണം ഒരുപക്ഷേ ഭാവി ഇന്ത്യയെ നിശ്ചയിക്കുന്നത്.

ആദിവാസികൾ, പട്ടികജാതി, പട്ടികവർഗ്ഗം, സ്ത്രീകൾ, ട്രാൻസ്ജെൻഡർ, മുസ്ലിം വിഭാഗങ്ങൾ, ദളിതരും മറ്റു പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളും ഇന്ത്യയെ സംബന്ധിച്ചിടത്തോളം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടിട്ടുള്ളവരാണ്. ഗോത്രവർഗ്ഗം പലപ്പോഴും ഒരു ഉൾവലിഞ്ഞ സ്വഭാവം പ്രകടിപ്പിക്കാറുണ്ട്. ഭൂരിപക്ഷത്തിൽ നിന്നും ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന ചില മോശം അനുഭവങ്ങൾ ആവാം ചിലപ്പോൾ അവരുടെ ഈ ഉൾവലിയലിനു കാരണമാകുന്നത്. മാത്രമല്ല അവരുടെ ആചാരാനുഷ്ഠാനരീതികളും ഒരു കാരണമായി നമുക്ക് കണക്കാക്കാം. കേരളത്തിന്റെ അവസ്ഥ നോക്കു അട്ടപ്പാടിയിലെ ഗോത്രവർഗ്ഗങ്ങൾ എന്തുകൊണ്ടാണ് ഇന്നും സമൂഹത്തിനെ പേടിക്കുന്നത്? പൂർണ്ണമായും കാടിനോട് ഇണങ്ങി ജീവിക്കുന്ന ഗോത്രവർഗ്ഗത്തെ എന്തിനു നമ്മൾ മാറ്റി നിർത്തണം? തൊഴിലിന്റെ പേരിലാണെങ്കിലും ഈയൊരു മാറ്റിനിർത്തൽ കാണാം. രാഷ്ട്രത്തിന്റെ ഉന്നത പദവിയിലും ഇത്തരത്തിലുള്ള വിഭാഗത്തെ നമുക്ക് കാണാൻ സാധിക്കുന്നില്ല. എന്തിനു?എന്തുകൊണ്ട്? എന്നുള്ള ചോദ്യത്തിന് എല്ലാം ഉത്തരം കണ്ടെത്തുമ്പോൾ എന്തേ നമുക്ക് ശക്തമായ രീതിയിൽ വാർത്തെടുക്കാം.

പാർശ്വവൽക്കരണം എന്ന പേരിൽ ധാരാളം ജേണലുകളും പതിപ്പുകളും ദിനംപ്രതി പുറത്തിറങ്ങുന്നു. എന്നിരുന്നാലും അതിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി പോരായ്മകൾ നികത്താൻ എപ്പോഴാണ് ശ്രമം നടന്നിട്ടുള്ളത്. ഭാവി ഇന്ത്യ എന്നത് നമുക്ക് സ്വപ്നം കാണാം വ്യത്യസ്തതകൾ ഇല്ലാതെ എല്ലാവരും തുല്യരായി കൊണ്ട് ഒരു ഇന്ത്യക്കായി നമുക്ക് കൈകോർക്കാം.



Fathima Thazmin KT

# Time is the witness




Earth is drying up,
In the extreme summer of selfishness.
Peoples are suffocated
By the cold hands of rapacity
Virtues and cordialities
Breathe their last
Some sucks in earnest
The tear drops of others
Then the fatten
Colonization reborn
Slavery come disguised
Somebody embowel others faces.
With the blanket of fraud,
And sell their legs,
Then they capture their  mind.
They put the freedom on the  market.
Under the sun, a fraud without fraud,
Like a needle in a haystack.
Though the rain is not hesitate,
To pour on the people blissfully.
But they teamed it poisonous.
The trees don’t forget to bloom,
But men still can›t put their axes down.
Yes, time is the only witness.

മുനീറ. പി

# ഇര

വേട്ടയാടിപ്പിടിക്കും,
വേട്ടയ്ക്കായ് അസ്ത്രങ്ങൾ
തുരുതുരാ എറിയും..
വേട്ടയാടിപ്പിടിച്ചയിരയെ
തീയിൽ ചുട്ടുകൊല്ലും.
തീ കരിക്കാനാണ്, ചുട്ടുപൊള്ളിക്കാനാണ്
തീയല്ലേ...
തീയെരിയും, എരിയിക്കും
ആളിക്കത്തലുകളില്ലാതെ
ഒരു തിരിനാളത്താൽ
പാവം ഇര വേവാൻ തുടങ്ങും
വേവും, തൊലിയുരിയും വെന്ത പച്ചമാംസം
സ്വയം മണത്തറിയും..
ആ തിരിച്ചറിവിൽ
വീണ്ടും വീണ്ടും ഇരക്ക് വേദനിക്കും
തീയണക്കുന്ന ജലകണികകൾ പ്രളയമായ്
കണ്ണിൽ നിന്നുതിർന്ന് വീണ്
കവിളിലൊരു അരുവി തീർക്കും
അരുവിയിലാ ജന്മമിങ്ങനെ
മുങ്ങിത്താഴും, ചിലപ്പോ ചത്ത് പൊങ്ങും



കൊടും പേമാരിയിൽ ഓലപ്പുര
ചോർന്നൊലിക്കുന്നപോൽ
ആത്മധൈര്യം ഇരയിൽ നിന്ന് പെഴ്തൊഴിയും..
ഒരു ഇലയുടെ വാടിത്തളരലിൽ
ഒരു മരത്തിന്റെ ചില്ലയൊടിയലിൽ
ഒരു മരം വേരോടെ
കടപുഴകി വീഴുന്നതെന്തിന്നാണ്?

മാറിത്തുടങ്ങാം ഏതൊരു ഇരക്കും
മാറിടം പിച്ചിച്ചീന്തപ്പെട്ട
പെണ്ണെന്നയൊരു ഇരക്ക്
ഗർജിക്കുന്ന പെണ്ണൊരുത്തിയിലേക്ക്
മാറിത്തുടങ്ങാം..
പൊള്ളലേറ്റ മുറിപ്പാടുകളെ സാക്ഷിയാക്കി
തീയിലുരുകാതെ തീയായിടാം
പെണ്ണൊരു“ത്തീ”യായിടാം

സൈതീർത്ത സി

# ഹസ്റത് നിസാമുദ്ദീൻ

പൽദേശി പൽദേശി
ജനാനഹി ............

ഗംഗോത്രി യാത്ര കഴിഞ്ഞ് കാത്ഗോഡത്തിൽ ട്രെയിനിലിരിക്കുമ്പോൾ കറുത്ത മെലിഞ്ഞ കുഞ്ഞിനെ ഒക്കത്ത് വെച്ച് ഒരു ജിപ്സിക്കാരി തകർത്ത് മിന്നി പാടുകയാണ് ......» പൽ ദേശി പൽദേശി ജനാ നഹി ........ മുജെ ഛോട് .......

അകന്നകന്ന് പോകുന്ന ഹിമാലയൻ മലനിരകളെ നോക്കി സങ്കടത്തോടെ പറഞ്ഞു ...... ഇല്യ ....... ഒരു മൂന്ന് വർഷം കഴിഞ്ഞ് തിരിച്ചു വരും കാശുണ്ടാക്കണ്ടെ...... ?

ഡൽഹി നഗരത്തെ വല്ലാത്ത അറപ്പും വെറുപ്പുമായിരുന്നു .... പൊടി നിറഞ്ഞ ..... വൃത്തിയില്ലാത്ത ..... എങ്ങനെയും രക്ഷപ്പെട്ടാൽ മതിയെന്ന ചിന്തയായിരുന്നു .......

ശ്വാസം മുട്ടിക്കുന്ന തിരക്കു കാരണം മൂന്നാം നമ്പർ പ്ലാറ്റ്ഫോമിലേക്ക് ഇറങ്ങാൻ പറ്റാതെ ...... അകന്നകന്നു പോവുന്ന മംഗള എക്സ്പ്രസിനെ നോക്കി നിന്ന് ...... നിറഞ്ഞു വന്ന കണ്ണുകൾ തുടച്ചു കൊണ്ട് കാത്ഗോഡത്തെ ജിപ്സി ക്കാരിയെ ഓർത്തു .......പൽദേശി പൽദേശി ...... ജനാ നഹി ...... ഇല്യ ഞാൻ പോവുന്നില്ല .......

ഒരു സഞ്ചാരിക്ക് അറപ്പും വെറുപ്പുമില്ല ..... ഇഷ്ടാനിഷ്ടങ്ങളില്ല ...... മാനാപമാനങ്ങളില്ല ..... അങ്ങനെയുള്ളവരെ യഥാർത്ഥ സഞ്ചാരികളാവൂ ......

നിസാമുദ്ദീനെന്ന സൂഫി സന്യാസി പ്ലാറ്റ്ഫോമിലിരുന്നു ഞങ്ങളെ നോക്കി ചിരിക്കാണ് .......

പള്ളിയിൽ നമസ്കരിക്കാനായി വരുന്ന ഓരോ ഭക്തനെയും കറുത്ത നിറമുള്ള ഒരു തുണികൊണ്ട് കണ്ണു കെട്ടി നോക്കുക അദ്ദേഹത്തിന്റെ വിനോദമായിരുന്നു ...... ഒരിക്കലൊരു ഭക്തൻ നസ്റുദ്ദീൻ സൂഫിയോട് കറുത്ത തുണിക്കഷ്ണം ചോദിച്ചു വാങ്ങി സ്വന്തം കണ്ണുകളിൽ കെട്ടി നോക്കി ...... പള്ളിയിൽ വരുന്ന ഭക്തരെ നോക്കി ...... വിശ്വാസികളെന്ന ഭാവത്തിൽ നമസ്കരിക്കാൻ വരുന്ന ഓരോരുത്തരുടെയും ഉള്ളിലെ വൈകൃതങ്ങൾ കണ്ട് ഭക്തൻ പേടിച്ചരണ്ടു പോയി .......

പരിപാവനമായ ഹിമാലയത്തിൽ പോയി വന്നിട്ടും ഞങ്ങളുടെയൊന്നും ഉള്ളിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ലെ ......?

രണ്ടു ദിവസം ദില്ലിയിലെ തെരുവുകളിലൂടെ അലഞ്ഞുതിരിഞ്ഞു ...... പൊടി മണക്കുന്ന വീഥികളും വൃത്തിയില്ലായ്മയുമെല്ലാം ഇഷ്ടപ്പെട്ടു ..... ഒരു യഥാർത്ഥ സഞ്ചാരിയായി തിരിച്ചു വരാണ് .......

ജിപ്സിക്കാരി പ്ലാറ്റുഫോമിൽ നിന്നു പാടുകയാണ് .......... ഞാൻ വീണ്ടും തിരിച്ചു വരും .....കുടുതൽ ശുദ്ധീകരിക്കാനായി .....


# നിഴൽ

നേരിന്റെ വഴിയിൽ
നേരറിഞ്ഞു കൂടെ –
നടന്നൊരു നിഴലിൽ
നിന്റെ പേരുചേർക്കുന്നു
ഞാൻ..
നെറികെട്ട കാലത്തും
നീയെനിക്കൊപ്പമായിരുന്നു
നീറുന്ന നെഞ്ചിലും
നിന്റെ ചുംബനങ്ങൾ
എന്നിൽ ചേർന്നു
നിറയുന്ന സ്വപ്നങ്ങളിൽ
നീ നിഴലും ഞാൻ–
നിലാവുമായി

സന

VARSHA. K.M

# THE FACE OF HUNGER



Once there lived a mother and a daughter who has no support of a man on their family. Daughter Eva was very beautiful and good looking at the age of six and her mother Rose was a women on 30’s. Her mother take care of her daughter very well with love, care and affection. Eva›s all wishes are successfully solved by her mother. Mother did›t gave her a opportunity to feel the absence of her father. They both lived peacefully in a small house and made their own living.


One day a person from another place came to their village, who was very rich and wealthy. He was , Victor who had two friends with them and they all working in a private firm. They are bachelors .
They reached Eva’s village named Ramapuram. They came to buy a property at the village which include a big Mansion . That was really a huge bungalow which consisted of a lot of rooms and courtyards were a lot of people can live together .

One day Victor accidently saw Rose and Eva,and when their meetings became usual and Eva had found her father›s affection in Victor and she loved Victor as her father. He too loved her and take care of her very well and bought toys and chocolate for her. Their father daughter relation has grown,but her Mother doesn›t like their bond. Somehow rose liked the way he care her child and she also loved him. Later, Victor- Rose relation has been reached up to marriage . Where his friends opposed the marriage. But against that he married her and started living in the Mansion bought by Victor.

After few days victor left to his Homeland where Rose and Eva became lonely in the mansion .He never came back . Villagers thought that the bunglow is empty and closed the doors from outside, but accidently Eva and Rose was inside the bungalow and they trapped inside.

Rose and Eva screamed loudly but there is nobody to listen it in its surroundings of the bungalow.

After two days there is no food or water for survival. Mother went to kitchen and searched for food, all the vessels are empty even she could not find water from pipe, somehow she got two drops of water.



Eva became unconscious and she was asking for water but there she got only two drops of water that collected from pipe . Mother gave it to her daughter and she poured it to her mouth, but she could not survive with it, suddenly she fall down.Mother to felt very unconscious, after a day mother wake up and Saw her deadly daughter who had no life in her body . Mom felt very sad and thought about , her daughter died without getting a drop of water or even food. She learnt everything if there is a drop of water she may be escaped from her death, Where her mother decision of Marrying Victor went wrong , it made her to be alone...



മൃദുല. കെ.ടി

# കലയുടെ നിറം

ഞാനൊരു മനുഷ്യൻ
നീയൊരു മനുഷ്യൻ
നമ്മൾ തമ്മിൽ എന്തു നിറം ?

മനുഷ്യനെ കറുപ്പായി
മനുഷ്യനെ വെളുപ്പായി
എന്തിനി വേർ - തിരിക്കുന്നു

കറുത്ത തൊലിക്കും ചോര ചുവപ്പ്
വെളുത്ത തൊലിക്കും ചോര ചുവപ്പ്
പിന്നെ എന്തിനീ കലയിൽ കലർപ്പ് !

അക്ഷയ. കെ



# ഗുരു സാക്ഷാൽ പര ബ്രഹ്മ

അധ്യാപനം ഒരു സേവനമാണെന്ന് പറയുന്നതിൽ തെറ്റില്ലല്ലോ! ഒരുപാട് തലമുറയെ വാർത്തെടുക്കുന്ന ഈ സേവനം വാഴ്ത്തപ്പെടേണ്ടതും  അത്യാവശ്യം തന്നെയല്ലേ? ഇത്തരത്തിൽ സേവനങ്ങൾ ലഭ്യമാകണമെങ്കിൽ മെച്ചമുള്ള അധ്യാപകരെയും ഉണ്ടാക്കിയെടുക്കണം. അതിനായാണ് ഡി എൽ എഡ് കോഴ്സിന്റെ പ്രാധാന്യം മുന്നിട്ടുനിൽക്കുന്നത്.

കേരളസംസ്ഥാനത്തിന് പ്രൈമറി തലത്തിലേക്ക് ആവശ്യമായ അധ്യാപകരെ സൃഷ്ടിക്കുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം. നേരത്തെ ടി ടി സി എന്ന പേരിലും പിന്നീട് ഡി എഡ് എന്ന പേരിലും അറിയപ്പെട്ടിരുന്ന പ്രൈമറി സ്കൂൾ അധ്യാപക യോഗ്യത കോഴ്സ് ഡി എൽ എഡ് എന്ന് പുനർനാമകരണം ചെയ്തിട്ട് അധിക കാലമായില്ല. നിലവിൽ പ്രൈമറി സ്കൂൾ അധ്യാപനത്തിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന യോഗ്യതയാണ് ഡിപ്ലോമ ഇൻ എലമെന്ററി എജ്യുക്കേഷൻ. ഡി എൽ എഡ് നോടൊപ്പം നിർദിഷ്ട വിഭാഗങ്ങളിലേക്കുള്ള കെ ടെറ്റ് കൂടി പാസായാലേ പ്രൈമറി സ്കൂളുകളിൽ സ്ഥിര അധ്യാപകരായി ജോലി ലഭിക്കുകയുള്ളൂ.

ഡി എൽ എഡ് വിദ്യാർത്ഥികളുടെ പ്രത്യേകത ഒന്നെങ്കിൽ അധ്യാപനം ഇഷ്ടപ്പെട്ടു വന്നവരാകും,അല്ലെങ്കിൽ ഈ കോഴ്സിലൂടെ അധ്യാപനത്തോട് ഇഷ്ടം വന്നവർ ആയിരിക്കും. ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനുള്ള മനക്കരുത്ത് ലഭ്യമാകുന്നു എന്നത് മറ്റൊരു സവിശേഷത. കാരണം കോഴ്സിൽ ഉൾപ്പെട്ട 15 ദിവസത്തെ ക്യാമ്പുകളും അക്കാദമിക പ്ലാനുകളും 45 ദിവസത്തെ എൽ പി, യു പി വിദ്യാലയ അനുഭവ പരിപാടികളും വിദ്യാർഥികളെ മാറ്റിമറിക്കപ്പെട്ടും എന്നത് യാഥാർത്ഥ്യം തന്നെ. നല്ലൊരു ക്യാമ്പസ് ജീവിതത്തിലുപരി അധ്യാപനം എന്ന പ്രൊഫഷണലിനെ മാറോട് ചേർത്ത് പിടിക്കാൻ ഈ കോഴ്സിനെ കൊണ്ട് സാധ്യമാകുന്നു. ധാരാളം എൽ പി ,യു പി വിദ്യാലയങ്ങളുള്ള ഈ കേരളത്തിൽ തൊഴിലവസരത്തിനും പഞ്ഞമില്ല.

നിരവധി വിദ്യാർഥികൾ ആണ് ഈ കോഴ്സിനെ കുറിച്ചും ഈ കോഴ്സിന്റെ സാധ്യതകളെ കുറിച്ചും അറിഞ്ഞ് അഡ്മിഷൻ എടുക്കുവാൻ വരുന്നത്, കാരണം അധ്യാപനത്തോളം ഒരു നല്ല തൊഴിൽ ഇല്ല എന്നത് തന്നെ. സർവീസിൽ പ്രവർത്തിക്കുന്നവരും അല്ലാത്തവരും ഈ പ്രൊഫഷണലിനോട് ഇന്നും ആത്മബന്ധം പുലർത്താൻ സാധിച്ചിരിക്കുന്നു എന്നത് ഇവിടെ വിജയകരമായ കാര്യം ആണ്. എന്തിരുന്നാലും അധ്യാപനത്തോട് താൽപ്പര്യം ജനിക്കുന്നവർക്ക് ഏവർക്കും ഡി എൽ എഡ് കോഴ്സിലേക്കും ഞങ്ങളുടെ സ്വർഗ കവാടമായ ടി ടി കെ എം ഐ ടി ഇ ലേക്കും ആർദ്രവമായ സ്വാഗതം.

നാഫില

# സഹവാസം സമ്മാനിച്ച "ഹോ"ർമ്മകൾ

## തിരുന്നാവായ ക്യാമ്പ് അനുഭവം

2024/04/17 ന് തിരുനാവായ വാര്യർ ഫൗണ്ടേഷനിൽ ആരംഭിച്ച അഞ്ചുദിവസത്തെ സമൂഹ സഹവാസ സമ്പർക്ക ക്യാമ്പ് തികച്ചും ഞങ്ങളിൽ ഒരുപാട് പുതിയ അനുഭവങ്ങൾ സമ്മാനിച്ചു. അധ്യാപക വിദ്യാർത്ഥി ജീവിതത്തിൽ പകർത്തേണ്ടതും ഉൾക്കൊള്ളേണ്ടതുമായ മൂല്യങ്ങളും,മനോഭാവങ്ങളും,സ്വഭാവസവിശേഷതകളും, ഒത്തുചേരലുകളും എല്ലാം അടങ്ങിയ ഒന്നായി ഈ ക്യാമ്പ് ഞങ്ങളെ ഓരോരുത്തരെയും മാറ്റിയെടുത്തു എന്ന് തന്നെ പറയാം. ഓരോ ദിവസവും ഓരോ രസകരമായ അനുഭവങ്ങൾക്ക് ഞങ്ങൾ സാക്ഷിയായി കൊണ്ടേയിരുന്നു. ഒന്നാം ദിവസം നിള പാർക്കിലേക്ക് പോകാൻ ഒരുങ്ങിയ ഞങ്ങൾ റോഡിൽ ബസ് കാത്തു നിൽക്കുന്നതിനിടയിൽ «ഞങ്ങൾക്ക് ആദ്യം എത്തണം «എന്ന് പറഞ്ഞ് ഫഹീമയും റംലയും ശരണ്യയും കിട്ടിയ ഓട്ടോക്ക് കൈകാണിച്ച് ഞങ്ങൾക്ക് റ്റാറ്റാ പറഞ്ഞ് ഒരു പുഞ്ചിരിയും സമ്മാനിച്ചു പോയി. ഡ്രൈവർ ഒരു കലാകാരൻ ആയതിനാൽ പാർക്കിൽ എത്തുന്നത് വരെ പാട്ടുകളും മോണോ ആക്ടും ഒക്കെയായി അവരെ ആവേശഭരിതരാക്കി. ഓട്ടോ ഇറങ്ങി 50 രൂപ നോട്ട് കാണിച്ച ശരണ്യയെ ഞെട്ടിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി "200 രൂപയാണ് മോളെ ചാർജ്". ഇടി തട്ടിയവനെ പാമ്പ് കടിച്ച ഭാവമായിരുന്നു ശരണ്യയുടെ മുഖത്ത്. തൊട്ടു പുറകെ മറ്റൊരു ഓട്ടോയിൽ 80 രൂപ കൊടുത്ത് വന്ന ഞങ്ങൾ അവരുടെ തർക്കത്തിൽ കൂട്ടുചേർന്നു. വാക്കു തർക്കത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ തിരിഞ്ഞു

നോക്കിയപ്പോൾ ശരണ്യയും ഫഹീമയും ഞങ്ങളെ കൈവിട്ട് സ്ഥലം വിട്ടിരുന്നു. അവസാനം അദ്ദേഹത്തിന്റെ ഒരു ഭാണ്ഡക്കെട്ട് പരാതിയും ചുമലിലേറ്റി ഞാൻ ഒരു വിധം അവിടെ നിന്നും വലിഞ്ഞു. തർക്കത്തിൽ ഉടനീളം “ഞങ്ങൾ വന്നപ്പോൾ നൽകിയത് 80 രൂപയാണ് ചേട്ടാ” എന്ന് മാത്രമായിരുന്നു എന്റെ മറുപടി.

രണ്ടാം ദിവസം പ്രശസ്ത തിരക്കഥാകൃത്ത് ഷിബു മുത്താട്ട് സാറിന്റെ നേതൃത്വത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടന്ന ഷോർട്ട് ഫിലിം മേക്കിങ്ങിൽ നാലാം ഗ്രൂപ്പ് ലീഡർ നിഹാലിന് തന്റെ ഗ്രൂപ്പിനെ നഷ്ടമായ കാഴ്ച മറ്റു ഗ്രൂപ്പുകൾക്ക് വേദനാജനകമായി മാറി. ഞാൻ അടങ്ങുന്ന മൂന്നാം ഗ്രൂപ്പ് ശാഖി അംഗങ്ങളുടെ സഹായത്തോടെ കനി എന്ന ഗ്രൂപ്പിനെ കണ്ടെത്തി നിഹാലിനെ തിരിച്ചേൽപ്പിച്ചെങ്കിലും ഗ്രൂപ്പിൽ നിന്നും ലീഡർ ആണോ ലീഡറിൽ നിന്നും ഗ്രൂപ്പാണോ വേർപെട്ടു പോയതെന്ന് ഇന്നും അവ്യക്തം.

അന്ന് രാത്രി ചപ്പാത്തിയോടൊപ്പം കണ്ട കോഴിമുട്ട എല്ലാവരിലും പൊട്ടുന്ന് ലോട്ടറി അടിച്ച ഒരു ഭാവമായിരുന്നു ഉണർത്തിയത്. നാളിതുവരെ അധ്യാപക വിദ്യാഭ്യാസത്തിൽ നേടിയെടുത്തതും പഠിച്ചതുമായ സമത്വം,സാഹോദര്യം,തുല്യത,.... തുടങ്ങിയവയൊന്നും അന്ന് പകുതിയിലധികം വിദ്യാർത്ഥികളിലും കാണാൻ സാധിച്ചില്ല. എങ്ങനെ അപ്പുറത്തുള്ളവന്റെ പാത്രത്തിലെ കോഴിമുട്ട അടിച്ച് മാറ്റാം എന്ന ചിന്ത മാത്രമായിരുന്നു എല്ലാവരിലും. അതിനിടയിൽ ചില വിരുതന്മാർ ചില നിഷ്കുകളുടെ പാത്രത്തിൽ നിന്നും തോടു പൊളിക്കാൻ എന്ന വ്യാജേനെ മുട്ട എടുത്തു പോയി. പോയ കോഴിമുട്ട തോടില്ലാതെ തിരിച്ച് വരുന്നതും പ്രതീക്ഷിച്ച് കുറച്ചുപേർ കാന്റീനിൽ അങ്ങനെ....

കഴിച്ച ഭക്ഷണത്തിന്റെ കെട്ടിറക്കുംവിധം ഷംനാസിന്റെ സ്വന്തം കവിത അവതരണം ആയിരുന്നു അടുത്തത് “ഹെന്തിനും ഹേതിനും ഈ ക്ലാസ് മുറികളിൽ ഹെപ്പോഴും നമ്മുടെ പുഞ്ചിരി ഹിന്ന് മാത്രം”, കാണികളെ ഒന്നടങ്കം ആവേശ പുളകിതമാക്കി കൊണ്ട് കവിത ഓഡിറ്റോറിയം മുഴുവൻ അലയടിച്ചു നിന്നു. നാളിതുവരെ ttkm-ൽ നടന്ന ഒരു പരിപാടികൾക്കും കിട്ടാത്ത തരത്തിലുള്ള കയ്യടികളുടെ ജനസാഗരം ആയിരുന്നു അവിടെ.സമ്മാനവും പ്രതീക്ഷിച്ചുറിസൽട്ടിനു വേണ്ടി കാത്തിരുന്ന ഞങ്ങളെ നിരാശരാക്കി കൊണ്ടായിരുന്നു വിധികർത്താക്കളുടെ ഭാഗത്തുനിന്നും ലഭിച്ച മറുപടി. അതിനെതിരെ അപ്പീലിന് പോയെങ്കിലും നടപടി ഒന്നുമുണ്ടായില്ല. തികച്ചും അനീതി തന്നെയായിരുന്നു അവിടെ നടന്നത്. എന്തുകൊണ്ടും ഒരു പ്രോത്സാഹന സമ്മാനമെങ്കിലും കൊടുക്കാമായിരുന്നു എന്നൊരു അഭിപ്രായം ഞങ്ങൾ ഓരോരുത്തരിലും ഉണ്ട്. പ്രതിഷേധം ശക്തമായതോടെ വയനാട് തോൽപ്പെട്ടിയിൽ വെച്ച് നടന്ന ക്യാമ്പിൽ പാർലമെന്റ് സംഘടിപ്പിച്ചപ്പോൾ ഞങ്ങളുടെ വിദ്യാർത്ഥി സാരഥി വിജയ് ttkm-ന്റെ ഔദ്യോഗിക ഭാഷയായി “ഹ” എന്ന അക്ഷരം പ്രഖ്യാപിച്ചതോടെ ഞങ്ങളിൽ സന്തോഷം ജനിപ്പിച്ചു.

ഷംനാസിന്റെ കവിതയിലൂടെ മറവിൽ മരിക്കാത്ത ക്യാമ്പ് ഹോർമ്മകൾ ഇന്നും ഉള്ളിൽ അലയടിച്ച് ഞങ്ങൾ.....


## പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ. ഡി.1987**

**പറപ്പൂർ. പി.ഒ**
**04832964149**

**ബ്രാഞ്ച്:പാലാണി (ഇരിങ്ങല്ലൂർ)**
**04942456190**

**ലോക്കർ സൗകര്യം ലഭ്യമാണ്**

**നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ**

**കുറഞ്ഞ പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പ**

**പ്രസിഡന്റ്**
**സി.ടി.സാലിം**
**9562227061**

**സെക്രട്ടറി**
**ടി. മുഹമ്മദ് അൻവർ**
**9947528476**

റസിയ. കെ

# ലോകമേ ഒരു നിമിഷം



എന്തോഞാൻകേട്ടോരാത്മസംസാരം
ചെവി കൂർപ്പിച്ചു ഞാൻ നല്ല വ്യക്തതക്കായ്
എന്തോ ഒരു വിങ്ങൽ പൊട്ടിക്കരച്ചിലായ്
പിന്നീടതൊരു കൂട്ട നിലവിളിയായ്
എന്താണവർ വിളിച്ചുപറയുന്നത്
തേങ്ങുന്ന മാതൃ ഹൃദയമല്ലോ അത്
ചോര ചിന്തിയ ചേതനയറ്റ ശരീരം
ചേർത്ത് ഏങ്ങുന്നൊരമ്മ
തന്നുണ്ണിതൻ വേർപാടിൽ ഹൃദയം -
നുറുങ്ങുന്ന അമ്മേ എനിക്കറിയാം
നിൻ ഏങ്ങലുകളടങ്ങില്ല ശിഷ്ടകാലം
ഹൃദയം മറക്കില്ല ആ പൊൻചിരി
തീരാ നീറ്റലായ് വിണ്ടു നിൽക്കും
ലോകമേ എന്തിനിത്ര ക്രൂരനാകുന്നു
ഒരു ശ്വാസത്തിൽ നിലക്കുന്നതല്ലെയെല്ലാം
വെട്ടിപ്പിടിച്ചടക്കിയ നിങ്ങൾക്കു സ്വന്തമാ -
യവസാനം ആറടി മണ്ണുമാത്രം
ചിന്തിക്കു, പിന്തിരിയൂ, ചേർത്തുപിടിക്കു
ഇനിയുള്ള ജനതയെയെങ്കിലും
സുരക്ഷിതരായവർ ഉയർന്നുപറക്കട്ടെ
ഇനിയുള്ള കാലമെങ്കിലും

# പരിഗണനയിലേക്കൊരോട്ടം

ഫെബിന ശെറിൻ

അന്നും അവളൊരു പേടിയോടു കൂടെയാണ് സ്കൂൾ ബെല്ലിനെ വരവേറ്റത്. ഇത്രയും നേരം സ്കൂളിൽ അവൾ അനുഭവിച്ച സുരക്ഷിതത്വം നഷ്ടപ്പെടുമോ എന്ന ഭയം അവളിൽ നിഴലിച്ച് കാണാമായിരുന്നു. ദേശീയ ഗാനത്തിലെ അവസാന വരികൾ അവളുടെ ഭയത്തിന്റെ തീവ്രത വർദ്ധിപ്പിച്ചു. പാതിവഴി വരെ കൂട്ടുകാരികളോട് കൂടെയുള്ള നടത്തം അവളിൽ ഇത്തിരി ആശ്വാസമേകി. ഇനിയങ്ങോട്ട് ഒറ്റയ്ക്കുള്ള പാതയാണ്.. വീട്ടിലേക്കുള്ള ദൂരം കുറഞ്ഞു വരുന്തോറും അവളുടെ നെഞ്ചിടിപ്പ് വർദ്ധിച്ചു വരുന്നുണ്ടായിരുന്നു. ഭയപ്പെട്ട പോലെ തന്നെയായിരുന്നു ആ വീടും അവളെ കാത്തിരുന്നത്.  വീട്ടുമുറ്റത്ത് തന്നെ കാത്തിരിക്കുന്ന അമ്മയുടെ മുഖത്തെ ഭാവം അവളൊന്നു ശ്രദ്ധിച്ചു. രണ്ടുവർഷം മുൻപ് മരണപ്പെട്ട തന്റെ അമ്മയ്ക്ക് പകരം അച്ഛൻ കൊണ്ടുവന്നതാണിവരെ.. അവളുടെ തലവട്ടം കണ്ടതും ആ സ്ത്രീ പുച്ഛഭാവത്തിൽ ചിരിച്ചുകൊണ്ട് പിന്നിൽ മറച്ചിരുന്ന വടി മുന്നിലേക്ക് പിടിച്ചു കൊള്ളുന്ന അടി എന്തിനാണെന്ന് പോലും അറിയാതെ ആ ഏഴ് വയസ്സുകാരി വേദനയമർത്തിപ്പിടിച്ചു. അവളാ അടി പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ടാവാം.

അവൾക്ക് അറിയാമായിരുന്നു. അടുത്തു വരാനോ ആശ്വസിപ്പിക്കാൻ നിൽക്കാതെ ആ രൂപം മറഞ്ഞു .ഇതവൾക്ക് സ്ഥിരമാണ്.. അമ്മയുടെ പഴിയും അച്ഛൻറെ തേങ്ങലും!
കിടന്നുകൊണ്ട് തന്നെ അവൾ തന്റെ അമ്മയെ ഓർത്തു. സ്നേഹത്തിന്റെ ചൂടറിഞ്ഞ നാളുകൾ.. അവഗണനയുടെ പുതിയ മുഖങ്ങൾ..

അവൾ അങ്ങനെ നിന്നത്. ആ സ്ത്രീയുടെ കൈയിൽനിന്ന് ആ വടി പിടിച്ചുമാറ്റാൻ വരാന്തയിൽ ഇരുന്ന എല്ലാം കാണുന്ന അവളുടെ അച്ഛനും ശ്രമിച്ചില്ല. അയാൾക്കും പേടിയായിരുന്നു അവരെ. വേദന സഹിക്കാതെ അലറി കരഞ്ഞ അവളെ അടുക്കളയിൽ കൂട്ടിയിട്ടിരിക്കുന്ന എച്ചിൽ പാത്രങ്ങൾക്കിടയിലേക്ക് അവരെടുത്തെറിഞ്ഞു. വേച്ചുവേച്ച് അവളാ പാത്രങ്ങൾ കഴുകുമ്പോഴും അവളുടെ കുഞ്ഞു കണ്ണുകൾ തോർന്നിട്ടില്ലായിരുന്നു.

രാത്രി ഏറെ വൈകിയും അവൾ അടുക്കളയിൽ തന്നെയായിരുന്നു. ശരീരത്തിനും മനസ്സിനും ഏറ്റ മുറിവുകളുമായി അവളാ പഴകിയ പായയിൽ മലർന്നു കിടന്നപ്പോൾ ഇരുട്ടിൽ ഒരു രൂപം തന്നെ നോക്കി ശബ്ദമില്ലാതെ വിങ്ങുന്നത് കണ്ടു. അതു തൻറെ അച്ഛനാണെന്ന്

ക്ഷീണം കൊണ്ടെപ്പോഴോ ഉറങ്ങിപ്പോയി. പിറ്റേന്ന് അടുക്കളയിലെ ജോലിയെല്ലാം തീർത്തു സ്കൂളിൽ പോകാൻ ഒരുങ്ങുന്ന അവളെ ആ സ്ത്രീ തടഞ്ഞു "ഇന്ന് നീ പോകണ്ട. വിരുന്നുകാരുണ്ട്". അവളൊന്നു ഞെട്ടി. അതയാൾ ആവും! അവരുടെ സഹോദരനാണ്. അച്ഛനില്ലാത്ത ഒരു ദിവസം അമ്മയുടെ ഒത്താശയോടെ അയാൾ തനിക്ക് തന്ന ശരീരം നുറുങ്ങുന്ന വേദന അവളാലോചിച്ചു. മുറ്റത്ത് നിന്നും കേട്ട അയാളുടെ ശബ്ദം അവൾ തിരിച്ചറിഞ്ഞു. കാലുകൾക്ക് ഒരു തരം മരവിപ്പ് അനുഭവപ്പെട്ടു. പെട്ടെന്ന് കിട്ടിയ ധൈര്യത്തിൽ മറ്റൊന്നും ചിന്തിക്കാതെ അടുക്കള വാതിൽ തുറന്നു അവളോടി.അവളെക്കൊണ്ടാവുന്ന  വിധത്തിൽ.. ലക്ഷ്യമില്ലാത്ത ഓട്ടം.. ഓട്ടത്തിനിടയിൽ അവളോർത്തു "ചിലപ്പോൾ ഇതൊരു പരിഗണനയിലേക്കുള്ള ഓട്ടമാവാം.. അല്ലെങ്കിൽ എന്റെ അവസാന ഓട്ടവും".

# Paradise of child


Asmabi

When I penetrate to my
Paradise,
Realised peculiar beats of my heart.
Unconditional love of Amma,
Triumph of flowers, they blossomed again
Tune of nature, Amma›s lullaby
Turban weared mountain,
Humility feature of a pedestrian,
Peasant’s path over the land.
Paradise of childhood, my village.
Vibrating memories overflowing.
Now I am far away from my paradise,
Perhaps, it is happened by economy.
Mind of pale
panic distracting child
Children abhorbing busy world
Missing their paradise
Plucked pleasant days to be pioneer of economy.
Crawling to create a new world.
They can›t see the heaven of love
Where is the Paradise of child?



# ഗുളിക

ലിൻഷ പി



കടലാസും മഷിയുമെടുത്ത് ഭാവനകൾക്ക് വേണ്ടി
ആകാശം നോക്കി മടുത്തപ്പോഴാണ് ഒരു മിന്നൽ
പോലെ അവൾ വന്നത്

കയ്യിൽ നിറച്ച് പുസ്തകവും കവിളിലൊരു നുള്ള്
കവിതയും ചിരിയിൽ നിറയെ കഥകളുമായി ഒരു
ഗുളിക തന്നെ

ക്ലാസ്സ് മുറിയിലെ ഇടവേളകളിൽ പലരും
മിഠായി നുണയാൻ പോകുമ്പോൾ അവളൊരു
കവിതയുമായി സല്ലാപത്തിൽ തന്നെ

ഉച്ചയൂണിന് തൊട്ടു കൂട്ടാൻ 'ഇടശ്ശേരി'യും
'മാമ്പഴ'വും ഒടുവിലെ ദേശീയ ഗാനത്തിൽ
പോലും വരികളുടെ മായാ ഗംഗയിൽ



# ടി ടി ബീരാവുണ്ണി സാഹിബ്

## ജനമനസ്സുകളിൽ ജീവിച്ച നേതാവ്

(ടി ടി കെ എം ഐ ടി ഇ സ്ഥാപകൻ)

കെ.എ. സാദത്ത് പറപ്പൂർ

പറപ്പൂരിന്റെ ചരിത്ര ചീളുകളിൽ ഒരിക്കലും മായ്ക്കാനാവാത്ത നാമമായിരുന്ന ടി ടി ബീരാവുണ്ണി സാഹിബ് .

ഇന്ന് തലയെടുപ്പോടെ ഉയർന്ന് നിൽക്കുന്ന ടി ടി കെ എം ഐ ടി ഇ സ്ഥാപകനും മരണം വരെ മാനേജറും ആയിരുന്ന അദ്ദേഹം .

ഒരു പ്രദേശത്തിൻറെ വിദ്യാഭ്യാസമേഖലയിൽ ഒട്ടേറെ സംഭാവനകൾ നൽകിയ മഹത് വ്യക്തിത്വമായിരുന്നു ടി.ടി. ബീരാവുണ്ണി സാഹിബ്.

ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തുടക്കമിടാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട് .

മലബാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ ചെയർമാൻ, കോട്ടക്കൽ മലബാർ പോളിടെക് ചെയർമാൻ, വേങ്ങര കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് അംഗം, ടി ടി കെ എം എൽ പി സ്കൂൾ തെക്കേകുളമ്പ്, മനേജർ, വീണാലുക്കൽ എ എം എൽ പി എസ് സ്കൂൾ മാനേജർ, പറപ്പൂർ സർവീസ് സഹകരണ ബാങ്കിന്റെ പ്രസിഡണ്ട് തുടങ്ങി ഒട്ടേറെ പദവികൾ അലങ്കരിച്ചിട്ടുണ്ട്.

പറപ്പൂർ പഞ്ചായത്തിലെ തെക്കേകുളമ്പ് പ്രദേശത്തെ വാർഡ് മെമ്പറായി അദ്ദേഹം രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുന്നത് ‹. പിന്നീട് വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു . തന്റെ പിതാമഹനായിരുന്ന ടി ടി കുഞ്ഞാലസൻ കുട്ടി ഹാജിയുടെ പിൻഗാമിയായിട്ടാണ് അദ്ദേഹം രാഷ്ട്രീയ രംഗത്തും സാമൂഹിക പ്രവർത്തന രംഗങ്ങളിലേക്കും കടന്നുവരുന്നത് ‹.

മുസ്ലിം ലീഗ് ജില്ലാകമ്മിറ്റി വൈസ് പ്രസിഡണ്ട്, സംസ്ഥാന പ്രവർത്തകസമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ജനസേവന രംഗത്ത് അദ്ദേഹത്തിന്റെ പ്രവർത്തനം അര നൂറ്റാണ്ട് കാലത്തോളം നടത്തിയിട്ടാണ് അദ്ദേഹം മരണപ്പെടുന്നത് .

2021 ഡിസംബർ 17ന് കോഴിക്കോട് മിംസ് ആശുപത്രിയിലെ വെച്ച് അദ്ദേഹം മരണപ്പെട്ടു.

കല്യാണം വീട്ടിലും മരണവീട്ടുകളിലും തുടങ്ങി എല്ലായിടത്തും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു.
നാട്ടുകാർക്ക് അദ്ദേഹം കുഞ്ഞിമോൻ കാക്കയായിരുന്നു.

അദ്ദേഹത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടിലെ ഒരേടായിരുന്നു ഈ സ്ഥാപനം.
സദാസമയവും ഇതിന്റെ പുരോഗതിക്കായി തന്റെ സമയം വിനിയോഗിച്ചിരുന്നു.
പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ ഇ. അഹമ്മദ് സാഹിബ്, കുഞ്ഞാലിക്കുട്ടി സാഹിബ് എന്നിവരോടൊക്കെ അടുത്ത ബന്ധം പുലർത്തിരുന്ന അദ്ദേഹം പറപ്പൂരിന്റെ വികസനരംഗത്ത് കാതലായ മാറ്റങ്ങൾക്ക് തുടക്കമിട്ടു.

ബീരാവുണ്ണി സാഹിബ് തുടക്കമിട്ട ഒട്ടേറെ സ്ഥാപനങ്ങൾ ഇന്ന് അഭിമാനത്തോടെ ഉയർന്നുനിൽക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം കുഞ്ഞുനാൾ മുതൽ ഓരോ ചുവടുവെപ്പിലും ഞാൻ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.
ഇന്ന് അധ്യാപനരംഗത്തും മറ്റും ഉയർന്ന് നിൽക്കാൻ സാധിക്കുന്നത്
പ്രിയപ്പെട്ട അമ്മാവനിൽ നിന്നും കിട്ടിയ അനുഭവങ്ങളും സ്നേഹ വാത്സല്യങ്ങളുമാണ്.

# അക്ഷരപ്പൂമരങ്ങൾ

നജ്മ
(ടീച്ചർ എഡ്യുക്കേറ്റർ)

തുടങ്ങാം നമുക്കിനിയും മടിയ്ക്കാതെ
തുറക്കാം അറിവിന്റെ വാതായനങ്ങൾ
കടന്നു വരട്ടെ വെട്ടം
ഇരുട്ടു മൂടിയ മാനസങ്ങളിൽ .



കൂട്ടിലടച്ച വയ്ക്കരുതെ
രത്നശോഭയെഴും
 അക്ഷരക്കിളികളെ .
ചിറകടിച്ചുയരട്ടെ വാനിൽ
ഗഗന സീമകൾക്കപ്പുറം .

നുകരണം വായാനാ മധുരത്തെ
പാൽ പായസം പോലെ നുണയണം
അലിഞ്ഞിറങ്ങണം
സ്നേഹ മഴ പോലെ
ഉള്ളാഴങ്ങളിൽ
അടിയണം.

വളരും കിടാങ്ങളിൽ ഇടമൊരുക്കണം
വിത്തെറിയണം
മുളപൊട്ടി വളരട്ടെ
അക്ഷരച്ചെടികൾ .

മനസ്സറകളിൽ
നന്മയുടെ ജ്വാലകൾ
തെളിയട്ടെ
അന്ധകാരമകലട്ടെ
നിറമുള്ള ജീവിതം
തളിർക്കുവാനായ്

അക്ഷര പ്രണയിയായ് മാറുക നമ്മൾ
പൂത്തുലയട്ടെയിവിടെ
അക്ഷര പൂമരങ്ങൾ

## സമൂഹ സമ്പർക്ക സഹവാസ ക്യാമ്പിന്റെ ഭാഗമായി നടത്തിയ

# പഠന റിപ്പോർട്ട്

KADORAM 2024 @GHS THOLPETTY
COMMUNITY LIVING CAMP CHILLA
ടി ടി കെ എം ഐ ടി ഇ തെക്കേകുളമ്പ പറപ്പൂർ മലപ്പുറം

ഗവ. ഹൈസ്കൂൾ തോൽപ്പെട്ടി
ചുവടുകൾ
ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതി 24-2023

കേരളം സർക്കാർ ഗോത്രവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക
പരിപോഷണ പരിപാടിയുമായി സഹകരിച്ച നടത്തിയ പഠനം

# CHAPTER 1
# INTRODUCTION

## 1.1 INTRODUCTION

ഓരോ കുട്ടിക്കും അവരുടെ സ്വന്തം കഴിവുകളും ധാരണകളും വികസിപ്പിക്കാൻ അവസരം നൽകുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം.
ഇതിനായി, അടിസ്ഥാന ശേഷികൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. ഓരോ കുട്ടിക്കും അനുയോജ്യമായ പഠന സാഹചര്യം ഒരുക്കുകയും മൂല്യബോധവും സാമൂഹിക ജീവിതാനുഭവങ്ങളും കുട്ടികൾക്ക് പകർന്നു നൽകുകയും ചെയ്യുന്ന പൊതുവിടങ്ങളാണ് വിദ്യാലയങ്ങൾ.
സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ, വ്യത്യസ്ത ഭൗതിക നിലവാരമുള്ളവർ, ലിംഗപരമായി വ്യത്യസ്തരായ കുട്ടികൾ, ഭൂമിശാസ്ത്രപരമായി വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നുള്ളവർ, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ, പല കാരണങ്ങളാലും അരിക്കുവൽക്കരിക്കപ്പെട്ടുപോയ കുടുംബങ്ങളുടെ കുട്ടികൾ, ഗോത്രവർഗ്ഗ വിഭാഗങ്ങളിലെയും തീരദേശങ്ങളുടെയും കുട്ടികൾ, തുടങ്ങിയവരെല്ലാം ഉൾക്കൊള്ളുന്ന ഇടമായി വിദ്യാലയങ്ങളിലും ക്ലാസ് മുറികളിലും അവസര സമത്വം ലഭിക്കേണ്ടതുണ്ട്.
സവിശേഷ പിന്തുണ അർഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ അവസരങ്ങൾ ഉറപ്പാക്കുന്നതിന് ഇനിയും ശ്രമങ്ങൾ വേണ്ടതുണ്ട്.
എല്ലാവർക്കും തുല്യവും അനുയോജ്യവുമായ അവസരങ്ങൾ ഉറപ്പാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
ഡിഎൽഎഡ് നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ്
ഉൾച്ചേർന്ന വിദ്യാഭ്യാസം എന്ന ആശയത്തെ പ്രയോഗികാനുഭവങ്ങൾ മുൻ നിർത്തിയും ഗവേഷണാത്മകമായും സമീപിക്കുക എന്ന ലക്ഷ്യത്തോടെ, ഞങ്ങളുടെ ഡി എൽ എഡ് നാലാം സെമസ്റ്റർ വിദ്യാർത്ഥികളുടെ സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ് 2024 മെയ് 13 മുതൽ 17 വരെ വയനാട് ജില്ലയിലെ തോൽപ്പെട്ടി ഗവണ്മെന്റ് ഹൈസ്കൂളിൽ വെച്ച് നടന്നു.
സവിശേഷ പരിഗണ അർഹിക്കുന്ന ഗോത്രവർഗ വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾ പഠനവിധേയമാക്കുവാനും അവർക്കായി പ്രത്യേക പഠന പിന്തുണാ പദ്ധതികൾ ഗവേഷണ ബുദ്ധിയോടെ ആസൂത്രണം ചെയ്യുകയും ചെയ്തു കൊണ്ട് ഒരു ദീർഘ കാല പ്രൊജക്റ്റ് നടപ്പാക്കാനായുള്ള ശ്രമത്തിന്റെ ഭാഗമാവുക എന്നതുമാണ് ഈ ക്യാമ്പ് വയനാട്ടിലേക്ക് മാറ്റിയതിലൂടെ ഞങ്ങൾ ഉദ്ദേശിച്ചത്. ഉൾചേർക്കൽ വിദ്യാഭ്യാസം സംബന്ധിച്ച് പ്രായോഗികാനുഭവം നേടുക എന്നതുകൂടി ക്യാമ്പിന്റെ ലക്ഷ്യമാണ്.
ചുവടുകൾ: ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതി
ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതി കേരളത്തിലെ ഗോത്ര വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ്. ഈ പദ്ധതിയുടെ ലക്ഷ്യം ഗോത്ര വിദ്യാർത്ഥികളെ മുഖ്യധാരാ വിദ്യാഭ്യാസ സംവിധാനവുമായി സംയോജിപ്പിക്കുകയും അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്.
പദ്ധതിയുടെ പ്രധാന ഘടകങ്ങൾ:
ഗോത്ര വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം: ക്ലാസ് റൂമുകൾ, ലാബുകൾ, ലൈബ്രറികൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നു.
ഗുണനിലവാരമുള്ള അധ്യാപക നിയമനം: ഗോത്ര വിദ്യാലയങ്ങളിൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും ഈ പദ്ധതി സഹായം നൽകുന്നു.
വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഭക്ഷണവും നൽകുക: ഗോത്ര വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ സഹായിക്കുന്നതിനായി ഈ പദ്ധതി സ്കോളർഷിപ്പും ഭക്ഷണവും നൽകുന്നു.
സാംസ്കാരിക പരിരക്ഷ: ഗോത്ര വിദ്യാർത്ഥികളുടെ സാംസ്കാരിക പാരമ്പര്യങ്ങളും ഭാഷയും സംരക്ഷിക്കുന്നതിനായി ഈ പദ്ധതി പ്രവർത്തിക്കുന്നു.
സമൂഹ പങ്കാളിത്തം: ഗോത്ര സമൂഹങ്ങളെ പദ്ധതിയുടെ നടത്തിപ്പിൽ പങ്കാളികളാക്കുന്നതിന് ഈ പദ്ധതി ശ്രമിക്കുന്നു.

പദ്ധതിയുടെ നേട്ടങ്ങൾ: ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതി ഗോത്ര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നേട്ടങ്ങൾ താഴെ പറയുന്നവയാണ്:
പഠന നിരക്ക് വർദ്ധിച്ചു: ഗോത്ര വിദ്യാർത്ഥികളുടെ പഠന നിരക്ക് കാര്യമായി വർദ്ധിച്ചിട്ടുണ്ട്. പരീക്ഷാ ഫലങ്ങൾ മെച്ചപ്പെട്ടു: ഗോത്ര വിദ്യാർത്ഥികളുടെ പരീക്ഷാ ഫലങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നേടുന്നു: കൂടുതൽ ഗോത്ര വിദ്യാർത്ഥികൾ ഇപ്പോൾ കോളേജ്, സർവകലാശാല വിദ്യാഭ്യാസം നേടുന്നു. ഗോത്ര സമൂഹങ്ങളിൽ അവബോധം വർദ്ധിച്ചു: വിദ്യാഭ്യാസത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ച് ഗോത്ര സമൂഹങ്ങളിൽ കൂടുതൽ അവബോധം ഉണ്ടായിട്ടുണ്ട്
ഈ ക്യാമ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ഗോത്ര സമൂഹങ്ങളുടെ ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു മാതൃകയായി കണക്കാക്കാം. ഗോത്ര വിദ്യാർത്ഥികളുമായി സൗഹൃദം സ്ഥാപിക്കുകയും അവരുടെ സംസ്കാരത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക. ഗോത്ര സമൂഹത്തിൽ നിലനിൽക്കുന്ന വെല്ലുവിളികളെക്കുറിച്ച് അവബോധം വളർത്തുക. ഗോത്ര സമൂഹത്തിൻ്റെ വികസനത്തിനായി സന്നദ്ധ പ്രവർത്തനം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നു.
പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും
ഗോത്ര വിദ്യാർത്ഥികളുമായും അവരുടെ സമൂഹവുമായും ടി ടി കെ എം അധ്യാപക വിദ്യാർത്ഥികൾക്ക് അടുത്തറിയാൻ ഒരു അവസരം നൽകി. ഇത് ഗോത്ര സംസ്കാരത്തെക്കുറിച്ചുള്ള ധാരണ വളർത്താനും ഗോത്ര സമൂഹത്തിൻ്റെ വികസനത്തിന് സംഭാവന ചെയ്യാനും അവരെ പ്രാപ്തരാക്കി. ഈ ക്യാമ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ഗോത്ര സമൂഹങ്ങളുടെ ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു മാതൃകയായി കണക്കാക്കാം. സമൂഹ സമ്പർക്ക സഹവാസ ക്യാമ്പുകൾ എങ്ങനെ പ്രായോഗികാനുഭവങ്ങൾ ഒരുക്കുന്നതിന് വേദിയാക്കാം എന്നതിന്റെയും സാക്ഷ്യങ്ങളാണ് ഈ ക്യാംപ്.
ഉദ്ദേശ്യങ്ങൾ

- ആദിവാസി ഗോത്ര മേഖലയിലെ ആവാസകേന്ദ്രം സന്ദർശിച്ച് ഗോത്രവർഗ്ഗ ജീവിതം, സംസ്കാരം അടുത്തറിയുന്നതിന്. (അടിസ്ഥാന വിവരം, സാമ്പത്തിക വിവരം, വീട് ഭൗതികസൗകര്യം, തൊഴില്, പ്രാഥമിക വിദ്യാഭ്യാസം, ഉപരിപഠനം, ആരോഗ്യം, പോഷകാഹാരം, രക്ഷിതാക്കൾ കുട്ടികൾ ബന്ധം പരിഗണന, സ്കൂള് വീട് ബന്ധം, സ്കൂൾ പരിഗണന, കലാകായിക പഠന വ്യവസ്ഥ, ബോധവൽക്കരണ ക്ലാസ്, തദ്ദേശസ്ഥാപന സഹായം, ഗവൺമെൻറ് വിദ്യാഭ്യാസ വകുപ്പ് പഠനത്തിന് വേണ്ടി ചെയ്യുന്ന സഹായം, പ്രമോട്ടർ വളണ്ടിയർ, പഠന കേന്ദ്രത്തിന്റെ അവസ്ഥ, കുട്ടികളുടെ താല്പര്യം, മികവ്, തുടങ്ങിയ മേഖലകൾ അടുത്തറിയുന്നതിന്).

- സാമൂഹികമായ ചുറ്റുപാടിനിണങ്ങിയ വിദ്യാഭ്യാസ മാതൃകകൾ അടുത്തറിയുന്നതിന്.
- എല്ലാവരെയും ഉൾക്കൊള്ളുന്ന വിധം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനു മുള്ള ശേഷികൾ വികസിപ്പിക്കുന്നതിന്.
- ഉൾചേർന്ന വിദ്യാഭ്യാസത്തിൽ പ്രായോഗിക പരിശീലനം നേടുന്നതിന്.
- പഠനബോധന പ്രക്രിയയിൽ പുതുമാതൃക വികസിപ്പിക്കുന്നതിന്.
- വിദ്യാർത്ഥികളുടെ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്ത് ഓരോ വിദ്യാർഥിയുടെയും പ്രൊഫൈൽ തയ്യാറാക്കി അനുയോജ്യമായ പഠനപ്രക്രിയ ആസൂത്രണം ചെയ്യുന്നതിന്.
- ഉപയോഗപ്പെടുത്തുന്നതിന്.
- ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രാദേശിക പാഠ്യപദ്ധതി രൂപീകരിക്കുന്നതിന്.
- പ്രാദേശിക വഴക്കങ്ങൾ ഉൾചേർന്ന മൂല്യനിർണയം രീതികൾ രൂപപ്പെടുത്തുന്നതിനും അധ്യാപക വിദ്യാർഥികൾക്ക് അതിൽ അനുഭവജ്ഞാനം നേടുന്നതിനും
- വ്യത്യസ്ത ജനവിഭാഗങ്ങളുമായി ഇടപെടുന്നതിനും അവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മനോഭാവം അധ്യാപക വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന്.

**രീതിശാസ്ത്രം**

ഗുണപരമായ ഗവേഷണ രീതിശാസ്ത്രം. സർവ്വേ കം ഇൻറർവെൻഷൻ

രീതിയാണ് പഠനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

കക്കേരി, എടേക്കര, അരണപാറ, ശംഖുമൂല, ശ്രീമംഗലം, നരിക്കൽ, പാർസി, അപ്പക്കുന്ന്, കോളൂര്,ആനക്കാമ്പ്, നായിക്കട്ടി, വാകേരി, നെടുന്തന, ആത്താട്ടുക്കുന്ന് എന്നീ ഊരുകളിലായി ഓരോ ഗ്രൂപ്പും ഗൃഹ സന്ദർശനം നടത്താൻ തീരുമാനിച്ചു .

ദത്ത ശേഖരണ ഉപാധികൾ

- ചോദ്യാവലി
- അഭിമുഖ ചോദ്യങ്ങൾ
- ഭാഷാ വിഷയങ്ങൾ അടിസ്ഥാന ഗണിതം പരിസര പഠനം എന്നിവയിലെ കുട്ടികളുടെ നിലവാരം പരിശോധിക്കുന്നതിനുള്ള ശോധകങ്ങൾ.
- പെർഫോമൻസ് ശോധകങ്ങൾ

സാധ്യതകൾ

ടി ടി കെ എം അധ്യാപക വിദ്യാർത്ഥികൾ തോൽപ്പെട്ടി ഗവ: ഹൈസ്കൂളിലെ ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതിയുമായി സഹകരിച്ച് നടത്തിയ സമൂഹ സമ്പർക്ക സഹവാസ ക്യാമ്പിൻ്റെ വിശദമായ വിവരണം നൽകുന്നു. ഈ ക്യാമ്പ് താഴെ പറയുന്ന ലക്ഷ്യങ്ങൾ ഉന്നയിച്ചു:

ഗോത്ര വിദ്യാർത്ഥികളുമായി സൗഹൃദം സ്ഥാപിക്കുകയും അവരുടെ സംസ്കാരത്തെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക.
ഗോത്ര സമൂഹത്തിൽ നിലനിൽക്കുന്ന വെല്ലുവിളികളെക്കുറിച്ച് അവബോധം വളർത്തുക.
ഗോത്ര സമൂഹത്തിൻ്റെ വികസനത്തിനായി സന്നദ്ധ പ്രവർത്തനം നടത്തുക.
ക്യാമ്പിൻ്റെ ഭാഗമായി നടത്തിയ വിവിധ പ്രവർത്തനങ്ങളും അവയിൽ പങ്കെടുത്തവരുടെ പ്രതികരണങ്ങളും ഇതിൽ ഉൾപ്പെടും. ഈ ക്യാമ്പിൻ്റെ ദീർഘകാല സ്വാധീനത്തെക്കുറിച്ചും റിപ്പോർട്ടിൽ ചർച്ച ചെയ്യും.

പരിമിതികൾ

- സമയത്തിൻ്റെ അപര്യാപ്തത,
- വ്യത്യസ്തങ്ങളായ മറ്റു പല പഠന രീതികളും ഉപയോഗപ്പെടുത്താം,
- തോൽപ്പെട്ടി പഞ്ചായത്തിലെ 15 കോളനികളിൽ മാത്രമാണ് പഠനം സാധിച്ചിട്ടുള്ളത്.
- തോൽപ്പെട്ടി ഹൈ സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയും ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല,
- ഗോത്ര വിഭാഗം കുട്ടികൾ മാത്രമാണ് ഉൾപ്പെടുത്തിയത്.

## CHAPTER 2
## രീതിശാസ്ത്രം

കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് ഗോത്ര മേഖലയിലെ വിദ്യാലയങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയായ സ്പെഷ്യൽ എൻടിച്ച്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി തോൽപ്പെട്ടി ഹൈസ്കൂളിൽ നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിപോഷണ പരിപാടിയാണ് ചുവടുകൾ. തോൽപ്പെട്ടി ഹൈസ്കൂളിനെ ഒരു ഗോത്ര സൗഹൃദ വിദ്യാലയം ആക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം.ചുവടുകൾ ഗോത്ര സൗഹൃദ വിദ്യാലയ പദ്ധതിയെ നടപ്പിലാക്കുന്നതിലൂടെ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ ഉൾപ്പെടെ ഹൈസ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും അവരുടെ കുടുംബവും അതുവഴി തോൽപ്പെട്ടി ഗ്രാമം മുഴുവൻ വിദ്യാഭ്യാസ ഉന്നതി കൈവരിക്കും എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.
ഈ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി വിവരശേഖരണ പ്രവർത്തനങ്ങളും പഠനങ്ങളും നടന്നിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കോളനികൾ കേന്ദ്രീകരിച്ച് വിവരശേഖരണം നടത്തി. തുടർന്ന് കോളനികളിൽ അല്ലാതെ സ്കൂളിലെ വിദ്യാർഥികൾ വസിക്കുന്ന വീടുകൾ കേന്ദ്രീകരിച്ച് സർവ്വേ പൂർത്തിയാക്കി. മൂന്നാംഘട്ടമാണ് തോൽപ്പെട്ടി ഗവൺമെൻറ് ഹൈസ്കൂളിൽ പഠിക്കുന്ന ഗോത്ര വിഭാഗം വിദ്യാർത്ഥികളുടെ പഠന പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട്, മലപ്പുറത്തെ ടി ടി കെ എം അധ്യാപക വിദ്യാർത്ഥികൾ

ചുവടു ഗോത്ര വിദ്യാലയ സൗഹൃദ പദ്ധതിയുമായി കൈകോർത്ത് അവരുടെ ക്യാമ്പിന്റെ ഭാഗമായി 15 കോളനികളെ കേന്ദ്രീകരിച്ച് പഠനം നടത്തിയത്.

സർവ്വേയും അഭിമുഖവും പഠന പോഷണ പരിപാടികളും ഉൾപ്പെടുന്ന സർവ്വേ കം ഇൻറർവെൻഷൻ (ഗുണപരമായ ഗവേഷണ രീതിശാസ്ത്രം), സമീപനമാണ് പഠനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.
ഗുണപരമായ ഗവേഷണ രീതിശാസ്ത്രം സാമൂഹിക ലോകത്തെക്കുറിച്ച് ആഴത്തിലുള്ള ധാരണ നേടാൻ സഹായിക്കുന്ന ഒരു ഗവേഷണ സമീപനമാണ്. സംഭാഷണങ്ങൾ, അഭിമുഖങ്ങൾ, നിരീക്ഷണങ്ങൾ, രേഖകൾ വിശകലനം ചെയ്യുക തുടങ്ങിയ വിവിധ രീതികൾ ഉപയോഗിച്ച് ഡാറ്റ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെയാണ് ഇത് നടത്തുന്നത്. സംഖ്യാ ഡാറ്റയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരമ്പരാഗത ക്വാണ്ടിറ്റേറ്റീവ് ഗവേഷണ രീതികളിൽ നിന്ന് ഇത് വ്യത്യസ്തമാണ്. പങ്കെടുക്കുന്നവരുടെ കാഴ്ചപ്പാട്, ഗവേഷണം നടത്തുന്നവരുടെയും പഠിക്കുന്ന വിഷയങ്ങളുടെയും വ്യക്തിപരമായ അനുഭവങ്ങളും കാഴ്ചപ്പാടുകളും മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.ഗുണപരമായ ഗവേഷണം ഡാറ്റയെ അതിന്റെ സാമൂഹികവും സാംസ്കാരികവുമായ സന്ദർഭത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നു.ഗവേഷണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും പുതിയ വിവരങ്ങൾക്കനുസരിച്ച് ഗവേഷണ രീതികൾ പരിഷ്കരിക്കാൻ ഗവേഷകർക്ക് കഴിയും.

## CHAPTER 3
## ശേഖരിച്ച വിവരങ്ങളുടെ അപഗ്രഥനം
## (ANALYSIS&INETERPRETATION)

സംഭാഷണങ്ങൾ, അഭിമുഖങ്ങൾ, നിരീക്ഷണങ്ങൾ, രേഖകൾ വിശകലനം ചെയ്യുക തുടങ്ങിയ വിവിധ രീതികൾ ഉപയോഗിച്ച് ഡാറ്റ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന ഗുണപരമായ ഗവേഷണ രീതിശാസ്ത്രം ഉപയോഗപ്പെടുത്തി. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് പുതിയ അറിവ് നേടുക. നിലവിലുള്ള സിദ്ധാന്തങ്ങളും ആശയങ്ങളും പരിശോധിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് കാരണങ്ങളും പരിഹാരങ്ങളും മനസ്സിലാക്കുക. നയങ്ങളും പ്രോഗ്രാമുകളും വികസിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുക. സാമൂഹിക നീതിയും സമത്വവും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളിൽ നിന്നുകൊണ്ടാണ് ദത്തങ്ങൾ വിശകലനം ചെയ്തത്. വിശകലനത്തിന് വിശദാംശങ്ങൾ താഴെ പറയുന്ന തലക്കെട്ടിനു കീഴിൽ നൽകുന്നു. വിവരശേഖരണഡാറ്റ ഷീറ്റ് അനുബന്ധമായി നൽകിയിട്ടുണ്ട്. (അനുബന്ധം 2)

## CHAPTER 4
## കണ്ടെത്തലുകൾ,നിർദ്ദേശങ്ങൾ
## ആദിവാസി ഗോത്ര മേഖലയിലെ ഗോത്രവർഗ്ഗ ജീവിതം, സംസ്കാരം.

- മിക്ക കോളനികളിലും പുരുഷന്മാരുടെ എണ്ണം സ്ത്രീകളെ അപേക്ഷിച്ച് കൂടുതലാണ്.
- 18 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ് കൂടുതൽ.
- വിവാഹം കഴിച്ച സ്ത്രീ പുരുഷന്മാർ പതിനെട്ടു വയസ്സിനു താഴെ പ്രായമുള്ളവരും ഉണ്ട്.
- ഉപജീവനമായി കൂടുതൽ ആളുകളും കൂലിപ്പണിയാണ് സ്വീകരിച്ചിരിക്കുന്നത്. ഗവൺമെൻറ് ഉദ്യോഗസ്ഥരെയും കച്ചവടക്കാരെയും കടിൽ വ്യവസായികളെയും വളരെ വിരളമായി കാണാൻ സാധിച്ചു.
- വരുമാനത്തിന്റെ സിംഹഭാഗവും കൂലിപ്പണിയിലൂടെയാണ് ലഭിക്കുന്നത് എങ്കിലും കുടുംബത്തിലെ കൂടുതൽ ആളുകളും തൊഴിലെടുക്കുന്നതിനാൽ

ആവശ്യമായ വരുമാനം ലഭിക്കുന്നുണ്ടെന്ന് കണ്ടെത്താൻ സാധിച്ചു. കൃത്യനിഷ്ഠത ഇല്ലാത്ത ജീവിതവും അമിതമായ മദ്യപാനവും ആണ് ഊരുകളിലെ സാമ്പത്തിക ഭദ്രത തകിടം മറിക്കുന്നത്

- കുടിവെള്ളക്ഷാമത്തിന്റെ പ്രധാന കാരണമായി കണ്ടെത്താൻ സാധിച്ചത് കൂടുതൽ വീടുകളും ഒരു ജലസ്രോതസിനെ മാത്രം ആശ്രയിക്കുന്നു എന്നതാണ്
- കുട്ടികളിലെ പഠനത്തോടുള്ള താല്പര്യക്കുറവ്, വിരക്തി, ചില രക്ഷിതാക്കളിലെ അബോധാവസ്ഥ, വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന നേട്ടങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ, ശൈശവ വിവാഹം, സാമ്പത്തിക അരക്ഷിതാവസ്ഥ, എന്നീ കാരണങ്ങൾ പഠനത്തിലെ പിന്നാക്കാവസ്ഥയ്ക്ക് ഹേതുവാകുന്നുണ്ട്.
- പ്രമോട്ടർമാരുടെയും എജ്യൂക്കേഷൻ വളണ്ടിയർമാരുടെയും ശരിയായ സേവനങ്ങൾ ലഭിക്കാത്തതും പഠന കേന്ദ്രങ്ങളായ പകൽവീട് എന്നിവ പോലുള്ളതിന്റെ കാര്യക്ഷമമായ പ്രവർത്തന കുറവും വിദ്യാഭ്യാസത്തോടുള്ള താൽപര്യം കുറയ്ക്കുന്നു.
- സാമ്പത്തിക പിന്നോക്ക അവസ്ഥ ഉപരിപഠനത്തെ തടസ്സപ്പെടുത്തുന്നുണ്ട്.
- സ്കൂളിലെ വാഹന സൗകര്യം എല്ലായിടങ്ങളിലേക്കും ഇല്ലാത്തതു കാരണം സ്കൂളിൽ പോകാൻ മടി കാണിക്കുന്നവരും ഉണ്ട്.
- സ്കൂളിൽ പോകത്ത കുട്ടികൾ ഊരുകളിൽ ഉണ്ട്
- ഊരിന് സമീപത്തുള്ള വിദ്യാലയങ്ങളിൽ തന്നെ ഉന്നത വിദ്യാഭ്യാസത്തിനായി പത്താം ക്ലാസിനു ശേഷം പ്ലസ്സ് വിദ്യാഭ്യാസത്തിനുവേണ്ടി ഹയർ സെക്കൻഡറി വിദ്യാലയങ്ങൾ നിലവിലുള്ള സ്കൂളുകളോട് ചേർന്ന് തന്നെ നിർമിക്കേണ്ടത് ഊരിൻറെ ആവശ്യകതയാണ്. ഇത്തരത്തിലുള്ള ഉന്നത വിദ്യാലയങ്ങൾ ഊരിൽ തന്നെ നിർമ്മിക്കുന്നത് ഉന്നത പഠനത്തിന് കൂടുതൽ സൗകര്യം ഒരുക്കും.
- ഉപരിപഠന സാധ്യത ഉപയോഗപ്പെടുത്തിയ കുട്ടികളുടെ എണ്ണം താരതമ്യേനെ കുറവാണ്. ഉപരിപഠനം നടത്തിയവർ കൂലിപ്പണിയിലേക്ക് ഇറങ്ങിയ സാഹചര്യം മറ്റു കുട്ടികളെ മാനസികമായി തളർത്തുന്നു എന്നതും കണ്ടെത്താൻ സാധിച്ചു.
- മിക്ക ഊരുകളിലും ആരോഗ്യപരമായ നേരിടുന്ന പ്രശ്നം ലഹരിപദാർത്ഥങ്ങളുടെ അമിത ഉപയോഗം മൂലമുള്ള രോഗങ്ങളാണ്. പ്രൊമോട്ടർമാരുടെ അസാന്നിധ്യം മൂലം ജനങ്ങൾക്ക് അവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് വ്യക്തമായ ധാരണയില്ല. ഗവർമെന്റ് പ്രാഥമിക ശുശ്രൂഷ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത് അപ്പപ്പാറ ആയതിനാൽ യാത്രാ ചെലവ് മൂലം മിക്കവരും വൈദ്യസഹായം തേടുന്നില്ല. പോഷകാഹാരത്തെക്കുറിച്ച് ധാരണയില്ലാത്തതിനാൽ മിക്കവരും പോഷകാഹാരം കിറ്റ് കൈപ്പറ്റുന്നില്ല.
- പോഷകാഹാര കുറവ് മൂലം ബുദ്ധിമുട്ട് നേരിടുന്നവർ താരതമ്യേനെ കുറവാണ് .ജനങ്ങൾക്കു ഇതുവരെ ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ പോഷകാഹാരക്കുറവ് മൂലം ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളും റേഷൻ കടകളും ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്നുണ്ട് എന്ന് ഇതിൽ നിന്നും ഗ്രഹിക്കാം.
- വിദ്യാലയത്തിലേക്ക് കുട്ടികളെ മടികൂടാതെ പറഞ്ഞയക്കുന്നതിനും പഠനത്തിൽ തൽപരരാക്കുന്നതിനും രക്ഷിതാക്കൾ വളരെയധികം മുൻകൈയെടുക്കുന്നുണ്ട്. കുട്ടികളെ പഠനത്തിലേക്ക് നയിക്കുന്നതിനായി മാനസികമായും വൈകാരികമായും പ്രോത്സാഹനവും പിന്തുണയും നൽകുന്നതോടൊപ്പം ആവശ്യമായ സഹായവും കഴിയുന്ന രീതിയിൽ നൽകിവരുന്നു. എങ്കിലും കുറഞ്ഞ അളവിൽ ആളുകൾ തങ്ങളുടെ സാഹചര്യം പ്രതികൂലമായതിനാൽ പിന്നോക്കം നിൽക്കുന്നതായും കാണപ്പെട്ടു. രക്ഷിതാക്കളിലെ വിദ്യാഭ്യാസത്തിൻറെ കുറവുമൂലം കുട്ടികളിൽ പഠനസംബന്ധമായ സംശയങ്ങളും കുറവുകളും ദൂരീകരിക്കാൻ കഴിയാതെ വരുന്നു
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തമില്ലായ്മ.
- PTA മീറ്റിംങ്ങിൽ പോവാറുണ്ടെങ്കിലും അധ്യാപകരുമായുള്ള ബന്ധം കുറവാണ്.
- കുട്ടികളെ പഠനത്തിൽമുന്നോട്ട് നയിക്കാൻ രക്ഷിതാക്കൾക്ക് താല്പര്യമുണ്ട്.
- രക്ഷിതാക്കളെ സ്കൂളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കുറവാണ്.
- ശംഖുമൂല എട്ടേക്കര എന്നീ ഊരിലെ രക്ഷിതാക്കൾക്ക് സ്കൂൾ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലരായ പ്രവർത്തിക്കാനുള്ളത് സ്കൂളിലെ ഒട്ടനവധി മീറ്റിങ്ങിലും ഇവർ പങ്കാളിയാകുന്നതിനാൽ തന്നെ വിദ്യാർത്ഥികളിലെ പഠന പുരോഗതി മനസ്സിലാക്കാൻ സാധിക്കുന്നു.

- PTA മീറ്റിംങ്ങിൽ പോവാറുണ്ടെങ്കിലും അധ്യാപകരുമായുള്ള ബന്ധം കുറവാണ്.
- കുട്ടികളെ പഠനത്തിൽമുന്നോട്ട് നയിക്കാൻ രക്ഷിതാക്കൾക്ക് താല്പര്യമുണ്ട്.
- രക്ഷിതാക്കളെ സ്കൂളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കുറവാണ്.
- സ്കൂളിൽ കൃത്യമായ ഇടവേളകളിൽ മീറ്റിംങ്ങ് സംഘടിപ്പിക്കണം.
- കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ അറിയിക്കാൻ ഉള്ള ഒരു സംവിധാനം ഒരുക്കണം (മൊബൈൽ ഫോൺ, വാട്സ് ആപ്പ് ഗ്രൂപ്പ് )
- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളെ പങ്കാളികളാക്കുക.

പഠനത്തിൽ അതിയായ താത്പര്യം കാണിക്കുന്നില്ലെങ്കിലും ഇവർ മറ്റു മേഖലകളിൽ കഴിവ് തെളിയിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. സംഗീതം, ചിത്രം വര, ഡാൻസ്, ഡ്രൈവിംഗ്, റോബോട്ടിംഗ്, മോഡൽസ്, നിർമ്മാണം എന്നീ മേഖലകളിൽ ഇവർ കഴിവ് തെളിയിക്കുന്നുണ്ട്. ചില കോളനികളിൽ രക്ഷിതാക്കൾക്ക് വേണ്ടത്ര അവബോധം ഇല്ലാത്തതിനാൽ തന്നെ അവരുടെ കഴിവുകൾ പരിപോഷിക്കപ്പെടുന്നില്ല എന്ന് തന്നെ പറയാം. എന്നാൽ ചില കോളനികളിൽ രക്ഷിതാക്കൾ നല്ല സഹകരണം നൽകുന്നുണ്ട്.

പഠനത്തിൽ താല്പര്യമുള്ള കുട്ടികളും താല്പര്യമില്ലാത്ത കുട്ടികളും ഉണ്ട്. ചില കുട്ടികൾക്ക് സ്കൂളിൽ പോയി വിനോദത്തിൽ ഏർപ്പെടാനാണ് താല്പര്യം. എന്നാൽ ചില കുട്ടികൾക്ക് പഠനത്തിൽ ഉന്നത നിലവാരം കാഴ്ചവയ്ക്കണമെന്നും അതിയായ ആഗ്രഹമുണ്ട്. അതിനായി അവർ എത്ര ബുദ്ധിമുട്ടുകൾ നേരിടാനും തയ്യാറാണെന്ന് മനസ്സിലായി.

- സംഗീതം, ചിത്രരചന ,ഡാൻസ് ,കൃഷി എന്നീ മേഖലകളിലാണ് താല്പര്യം കാണിക്കുന്നത്.
- ചിലർ പഠനത്തിന് യാതൊരുവിധ മൂല്യവും കൽപ്പിക്കാതെ കൂലിപ്പണിക്ക് പോകുന്നു. പണം ലഭിക്കുന്നുണ്ടെന്ന് ന്യായീകരണമാണ് ഇതിന് നൽകിയത്.
- കുട്ടികൾ പരീക്ഷയിൽ തോറ്റാൽ പിന്നീട് വിദ്യാലയങ്ങളിലേക്ക് പോവുന്നില്ല. പിന്നീട് കൂലിപ്പണിയിൽ ആശ്രയം നേടുന്നു
- സാമ്പത്തിക ബുദ്ധിമുട്ട് പഠനത്തെ ബാധിക്കുന്നു .
- രക്ഷിതാക്കളുടെ മനോഭാവവും പഠനത്തെ സ്വാധീനിക്കുന്ന ഒരു ഘടകം തന്നെ

- പ്രമോട്ടർമാരുടെയും വളണ്ടിയർമാരുടെയും സേവനങ്ങൾ അധിക ഊരുകളിലും മോശമായ രീതിയിലാണ് ലഭ്യമായി കൊണ്ടിരിക്കുന്നത്. ഓരോ ഊരുകളുടെയും സാഹചര്യങ്ങൾ കണക്കിലെടുക്കുകയാണെങ്കിൽ പ്രമോട്ടർമാരുടെ സേവനം നിർബന്ധിതമായും ലഭിക്കേണ്ട അവസ്ഥയിലൂടെയാണ് ഊരുകളിലെ ജനങ്ങൾ കടന്നു പോകുന്നത്. അസുഖബാധിതർക്ക് പോലും വേണ്ട രീതിയിലെ സഹായങ്ങൾ തീരെ ലഭിക്കുന്നില്ല. സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാവുന്ന സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ ഉത്തരവാദിത്തപ്പെട്ട പ്രമോട്ടർ പോലുള്ള ആളുകളുടെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ ഫലപ്രദമാവുന്നില്ല. ഇതിനു ഒരു പ്രധാനകാരണമായി ചൂണ്ടിക്കാണിക്കുന്നത് പ്രൊമോട്ടര്മാര്ക് മറ്റു നിർബന്ധിത ജോലികൾ വന്നുചേരുന്നതുകൊണ്ടു ഊരുകളിൽ പോവുന്നതിനു തടസ്സം നേരിടുന്നു. ഓഫീസിൽ സംബന്ധമായ രേഖകളുടെ വര്കിൽ അവർ തളച്ചിടപ്പെടുന്ന അവസ്ഥ ഉണ്ടെന്നതാണ്.

നിർദ്ദേശങ്ങൾ

- അമിതമായ മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണം ഊരുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുക
- ഉപരി പഠനത്തിലൂടെ മികച്ച തൊഴിലുകളിലേക്ക് എത്തിക്കാൻ ആവശ്യമായ ഗൈഡൻസ് ലഭിക്കുക
- മികച്ച ഉപരിപഠനത്തിനു ശേഷവും കൂലിപ്പണിയിലേക്ക് വരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുക
- psc പരിശീലന കേന്ദ്രങ്ങൾ ഊരുകളോട് ചേർത്ത് നടപ്പിലാക്കുന്ന പദ്ധതി രൂപീകരിക്കുക.
- പത്താം ക്ലാസിനു ശേഷം തന്നെ സർക്കാർ ഉദ്യോഗം ലഭിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടെന്ന ധാരണ അവരിലേക്ക് എത്തിക്കുക.
- സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് നടത്തുക.
- കുടിൽ വ്യവസായങ്ങളിൽ ഇടനിലക്കാരെ ഒഴിവാക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ സാധ്യമാക്കുക.
- അടിസ്ഥാന സൗകര്യങ്ങളുടെ അപാകത അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. ആദ്യമായി ശോചനീയാവസ്ഥയിൽ ഉള്ളതും

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവും നേരിടുന്ന ഊരുകളിൽ, ഇതിനുള്ള പദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യണം.

- വീടുകളുടെ എണ്ണത്തിന് അനുപാതമായി കുടിവെള്ള സ്രോതസ്സുകൾ ലഭ്യമാക്കുന്നത് ഒരു പരിധിവരെ കുടിവെള്ള പ്രശ്നത്തെ നിയന്ത്രണ വിധേയമാക്കാൻ സഹായിക്കും. മഴവെള്ള സംഭരണി പോലുള്ള ശുദ്ധജല സംരക്ഷണ പദ്ധതികളെക്കുറിച്ചും അതിന്റെ കാര്യക്ഷമമായ ഉപയോഗത്തെക്കുറിച്ചും ബോധവാന്മാരാക്കുന്നതിലൂടെ ഇത്തരം പ്രശ്നങ്ങളെ പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികളിലേക്കും മുതിർന്നവരിലേക്കും എത്തിക്കുക.
- സ്ത്രീകൾക്ക് ടൈലറിങ്, ചിത്ര തുന്നൽ, ക്രാഫ്റ്റ് നിർമ്മാണം എന്നീ സംരംഭങ്ങൾക്ക് പരിശീലനം നൽകുക.
- തുല്യവേതനം എന്ന ആശയത്തെക്കുറിച്ച് സ്ത്രീകളെയും പുരുഷന്മാരെയും ബോധവാന്മാരാക്കുക.
- മറ്റു തൊഴിലുകളോടൊപ്പം പരമ്പരാഗത തൊഴിലും മുന്നോട്ട് കൊണ്ടുപോകാൻ വേണ്ട പരിശ്രമങ്ങൾ സ്വീകരിക്കുക.
- സ്കൂളിലെത്തുന്നവർക്കായി വാഹനസൗകര്യവും അതിൽ ഒരു അധ്യാപകന്റെ സാന്നിധ്യവും ഉറപ്പാക്കുക വഴി എല്ലാവരെയും അയൽപക്ക വിദ്യാലയങ്ങളിലേക്ക് എത്തിക്കാൻ ആവും. സ്കൂളിൽ തന്നെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ഏറ്റവും ഉചിതമായ പോംവഴി.കുട്ടികളെ സ്കൂളിൽ താമസിപ്പിച്ചു പഠിപ്പിക്കുക വഴി മുഴുവൻ പേരുടെയും ഹാജർ ഉറപ്പാക്കാൻ ആവും. മടി കാരണം ഉണ്ടാവുന്ന കൊഴിഞ്ഞുപോക്ക് ഒരു പരിധിവരെ ഇപ്രകാരം മാറ്റിയെടുക്കാം. രക്ഷിതാക്കളുടെ വിദ്യാഭ്യാസക്കുറവ് വീട്ടിൽനിന്നുള്ള പഠനസഹായത്തെ ഇല്ലാതാക്കുന്നു. ഇത് തരണം ചെയ്യാൻ പകൽ വീടുകളുടെയും പ്രമോട്ടർമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കണം. അധ്യാപകരും കുട്ടികളും അടങ്ങുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകൾ പഠന സഹായി ആവണം. എജ്യുക്കേഷൻ ആപ്പുകൾ മറ്റു ചാനലുകൾ എന്നിവയും ഉപയോഗവും വ്യക്തമാക്കി കൊടുക്കണം. വിദ്യാഭ്യാസം സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ നൽകി ഉപരിപഠനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സ്ഥാനം ഉറപ്പിക്കണം. പഠനത്തിലൂടെ വരുമാനം നേടുന്ന രീതി വ്യക്തമാക്കണം. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കണം.
- പ്രമോട്ടർമാരും എജ്യുക്കേഷൻ വളണ്ടിയേഴ്സും അവരുടെ തന്നെ ഊരിലെ വിദ്യാസമ്പന്നരാവണം.എങ്കിൽ മാത്രമേ പ്രവർത്തനത്തിൽ പൂർണ്ണപങ്കാളിത്തവും കാര്യക്ഷമതയും കൂടും ഉണ്ടാവു.
- കുട്ടികൾ പഠിച്ച മേഖലകളിൽ ഉള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് കൃത്യമായ ധാരണ കുട്ടികൾക്ക് നൽകുക.
- ഉപരിപഠനത്തിനു വേണ്ടി രക്ഷിതാക്കളിൽ കാര്യമായ അവബോധം സൃഷ്ടിക്കുക.
- കുട്ടികളുടെ താൽപര്യങ്ങൾ തിരിച്ചറിഞ്ഞ് അതിനു അനുയോജ്യമായ സാധ്യതകൾ തിരഞ്ഞെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- പഠന മുറികൾ ഓരോ ഊരുകൾ കേന്ദ്രീകരിച്ച് നിർമിക്കുക.
- സൗജന്യ പിഎസ്സി പരിശീലന കേന്ദ്രങ്ങൾ ഓരോ ഊരുകളിലും നടപ്പിലാക്കുക.
- പത്താം ക്ലാസിനു ശേഷം സർക്കാർ ജോലികളിൽ ഉയർന്ന ഉദ്യോഗസാധ്യതകൾ ഉണ്ടെന്ന ധാരണ ഗൈഡൻസിലൂടെ കുട്ടികളിലെത്തിക്കുക.
- ഉന്നത പഠനത്തിനു ശേഷം കൂലിപ്പണി ചെയ്യേണ്ട സാഹചര്യം സർക്കാർ
- ഇടപെടലിലൂടെ പരിഹരിക്കുക.
- ഉന്നത പഠനത്തിനായുള്ള ബോധവൽക്കരണ ക്ലാസ് നടപ്പിലാക്കുക.
- പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- ഓരോ ഊരുകളും പ്രാഥമികാരോഗ്യ കേന്ദ്രവും ആരോഗ്യസംരക്ഷണ പ്രതിനിധിയെയും നിയോഗിക്കണം
- ഊരിലെ ആരോഗ്യസംബന്ധമായ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ നൽകേണ്ടതുണ്ട്
- കിടപ്പിലായ രോഗികൾക്ക് അവരുടെ വസതിയിൽ എത്തി ചികിത്സ നൽകുന്ന സംവിധാനം ഒരുക്കുക
- പ്രഥമ ശുശ്രൂഷയെ കുറിച്ച് ധാരണ നൽകൽ
- തോൽപ്പെട്ടി ഹൈസ്കൂളിൽ പ്ലസ് ടു പഠന സാധ്യത ഒരുക്കുന്നത് അവിടെ നിന്ന് SSLC പാസ്സാവുന്ന കുട്ടികൾക്കു ആശ്വാസമാകുമെന്നാണ് രക്ഷിതാക്കൾ അഭിപ്രായപ്പെട്ടത്.
- എല്ലാ കുട്ടികളിലേക്കും പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിന്

വളണ്ടിയർമാരെ നിയമിക്കുക.

- അംഗൻവാടിയിൽ നിന്നും ഭക്ഷ്യകിറ്റുകൾ കൈപ്പറ്റുന്നുണ്ടോയെന്ന് നിർബന്ധിക്കുന്നതിന് പ്രമോട്ടർമാർ മുന്നിട്ടിറങ്ങുക.
- ദിവസവും ആഹാരം കൈപ്പറ്റുന്നുണ്ടോയെന്ന് രേഖപ്പെടുത്തുക.
- ബോധവൽക്കരണ ക്ലാസ് -പോഷകാഹാരം പ്രസക്തി,പ്രാധാന്യം
- റേഷൻ കാർഡുകൾ നിലവാരത്തിന് അനുയോജ്യമാക്കുക
- എല്ലാ കോളനികളിലും രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണം വിദ്യാഭ്യാസം എന്നിവ നൽകുക
- പ്രത്യേക വിദ്യാഭ്യാസം നൽകി മുന്നോട്ട് കൊണ്ടു വരിക
- കുട്ടികളുടെ വിദ്യാഭ്യാസത്തിന് പരിഗണന നൽകാത്ത രക്ഷിതാക്കളെ മാത്രം വിളിച്ച ബോധവൽക്കരണം നൽകുക
- അധ്യാപക രക്ഷിതാക്കളുമായി സമ്പർക്കം നിരന്തരമായി പുലർത്തുക
- സ്കൂളിൽ കൃത്യമായ ഇടവേളകളിൽ മീറ്റിംങ്ങ് സംഘടിപ്പിക്കണം.
- കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളെ അറിയിക്കാൻ ഉള്ള ഒരു സംവിധാനം ഒരുക്കണം (മൊബൈൽ ഫോൺ, വാട്സ് ആപ്പ് ഗ്രൂപ്പ്)
- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളെ പങ്കാളികളാക്കുക
- പ്രൊമോട്ടർമാരുടെ സേവനം ഉറപ്പുവരുത്തുക
- കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക
- കലാകായിക പരമായ സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുക.
- സ്കൂളുകളിൽ നിന്ന് പിടിഎ അംഗങ്ങളും വിദ്യാർത്ഥികൾക്ക് എല്ലാ പരിഗണനയും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- ഒട്ടുമിക്ക ഊരുകളിലും തദ്ദേശസ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടലുകളും സഹകരണവും ഇനിയും ലഭ്യമാവേണ്ടതുണ്ട്. ഉത്തരവാദിത്വബോധമുള്ള പ്രൊമോട്ടർമാരെ നിയമിക്കുക, പ്രമോട്ടർമാരുടെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുക, തദ്ദേശസ്ഥാപനങ്ങളുടെ ധർമ്മങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക, ആഴ്ചയിൽ ഒരു ദിവസമെങ്കിലും പ്രൊമോട്ടർമാർ വീട് സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങൾ അടുത്തറിയുക , etc തുടങ്ങിയ നടപടികൾ സ്വീകരിച്ചുകൊണ്ട് ഗവൺമെൻറ് നൽകുന്ന സേവനങ്ങൾ ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് പൂർണമായും ഉറപ്പുവരുത്തേണ്ടതുണ്ട്
- എല്ലാ കോളനികളിലും കുട്ടികളുടെ വിദ്യാഭ്യാസപരമായിട്ടുള്ള പ്രത്യേക ബോധവൽക്കരണം രക്ഷിതാക്കൾക്ക് നൽകുക
- ഗവൺമെന്റിന്റെ കീഴിലുള്ള പ്രൊമോട്ടർമാരെ നിയമിക്കുക
- ഓരോ മാസവും പ്രമോട്ടർമാരെ വിളിച്ച കാര്യങ്ങൾ അന്വേഷിക്കുക
- ഓരോ ആഴ്ചയിലും അധ്യാപകർ രക്ഷിതാക്കളെ വിളിച്ച കാര്യങ്ങൾ അന്വേഷിക്കുക
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകുക
- ഊരുകളിലെ ഓരോ വീട്ടിലും പഠിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കൊണ്ടുവരിക.
- ജോലി ഇല്ലാത്തതോ ജോലിക്ക് പോകാൻ സാധിക്കാത്തതോ ആയ ഊരിലെ തന്നെ ഒരാളെ തിരഞ്ഞെടുത്ത് അവരുടെ ഊരിലെ പ്രശ്നങ്ങൾ കഥാക്രമത്തിൽ ശേഖരിക്കുകയും അവ കൃത്യമായി അകാത് പ്രമോട്ടർമാരെ അറിയിക്കുകയും ചെയ്യുന്ന രീതിയിൽ സംഘടിപ്പിക്കുകയാണെങ്കിൽ അവർക്കൊരു വരുമാനമാർഗം കൂടി ഇതിലൂടെ കണ്ടെത്താൻ സാധിക്കും
- മാതാപിതാക്കളെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും ബോധവൽക്കരണ ക്ലാസിൽ ഉൾപ്പെടുത്തുക.
- കുട്ടികളെ വിനോദത്തിലൂടെ പഠിപ്പിക്കുക
- അവരുടെ കഴിവുകളെ തരംതിരിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്യുക
- അധ്യാപകർക്ക് വേണ്ട മോട്ടിവേഷൻ ക്ലാസുകൾ നടത്തുക
- വിദ്യാഭ്യാസത്തെക്കുറിച്ച് ബോധവാന്മാരാവുക.
- ഗോത്ര സമൂഹങ്ങളിലെ സ്കൂളും വീടും തമ്മിലുള്ള ബന്ധം കുട്ടികളുടെ വിദ്യാഭ്യാസ അനുഭവങ്ങളും ഫലങ്ങളും രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു. സാംസ്കാരിക മൂല്യങ്ങൾ പാരമ്പര്യങ്ങൾ വിദ്യാഭ്യാസ അഭിലാഷങ്ങൾ എന്നിവയുടെ സവിശേഷമായ പരസ്പരബന്ധമാണ് ഈ ബന്ധത്തിന്റെ സവിശേഷത. സ്കൂൾ പാഠ്യ പദ്ധതി തദ്ദേശീയമായ അറിവുകളും സമ്പ്രദായങ്ങളും സജീവമായ ഇടപെടൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നു.

# TTKM ITE

# EDITORIAL BOARD

## ADVISORY BOARD



Dr. Prameela P K
Principal



Najma Teacher
SRG Converner

## STUDENT EDITOR



Salma

## CHIEF EDITOR



Muhammed Suhail

## HELP DESK



Jishnu



Jijil



Vijay



Sana

# TTKM ITE
# STUDENT'S UNION

CHAIRMAN



Jijil

VICE CHAIRMAN



Suhail

FINE ARTS SECRETARY



Akshaya

FINE ARTS VICE SECRETARY



Arshida

STUDENT EDITOR



Salma

SUB EDITOR



Diya Shahabas

GENERAL CAPTAIN



Jothish

VICE CAPTAIN



Hashim

# ജ്വാല

ടി.ടി.കെ.എം. ടി.ടി.ഐ. തെക്കേകുളമ്പ്

2023 ഒക്ടോബർ 16
1199 കന്നി 29

## DELICIOUS ഫുഡ്ഫെസ്റ്റ്





മനുഷ്യന് ഭക്ഷണത്തേക്കാൾ പ്രിയമുള്ളതായി മറ്റൊന്നുമില്ല എന്നതിനെ അന്വർത്ഥമാക്കുന്ന തരത്തിൽ വിഭവസമൃദ്ധമായ ഭക്ഷണങ്ങളാൽ സജീവമായിരുന്നു കാലാധ്യാപകൻ രാജു സാറിന്റെ നേതൃത്വത്തിൽ TTKM TTI ൽ നടന്ന DELICIOUS ഫുഡ്ഫെസ്റ്റ്. രണ്ടു ക്ലാസുകളിലുമായി 10 ഗ്രൂപ്പുകൾ തമ്മിൽ ഭക്ഷണം കൊണ്ടുള്ള ഒരു പോരാട്ടം തന്നെയായിരുന്നു ഫുഡ് ഫെസ്റ്റിൽ നടന്നത്. വിധി കർത്താക്കളെ പോലും ഒരു വേള ആശയ കുഴപ്പത്തിലാക്കിയ മേള വേറൊരു തലത്തിൽ എത്തിക്കാൻ വിദ്യാർത്ഥികൾക്ക് സാധിച്ചു.

## ഓർമ്മച്ചെപ്പിലേയ്ക്ക് ചേർത്തു വയ്ക്കാൻ ഒരോണം കൂടി




സമത്വ സുന്ദരമായ ഒരു മാവേലി നാടിന്റെ സ്മരണയുണർത്തും ഉത്സവകാലം. കാർഷിക വിളവെടുപ്പിന്റെയും ഐശ്വര്യ സമൃദ്ധിയുടെയും പൊലി ദിനങ്ങൾ കൂടിയാണ് ഓണം. വൈവിധ്യമാർന്ന പരിപാടികളൊരുക്കി ധന്യമാക്കിയാണ് ടി.ടി.കെ.എം. ടി.ടി.ഐ.യും ഈ തിരുവോണത്തെ വരവേറ്റത്. മുറ്റത്തൊരുക്കിയ ഊഞ്ഞാലും പൂക്കളവും, ഒരുമയുടെ നിറസദ്യയും, മെഗാ തിരുവാതിരിയും ഓണപ്പാട്ടും, കളികളും മധുരിക്കുമോർമ്മകളായി ഓരോരുത്തരുടെയും മനസ്സിലെന്നും പൂക്കളം തീർക്കും

## CINE FLICKS




സിനിമയെ സ്നേഹിക്കുന്നവർക്കും അതിനെ വിനോദമെന്നതിലുപരിയായി കാണുന്നവർക്കും ഒരു വേദിയൊരുക്കുകയായിരുന്നു CINE FLICKS എന്ന TTI യുടെ ഫിലിം ക്ലബ്ബിലൂടെ. മലയാള സിനിമയിലെ മണ്മറഞ്ഞ മഹാരഥന്മാരെ ഒരു വേള ഓർക്കാൻ ഫിലിം ക്ലബ്ബിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി സാധിച്ചു. സിനിമയെന്ന മാധ്യമത്തിന്റെ ജീവസുറ്റമായ ഭാവങ്ങളിൽ ഉൾകൊണ്ടുള്ള വൈവിധ്യമാർന്ന പരിപാടികളും ഡോക്യുമെന്ററി പ്രദർശനവും ക്ലബ്ബിന്റെ ഇനിയുള്ള പ്രവർത്തനങ്ങൾ സജീവമാക്കുന്നതിലും ഫിലിം ക്ലബ്ബിന്റെ ഉദ്ഘാടന പരിപാടിക്ക് നിറം പകർത്തുവാനും സാധിക്കുകയുണ്ടായി.

## മാനത്തെ പൊന്നും തേടി




വർണ്ണശഭളമായ പരിപാടികളാൽ ഗംഭീരമായിരുന്നു ടി.ടി.കെ.എം.ടി.ടി.ഐയിലെ ചാന്ദ്രദിനാഘോഷം. കോളേജിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് വിപുലമായ പരിപാടികൾ ചാന്ദ്രദിനത്തിൽ സംഘടിപ്പിക്കാൻ സാധിച്ചു. കൂടാതെ ടിടികെഎം എൽ പി സ്കൂളിൽ അധ്യാപക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നാടകം ഏറെ ശ്രദ്ധയാകർഷിക്കുകയും ചെയ്തു.

## മോഡൽ പാർലമെന്റ് ടിടികെഎമ്മിലും




ടി.ടി.കെ.എം. ടി.ടി.ഐ.യിൽ പാർലമെന്റ് 2023 ഒക്ടോബർ 19 ന് രൂപീകൃതമായി. പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ, അനുശോചന പ്രമേയം, നയപ്രഖ്യാപന പ്രസംഗം തുടങ്ങിയ നടപടികൾ പൂർത്തിയാക്കി ആദ്യ സമ്മേളനം അവസാനിച്ചു.

## പഠനോപകരണ ശില്പ ശാല

തെക്കേകുളമ്പ : അധ്യാപക വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കാനും വിദ്യാലയ അനുഭവ പരിപാടിയെ രസകരമാക്കാനും. സെപ്റ്റംബർ 25,26 തീയതികളിൽ ടി.ടി.കെ.എം. ടി.ടി.ഐ യിൽ വെച്ച് പഠനോപകരണ ശില്പശാല നടത്തി. കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്ന വിധം വ്യത്യസ്ത മാർന്ന പഠനോപകരണങ്ങൾ അധ്യാപക വിദ്യാർത്ഥികൾ ഒരുക്കി. വളരെ മനോഹരമായ രീതിയിൽ നിർമ്മിച്ച പഠനോപക രണങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു.

## വിജയത്തിളക്കുവുമായി ടി.ടി.കെ.എം.


STORY WRITING SECOND A GRADE
Sumayya


പ്രഭാഷണം: 3rd A GRADE
പ്രസംഗം: A GRADE
SARANYA


MAPPILA PATTU A GRADE
ARSHAD

തെക്കേകുളമ്പ് 27-ാമത് മലപ്പുറം ജില്ലാ ഐ.ടി.ഇ. കലോത്സവത്തിൽ മിന്നും വിജയം നേടി ടി.ടി.ക.എം. വിദ്യാർത്ഥികൾ. ആഗസ്റ്റ് 16, 21 തിയ്യതികളിൽ മലപ്പുറം എം.സി.ടി. ക്യാമ്പസിൽ വെച്ച് നടന്ന മത്സരത്തിൽ കഥാരചനയിൽ രണ്ടാം സ്ഥാനം സുമയ്യയും, പ്രസംഗ മത്സരത്തിൽ 3-ാം സ്ഥാനം ശരണ്യയും നേടിയെടുത്തു. മാപ്പിളപ്പാട്ടിൽ അർഷദ് എ. ഗ്രേഡും കരസ്ഥമാക്കി. കഥാരചനക്ക് സംസ്ഥാന തലത്തിൽ മത്സരിക്കാനുള്ള യോഗ്യതയും നേടി. 27 കോളേജുകളോട് മത്സരിച്ച് 5-ാം സ്ഥാനം നേടിയെടുത്ത് ടി.ടി.കെ.എം. ചരിത്രം കുറിച്ചു.

## പറപ്പൂർ പഞ്ചായത്തിന്റെ സ്വാതന്ത്ര്യസമര ചരിത്ര ഗാഥകൾ തേടി ടി ടി ഐ




രാജ്യത്തിന്റെ 75ാം മത് സ്വാതന്ത്ര്യ ദിനാഘോഷം വൈവിധ്യമാർന്ന കലാപരിപാടികളോടെ ടിടികെഎം ടി ടി ഐയിൽ നടന്നു. പറപ്പൂർ പഞ്ചായത്തിന്റെ സ്വാതന്ത്ര്യ സമര ചരിത്രം അനാവരണം ചെയ്യുന്ന ഡോക്യുമെന്ററി പ്രകാശനം പറപ്പൂർ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സലീമ ടീച്ചർ നിർവ്വഹിച്ചു. ടിടികെഎം ടിടിഐ തയ്യാറാക്കിയ ഡോക്യുമെന്ററി പ്രാദേശിക ചരിത്ര രചന എങ്ങനെ നിർവ്വഹിക്കണം എന്നതിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവർത്തനാനുഭവം നൽകുന്നതായിരുന്നു. തുടർന്ന് വിദ്യാർത്ഥികളുടെ സർഗോത്സവം അരങ്ങേറി.

## സത്യത്തെ അന്വേഷിച്ചൊരു യാത്ര... യോഗയിലൂടെ...




22-8-23 കോളേജ് ഓഡിറ്ററിയത്തിൽ വെച്ച് ഞങ്ങളുടെ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ശരീരികവും മാനസികവുമായ ഉണർവ് നൽകുന്ന യോഗ പരിശീലന ക്ലാസ്സ് പ്രമുഖ യോഗാചാര്യ പാത്തുമ്മക്കുട്ടി ടീച്ചറുടെ നേതൃത്വത്തിൽ നടന്നു. അത് ജീവിതത്തിന്റെ ഭാഗമാക്കുന്നതിനുള്ള തിരിച്ചറിവ് ഞങ്ങൾക്ക് ലഭിച്ചു. യോഗ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനുള്ള തിരിച്ചറിവ് നൽകുന്ന വിധത്തിൽ പ്രൗഢവും വിശദവുമായിരുന്നു പരിശീലനം

## ഗണിത ക്ലബ്ബ് ഉദ്ഘാടനം


മനുഷ്യരേയും പ്രകൃതി യേയും പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളേയു മൊക്കെ മനസ്സിലാക്കാനും അടുത്തറിയാനുമുള്ള ശ്രമങ്ങളും പരിശ്രമവും ആണ് ഓരോ യാത്രകളും. TTKM TTI 202224 അധ്യയനവർഷത്തിന്റെ ഭാഗമായി 02/01/23 കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തികൊണ്ട് പഠന യാത്ര നടത്തി. പാലക്കാട് ജില്ലയിലെ കലാ മണ്ഡലം ആയിരുന്നു പ്രധാനസ്ഥലം. കല ഒരു മനുഷ്യനിൽ എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ടെന്ന് കലാ മണ്ഡലം സന്ദർശനത്തിലൂടെ മനസിലാക്കാൻ സാധിച്ചു. ഇന്ന് ലോകകലകളിൽ തന്നെ അറിയപ്പെടുന്ന ഒരു വിഭാഗം കലയാണ് തോൽപാവകൂത്ത് ഇതിന് ജനശ്രദ്ധ നേടികൊടുത്ത ലോകപ്രശ്തനായ പത്മശ്രീ രാമചന്ദ്ര പുലവർനെ കാണാനും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ തോൽപാവകൂത്ത് കാണാനും സാധിച്ചു. വിദ്യാർത്ഥികൾക്കെല്ലാവർക്കും ഒരു വേറിട്ട അനുഭവമായിരുന്നു. യാത്രയുടെ അവസാനഭാഗമായി വരിക്കാശ്ശേരി മനയും മലമ്പുഴ ഡാം എന്നിവ സന്ദർശിച്ചു. പാഠഭാഗവുമായി ബന്ധപ്പെട്ട് അറിവുകൾ നേടാനും വിദ്യാർഥി ആധ്യാപക ബന്ധം ശക്തിപ്പെടുത്താനും ഈ യാത്രകൊണ്ട് സാധ്യമായി.



## വനം വന്യജീവി മഹോത്സവം ക്വിസ്മത്സരം 2–ാം സ്ഥാനം നേടിയവർ



അഭിജിത്ത്



ഹബീബ

## Fresher's Party















# ദിനാചരണങ്ങളിലൂടെ...



## പരിസ്ഥിതി ദിനം

സന്തോഷത്തിന്റെ ആദ്യ വ്യവസ്ഥകളിൽ ഒന്നാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തകർക്കരുത് എന്നത്-ലിയോ ടോൾസ്റ്റോയ് അതിജീവനത്തിന്റെ പച്ചപ്പ് തേടി മണ്ണിലിറങ്ങാം പച്ച വിരിക്കാം നാളേക്കൊരു തണലാകാം.. സന്തോഷത്തിന്റെ കാവലാളാകാം. ഈ പരിസ്ഥിതി ദിനത്തിൽ

(ഹരിത എഴുതിയത് മോഷ്ടിച്ചിട്ടുണ്ട് )

## അറിവിന്റെ വെളിച്ചമേകുന്നവർക്ക് ആദരം





ഈ വർഷത്തെ അധ്യാപക ദിനത്തിൽ ദേശീയ അവാർഡ് ജേതാവും തൊട്ടടുത്ത വിദ്യാലയത്തിലെ അധ്യാപകനുമായ രഘു മാഷിനെ പൊന്നാട അണിയിച്ചു ടി.ടി. കെ.എം. ഐ.ടി.ഇ.

## ഈദ് ആഘോഷം




**തെക്കെകുളമ്പ:** TTKM ITE ജൂൺ 27 ചൊവ്വാഴ്ച ഈദ് ആഘോഷം നടന്നു. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് വിവിധതരം പരിപാടികൾ സംഘടിപ്പിച്ചു. പരിപാടിക് ഉദ്ഘാടനം കർമം അസീസ്സാർ നിർവഹിച്ചു. ശേഷം മെഹന്ദി മത്സരം, മാപ്പിളപാട്ട്, ഒപ്പന എന്നിവ നടന്നു

## Anti Drug Day




## പാർലമെന്റ് ഇലക്ഷൻ







## ഹിരോഷിമ ദിനം




'സമാധാനത്തിന്റെ സഡാക്കോ പക്ഷികൾ വിൺമാറിൽ ചിറകു വിരിക്കട്ടെ'

ലോകത്താകമാനം അശാന്തി സൃഷ്ടിച്ച് പരക്കോടി മനുഷ്യരുടെ രക്തമൊഴുക്കിയ യുദ്ധങ്ങളുടെ ചിത്രങ്ങൾ ഓർമപ്പെടുത്തി ഹിരോഷിമയും നാഗസാക്കിയും ആചരിച്ചു

## English Club Inuaguration





## ബഷീർ ദിനം



മതിലുകൾക്കപ്പുറം നിന്നിരുന്ന മലയാളത്തിനു പ്രേമലേഖനം നൽകി കൂടെ കൂട്ടിയ ബേപ്പൂർ സുൽത്താനെ ഓർമിച്ചു കൊണ്ട് ഒരു ബഷീർ ദിനം കൂടെ...

## Population Day




## ഗാന്ധി ജയന്തി




സത്യത്തിനും അഹിംസയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മഹാനായ ആ മനുഷ്യസ്നേഹിയെ ആദര പൂർവം സ്മരിച്ചു കൊണ്ട് ഗാന്ധി ജയന്തി ആഘോഷിച്ചു

**സ്മരിക്കാം ഗാന്ധിയെ...**

**നമിക്കാം രാഷ്ട്രപിതാവിനെ...**














# PHOTO GALLERY








ഡി എൽ എ ഡ് 2023-25 ബാച്ച്
വിദ്യാർത്ഥികൾക്കുള്ള ദ്വിദിന പ്രവേശക പരിപാടി
ഒരുക്കം
2023 സെപ്തംബർ
25 26
TTKM കൂട്ടായ്മയിലേയ്ക്ക്
നവാഗതരായ എല്ലാ അധ്യാപക
വിദ്യാർത്ഥി സുഹൃത്തുക്കൾക്കും
സ്വാഗതം
TTKM ITE തെക്കേ കുളമ്പ്


















TTKM ITE THEKKEKULAMBA
SECRETARY GENERAL
CLERK




















INSTITUTION OF TEACHER EDUCATION
TTKM ITE
MODEL PARLIAMENT 2023-24
FORUM FOR DEMOCRACY AND SOCIAL JUSTICE
T.T.K.M.ITE KOTTAKKAL, PARAPPUR
In Association with
Institute of Parliamentary Affairs, Govt.of Kerala
Closing
Ceremony
2024 January 20
Saturday 12.00PM
Inauguration by
Sri P.K KUNHALIKKUTTY (HONORABLE MP, MALAPPURAM)








TTKM ITE
ഡോക്യുമെന്ററി പ്രകാശനം
'ഇന്നലെകളുടെ
കയ്യൊപ്പ്'
സ്വാതന്ത്ര്യപ്പോരിന്റെ പറപ്പൂരകം...
ഉദ്ഘാടനം &
പ്രകാശനം:
ബഹു. പഞ്ചായത്ത് പ്രസിഡന്റ്
ശ്രീമതി.സലീമ.വി
TUESDAY
15/08/2023
TIME
9:30 am
ആശംസകൾ:
വാർഡ് മെമ്പർ
ശ്രീമതി.ആബിദ.ടി
ടി.ടി.കെ.എം മാനേജർ
ശ്രീ.ഇർഫാൻ.ടിടി








INSTITUTION OF ★ TEACHER EDUCATION
TTKM ITE
K-TET HOLDERS-2024
TTKM ITE THEKKEKULAMBA
Raifana
Shifna
Anusha
Jaseel
Shabeeb
Febna
Gayathri
Saranya
Jishnu
Aneesha
Sumayya
Shahma jebin
Shahida
Abhijith
Shahana
Shabeela
Maharin
Lubana
Sana
Fahima Farsana
Rifa
Mufeeda K
Sreelakshmi
Sanila
Sini
Shahna
Farhan
Salma
Mufeeda E.K
Raheeba
Safna
Shamil azad T.P
Haritha
Sithara
Najeed
Rishana
Adith
Nayana
Nasiha
Nafila
Jyothish
Jamsheena
Muhsina
Sareena
Hiba Thasneem
Neethu Mohan
Athulya
Agney
Milfath
Anjitha
Adarsh
Shareef
Anupama
Najmudheen
Hariprasad
Shameem
Aasha ramesh
Aswin
Sithara
Jeevan prakash
Gopika
Congratulations!
STAFF & MANAGEMENT


TTKM ITE
THEKKEKULAMB
Convocation Ceremony
2024 MARCH 11 MONDAY 11:00 AM @AUDITORIUM
INAUGURATION
Mannil thodi Benseera teacher
Venghara block panchayath president
KEYNOTE ADRESS
Alankode Leelakrishnan
Writer, poet, orator, film writer, social activist and lyricist
PRESIDENTIAL ADRESS
EK Saidubin
vice President, parappur grama panchayath
GRADUATION
Dr.Anilkumar ak
research officer, SCERT Kerala
GREETING SPEECH
Nasar parappur
member, vengara block panchayath
GRADUATION
Nisha pandavoor
Senior lecture, Malappuram Diet
We Are Invited You!





TTKM ITE
THEKKEKULAMBA
61
KTET HOLDERS
Congratulations


TTKM ITE
THEKKEKULAMBA
ചില്ല
സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ്
20224 ഏപ്രിൽ 17 - 21
തിരുനാവായ - വാര്യർ ഫൗണ്ടേഷൻ
നിള കളാരവം
സെമസ്റ്റർ - 2
നിളയോരം
സെമസ്റ്റർ - 4
Revive & Relive
2024 ഏപ്രിൽ 21


afthaburahman_pp
മലയാള
നാട് പിറന്ന ദിനം










Vixen
Vixen
Vixen


TTKM ITE THEKKEKULAMBA
നവ കേരളീയം
പരിപാടികൾ...
സംഘഗാനം
പ്രസംഗം
തിരുവാതിര
നാടൻ പാട്ട്
സംഘഗാനം
മോഹിനിയാട്ടം
മാർഗം കളി
വില്ലടിച്ചാൽ പാട്ട്
സ്കിറ്റ്
വട്ട പാട്ട്
അദ്ധ്യാപകരുടെ മലയാളിമങ്ക
കാര്യ പരിപാടി
അദ്ധ്യക്ഷൻ:
ജിജിൽ
(യൂണിയൻ ചെയർമാൻ)
സ്വാഗതം:
നജ്മ ടീച്ചർ
(SRG കൺവീനർ)
ഉദ്ഘാടനം:
ഇർഫാൻ
(മാനേജർ)
മുഖ്യപ്രഭാഷണം:
അസീസ് സാർ
(എന്റെ കേരളം ഇന്നലെകളിലൂടെ)
സന്ദേശം:
പ്രമീള ടീച്ചർ
(പ്രിൻസിപ്പാൾ)
നന്ദി:
ഷമീമ ടീച്ചർ
ഏവർക്കും
കേരളപ്പിറവി
ആശംസകൾ


TO WAR
2K24
ATHLOS
ANNUAL ATHLETIC MEET
TTKM ITE


ടി ടി കെ എം ഐ ടി ഇ തെക്കേ കുളമ്പ്
മലയാളം ക്ലബ്ബ് അവതരിപ്പിക്കുന്ന
ചിലമ്പൊലി
നാടൻ പാട്ട് കളരി
-രതീഷ് തിരുവരങ്കൻ പാലക്കാട്-
29 SEPTEMBER 2023
10 AM TO 4 PM
@ TTI AUDITORIUM


TTKM ITE
THEKKEKULAMBA
മലയോളം
FIELD TRIP
2024
MARCH
01
FRIDAY
PALAKKAD


Revive
& Relive
ആർട്ട് കലേസി
TTKM ITE
THEKKEKULAMBA
APRIL 21

# കുത്തിവരകൾ


ഹഫ്സത്ത്

ഫെബിന

അഖില പി





# നന്ദി!

അതെ!
അവർ പരിധിക്ക് പുറത്താണ്.
ജനാധിപത്യമൂല്യങ്ങളും
നിയമവ്യവസ്ഥകളും
തങ്ങൾക്കനുകൂലമാക്കി
പാവപ്പെട്ടവന്റെ ഭിക്ഷചട്ടിയിൽ
കയ്യിട്ട് വാരുന്ന, അന്യന്റെ
അവകാശങ്ങളെ തട്ടിയെടുത്ത് സ്വന്തം
പോക്കറ്റ് വീർപ്പിക്കുന്ന ഒരുപറ്റം
അധികാരമോഹികൾ വരച്ചിട്ട
വലയത്തിന് പുറത്ത്.............
നേടിക്കൊടുക്കണം,
അവഗണയനയാൽ വിലങ്ങിട്ട
ഈ ജന്മങ്ങളിൽ വിദൂരമാക്കപ്പെട്ട
ജീവിതപ്രതീക്ഷകൾ..,
അതിലേക്കൊരു വഴിതിരിവാവട്ടെ
ഇതിലെ ഓരോ ഏടുകളും.
ചെയ്തതത്രയും അപൂർണമാണെന്ന
തികഞ്ഞ ബോധ്യമുണ്ട്.
ഉള്ളുലയുന്നവന്റെ ഉള്ളം തണുപ്പിക്കാൻ
ഉള്ളുതുറന്നു പ്രവർത്തിച്ചവർക്കെല്ലാം.....
നന്ദി!

– സ്റ്റുഡന്റ് എഡിറ്റർ



# TTKM ITE

## THEKKEKULAMBA

Thekkekulamba, Parappur
Parappur Po, Pin:676503
Malappuram - Kerala

---

Njan Parithikku Purathanu - 2023-24 Magazine